# കരയോഗ സൗഹൃദം

സത്യം പരം ധീമഹീ Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം Pages - 52

വാല്യം - 17 ലക്കം - 10 കന്നി - 1201 ഒക്ടോബർ - 2025



# ERNAKULAM KARAYOGAM

# Centenary Celebrations

2025 ഒക്ടോബർ 24 – വെള്ളി

## അനുഷ്ഠാനകലകൾ

രാവിലെ 10.00 മുതൽ

## പഞ്ചുരുളി കാസർഗോഡ്

പ്രിയേഷ് പണിക്കരും സംഘവും, വെള്ളൂർ പയ്യന്നൂർ



പഞ്ചുരുളി തെയ്യത്തിന്റെ വിവിധ ഭാവങ്ങൾ

വരാഹി സങ്കൽപത്തിലുള്ള തെയ്യമാണ് പഞ്ചുരുളി. ശുംഭാസുരനെയും നിശുംഭാസുരനെയും നിഗ്രഹിക്കാൻ ദേവി അവതാരമെടുത്തപ്പോൾ സഹായത്തിനായി മഹേശ്വരന്റെ ഹോമകുണ്ഡത്തിൽ നിന്ന് ഉയർന്നു വന്ന ഏഴു ദേവിമാരിൽ പ്രധാനിയാണ് വരാഹി രൂപത്തിലുള്ള പഞ്ചുരുളി, പഞ്ചിയുരുകാളിയാണ് എന്നതാണ് ഐതിഹ്യവും വിശ്വാസവും. ദുഷ്ടന്മാരെ നിഗ്രഹിച്ച് ഭൂമിയിൽ ഐശ്വര്യം വിതയക്കാൻ അവതരിച്ച കാളി സങ്കല്പമാണ് മലബാറിലെ ഈ തെയ്യത്തിനുള്ളത്.

ശാന്തതയും രൗദ്രഭാവവും ഒരേ പോലെ പ്രകടിപ്പിക്കുന്ന മൂർത്തിയായയാണ് പഞ്ചുരുളി തെയ്യം അനുഷ്ഠാന പൂർവ്വം അവതരിപ്പിക്കുന്നത് . ശാന്തരൂപത്തിൽ നൃത്തം തുടങ്ങി രൗദ്രഭാവം കൈക്കൊള്ളുകയാണ് ചെയ്യുക. നൃത്തത്തിന്റെ മൂർദ്ധന്യത്തിൽ ഭക്തരുടെ നേർക്ക് ഓടി വരുകയും തുടർന്ന് ശാന്തമായി അനുഗ്രഹം കൊടുക്കുകയും ചെയ്യും. വടക്കൻ കേരളത്തിലെ അനുഷ്ഠാനകലകളിൽ ഏറ്റവും പ്രാചീനമായ അനുഭവം ഈ പഞ്ചുരുളി തെയ്യത്തിലൂടെ നമുക്ക് അറിയാനാവും.

**October month programme**

2025 ഒക്ടോബർ 25 ശനി – 26 ഞായർ





## അനുഷ്ഠാനകലകൾ

രാവിലെ 10.00 മുതൽ

### മുത്തപ്പൻ തിരുവപ്പന വെള്ളാട്ടം
### സന്ധ്യ വെള്ളാട്ടം തിരുവപ്പന, കുടി വെള്ളാട്ടം

ശിവ വിഷ്ണു ചൈതന്യങ്ങളായ മുത്തപ്പ ദേവൻമാർ ഈ കലിയുഗത്തിൽ പ്രാർത്ഥിക്കുന്ന ഭക്തന്മാർക്ക് അതിശീഘ്രം അഭീഷ്ട ഫലസിദ്ധി നൽകുന്നു. കോലധാരികൾ വരവ് വിളിയും മൂലമന്ത്രവും ചൊല്ലി മുത്തപ്പദേവൻമാരെ വിളിച്ചു വരുത്തി കോലരൂപത്തിൽ ഭക്തന്മാർക്ക് പ്രത്യക്ഷ ദർശനമായി അനുഗ്രഹം ചൊരിയുന്ന കർമ്മമാണ് തിരുവപ്പന വെള്ളാട്ട മഹോത്സവം, മലയിറക്കൽ കർമ്മം മുതൽ മല കയറ്റൽ കർമ്മം വരെയുള്ള മുത്തപ്പദേവന്മാരുടെ ചടങ്ങുകളിൽ പങ്കെടുത്ത് മുത്തപ്പദേവന്മാരെ നേരിൽ ദർശിച്ച് അനുഗ്രഹം വാങ്ങി കലിദോഷത്തിൽ നിന്നും മുക്തി നേടാനുള്ള ഈ മഹോത്സവത്തിൽ പങ്കെടുക്കുവാൻ ഭക്തജനങ്ങളെ സാദരം ക്ഷണിച്ചു കൊള്ളുന്നു



എഡിറ്റോറിയൽ...

# ജി. എസ്. ടി. പരിഷ്കരണം

ഈ വർഷത്തെ നവരാത്രി മഹോത്സവത്തിന്റെ ആദ്യദിനം ജനങ്ങൾക്ക് എല്ലാവിധത്തിലും പ്രയോജനപ്രദമായ G.S.T പരിഷ്കരണം നടപ്പിൽ വരുത്തിക്കൊണ്ടാണ് പുലർന്നത്. താഴേക്കിടയിലുള്ളവർക്കും, ഇടത്തരക്കാർക്കും, വനിതകൾക്കും, വ്യാപാരി വ്യവസായികൾക്കുമെല്ലാം ഏറെ ആശ്വാസം പകരുന്ന രീതിയിലാണ് G.S.T യെ ഉടച്ചുവാർത്തിരിക്കുന്നത്. എന്ന് മാത്രവുമല്ല ഇത് രാജ്യത്തിന്റെ വികസനത്തിന് ഏറെ ശക്തി പകരുന്നതാണെന്നുമാണ്. ബഹു. നമ്മുടെ പ്രധാനമന്ത്രി പറഞ്ഞിരിക്കുന്നത്. ഈ പരിഷ്കരണം മൂലം ഇതുവരെ നിലവിലുണ്ടായിരുന്ന നികുതി ഭാരത്തിൽ നിന്നും ജനങ്ങൾക്ക് ഒട്ടേറെ ആശ്വാസം ലഭിക്കും.

'ഒരു രാജ്യം ഒരു നികുതി' എന്ന വിശാല കാഴ്ചപ്പാടോടെ നടപ്പാക്കിയതായിരുന്നു G.S.T. കാലങ്ങളായി നമ്മൾ വാറ്റ്, എക്സൈസ്, വില്പനനികുതി, പ്രവേശന നികുതി, സേവന നികുതി തുടങ്ങി ഒട്ടേറെ നികുതികളിൽപ്പെട്ടുഴലുകയായിരുന്നു. ജനങ്ങളേയും, വ്യാപാരികളേയും വളരെയേറെ ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്ന ഈ ബഹുമുഖ നികുതി സമ്പ്രദായം മാറ്റി പകരം G.S.T എന്ന നികുതി സമ്പ്രദായം ഏർപ്പെടുത്തുകയായിരുന്നു. മുമ്പ് G.S.T യിൽ 5%, 12%, 18%, 28% എന്നിങ്ങനെ നാല് സ്ലാബുകളാണ് ഉണ്ടായിരുന്നത്. ഈ നാലു സ്ലാബുകൾക്ക് പകരം 5%, 18% എന്ന രണ്ടു സ്ലാബുകളാക്കി പുതുക്കി നിശ്ചയിച്ചിരിക്കുകയാണിപ്പോൾ. ജനങ്ങൾ സാധാരണയായി ഉപ

വാല്യം 17 ✣ ലക്കം – 10 ✣ ഒക്ടോബർ – 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 08 |
| വാസ്തു ശാസ്ത്രം | 09 |
| സുഭാഷിതം | 11 |
| ക്ഷേത്രങ്ങളിലൂടെ | 12 |
| നമഃശിവായ | 15 |
| അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും .......................... | 18 |
| ദൃഗ് ദൃശ്യ വിവേകം | 22 |
| അപാല | 25 |
| കൂടിയാട്ടം | 28 |
| സോപാന സംഗീതം | 32 |
| സഞ്ജയൻ എന്ന സാരഥി | 35 |
| പഴയ വിശ്വാസങ്ങൾ | 40 |
| യാത്രാവിവരണം | 44 |
| കരൾ | 46 |
| മാസഫലം | 49 |
| മാട്രിമോണിയൽ. | 50 |



## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

യോഗിക്കുന്ന മിക്ക വസ്തുക്കളും ആദ്യത്തെ സ്ലാബിൽ അതായത് 5% നിരക്കിൽ തന്നെയാണ് വരുന്നത്. അതുകൊണ്ടുതന്നെ എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വില ഗണ്യമായ തോതിൽ കുറയും. നിത്യോപയോഗ സാധനങ്ങളുടെ മാത്രമല്ല മനുഷ്യജീവിതത്തിൽ ആവശ്യമായി വരുന്ന മിക്കവാറും എല്ലാ സാധനങ്ങളുടെയും വില കുറയും. ഉദാഹരണത്തിന് നമ്മുടെ ഏറ്റവും വലിയ ആവശ്യങ്ങളിൽ ഒന്നാണല്ലോ സ്വന്തമായി ഒരു വാസസ്ഥലം എന്നുള്ളത്. G.S.T യിൽ ഇപ്പോൾ വരുത്തിയിരിക്കുന്ന കുറവ് മൂലം, സിമിന്റ്, കമ്പി, തറയിൽ വിരിക്കുന്ന ടൈലുകൾ, പെയിന്റ് തുടങ്ങി കെട്ടിടനിർമ്മാണസാമഗ്രികൾക്ക് വിലയിൽ നല്ലതോതിൽ കുറവുണ്ടാകും. അതുപോലെ താന്നെ ഇടത്തരക്കാരുടെ വീടുകളിൽ ഒരു കാറ് എന്നുള്ളത് ഇന്ന് ആഡംബരമല്ല; ഒരു ആവശ്യമാണ്. മിക്കവാറും എല്ലാ കാറുകളുടെയും വിലയിൽ സാരമായ കുറവ് ഉണ്ടാകും. മെഡിക്കൽ ഇൻഷ്വറൻസിന്റെ കാര്യത്തിൽ നികുതി പൂർണ്ണമായും എടുത്തു കളഞ്ഞു എന്നുള്ളത് ഏറെ ആശ്വസകരമാണ്. ഈ മേഖലയെ പരിപൂർണ്ണമായും നികുതി വിമുക്തമാക്കുമെന്ന് സത്യത്തിൽ ആരും കരുതിയില്ല. മരുന്നിന്റെ കാര്യത്തിലും ഇതുപോലെ രോഗികൾക്ക് സഹായകമാകും വിധം നികുതി കുറച്ചിട്ടുണ്ട്. 33 തരം ജീവൻ രക്ഷാമരുന്നുകളെ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴുവാക്കിയിട്ടുണ്ട്. ബാക്കി എല്ലാവിധ മരുന്നുകൾക്കും നികുതി 12 ശതമാനത്തിൽ നിന്നും 5 ശതമാനമാക്കിയിട്ടുണ്ട്. അതുപോലെ തന്നെ മെഡിക്കൽ ഉപകരണങ്ങൾ, സാനിറ്ററിനാക്പ്പിൻ, ഗ്ലുക്കോമീറ്റർ തുടങ്ങിയ അത്യാവശ്യ ഉപകരണങ്ങളുടെയും നികുതി 5% ആയി കുറച്ചിട്ടുണ്ട്.

രാജ്യത്തിന്റെ നട്ടെല്ലായ കർഷകരുടെ കാര്യത്തിലും ഗണ്യമായ പരിഗണനയാണ് സർക്കാർ നൽകിയിരിക്കുന്നത്. കർഷകർക്ക് അത്യാവശ്യമുള്ള വളം, കീടനാശിനി, ജലസേചനത്തിനുപയോഗിക്കുന്ന മോട്ടോർ, ഹോസ് തുടങ്ങിയവയ്ക്കും ട്രാക്ടർ തുടങ്ങിയ കൃഷി യന്ത്രങ്ങൾക്കുമെല്ലാം നികുതി 5% ആക്കി കുറച്ചിട്ടുണ്ട്. ചെറുകിട വാഹനങ്ങൾ മുതൽ വലിയ കണ്ടയിനർ ലോറികൾക്കുവരെ ഉണ്ടായിരുന്ന 28% നികുതി 18% ആയി കുറച്ചതിലൂടെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ലഭിച്ച ആശ്വാസം വിവരണാതീതമാണ്.

ഭക്ഷണപദാർത്ഥങ്ങളുടെ കാര്യമെടുത്താൽ ചപ്പാത്തി, പിസ്സ, ബ്രഡ് തുടങ്ങിയവയുടെ നികുതി പൂർണ്ണമായി ഒഴിവാക്കുകയും പാലുൽപ്പന്നങ്ങൾ തുടങ്ങി ബാക്കിയുള്ളവയ്ക്ക് നികുതി 5 % ആക്കി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത് മാത്രമല്ല ജീവിതത്തിന്റെ സമസ്ത മേഖലകളിലും ജനങ്ങൾക്ക് ആശ്വാസം പകരുംവിധമുള്ള സമഗ്രമായ നികുതി പരിഷ്കരണമാണ് ഇപ്പോൾ കേന്ദ്രസർക്കാർ നടപ്പാക്കിയിരിക്കുന്നത്. സാധനങ്ങളുടെ വിലക്കുറവ് ജനങ്ങളുടെ വാങ്ങുവാനുള്ള ശേഷി വർദ്ധിപ്പിക്കുകയും അതുവഴി എല്ലാ സാധനങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടിയും വരും. ഇത് ഒട്ടേറെ തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കും. വാങ്ങാനുള്ള ശേഷി വർദ്ധിക്കുമ്പോൾ താഴേക്കിടയിലുള്ളവരും, ഇടത്തരക്കാരും മാർക്കറ്റിലേക്ക് കൂടുതലായി ഇറങ്ങും. അത് വ്യാപാരിവ്യവസായികൾക്ക് ഏറെ ഗുണം ചെയ്യും. ഇങ്ങനെ നോക്കിയാൽ ഈ പരിഷ്കരണം സമസ്ത മേഖലകളെയും ഉത്തേജിപ്പിക്കുന്നതും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുവാനും അത് രാജ്യത്തിന്റെ തന്നെ യശസ്സ് ഉയരുവാനും സഹായകരമായി മാറും.

ഇവിടെ നാം ചിന്തിക്കേണ്ടതായ ഒരു കാര്യം പരോക്ഷനികുതികളോ, സർച്ചാർജ്ജുകളോ, ഒന്നും വർദ്ധിപ്പിക്കാതെയാണ് സർക്കാർ G.S.Tയിൽ ഇത്രയും കുറവ് വരുത്തിയിരിക്കുന്നത് എന്നുള്ളതാണ്. എന്നാൽ നാം ശ്രദ്ധിക്കേണ്ടതായ ഒരു കാര്യമുണ്ട് ബഹു. പ്രധാന മന്ത്രി പറഞ്ഞത് പോലെ രാജ്യം വളരണമെങ്കിൽ, ഉയരണമെങ്കിൽ നാം സ്വദേശി ഉൽപ്പന്നങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കണം. ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നങ്ങളോടുള്ള പ്രതിപത്തി കുറയ്ക്കണം. നമ്മുടെ ആവശ്യങ്ങൾക്കുള്ള സാധനങ്ങളെല്ലാം നാം തന്നെ നിർമ്മിക്കണം. ന മ്മുടെ വീടുകളിലും, കടകളിലുമെല്ലാം സ്വദേശി ഉൽപ്പന്നങ്ങൾ കൊണ്ട് നിറയ്ക്കണം.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

പി. രാമചന്ദ്രൻ (വേണു)

**പ്രിയ കരയോഗാംഗങ്ങളെ,**

എറണാകുളം കരയോഗത്തിന്റെ ശതാബ്ദി വർഷമായ ഇക്കൊല്ലത്തെ നവരാത്രി ആഘോഷങ്ങൾ മുൻവർഷങ്ങളിലെ പതിവ് പരിപാടികൾക്ക് പകരം പുറമേനിന്നുള്ള വലിയ കലാകാരന്മാരെയും കലാകാരികളേയും പങ്കെടുപ്പിച്ചുകൊണ്ട്, ഗംഭീരമാക്കണമെന്ന് തീരുമാനമെടുക്കുകയും അതനുസരിച്ച് പുറമേ നിന്നുള്ള അറിയപ്പെടുന്ന ആർട്ടിസ്റ്റുകളെ കൊണ്ടുവന്ന് എക്കാലത്തെക്കാളും മികച്ച രീതിയിൽ പരിപാടികൾ അവതരിപ്പിക്കുവാൻ കഴിഞ്ഞു എന്നുള്ള സന്തോഷവാർത്ത ആദ്യമേ അറിയിക്കട്ടേ. ഞങ്ങൾക്കതിൽ തികഞ്ഞ ചാരിതാർത്ഥ്യവുമുണ്ട്. ഇതു പറയുമ്പോൾ മറ്റൊന്നുകൂടി പറയാതിരിക്കുവാൻ നിർവാഹമില്ല. ഒരു നൂറ്റാണ്ടിന്റെ പാരമ്പര്യമുള്ള ഈ കരയോഗം സേവനപ്രവർത്തനങ്ങളിൽ മാത്രമല്ല മുന്നിട്ട് നില്ക്കുന്നത്, കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിലും അദ്വിതിയമായ മികവാണ് വെച്ചു പുലർത്തുന്നത്. ഓർക്കുക, ഇക്കാലമത്രെയും എറണാകുളം കരയോഗം നവരാത്രി ആഘോഷങ്ങളും മറ്റ് ആദ്ധ്യാത്മിക കലാസാംസ്ക്കാരിക പ്രവർത്തനങ്ങളും ഭംഗിയായി, യാതൊരു വിധ മുടക്കവും കൂടാതെയാണ് നടത്തിപ്പോന്നത്. ഇന്നും അതിന് യാതൊരുവിധമായ കുറവും വന്നിട്ടില്ല. മറിച്ച് പരിപാടികളുടെ എണ്ണത്തിലും മേന്മയിലും ഏറെ വർദ്ധനവ് ഉണ്ടായിട്ടുണ്ട് എന്നുള്ളത് തർക്കമറ്റ വസ്തുതയാണ്.

മുൻപൊക്കെ ടി. ഡി. എം. ഹാളിൽ നടക്കുന്ന പരിപാടികൾ കാണാൻ വലിയ തിക്കും തിരക്കുമായിരുന്നു. തിരക്ക് നിയന്ത്രിക്കുന്നതിന് വേണ്ടി പാസ്സും, ടോക്കണും ഒക്കെ കൊടുക്കേണ്ടി വന്നിട്ടുണ്ട്. എന്നാൽ ഇന്ന് ഭാരിച്ച ചിലവുകളുള്ള മികച്ച പരിപാടികൾ നടത്തിയിട്ടും പ്രേക്ഷകരുടെ സാന്നിദ്ധ്യം വളരെ കുറവാണ്. ഇത് പരിപാടികൾ അവതരിപ്പിക്കുന്ന കലാകാരന്മാരെയും കലാകാരികളേയും ഇതിന്റെ സംഘാടകരേയും വല്ലാതെ നിരാശരാക്കുന്നുണ്ട്. എറണാകുളം കരയോഗത്തിന്റെ ഭരണസമിതി ഓരോ വർഷവും കൂടുതൽ കൂടുതൽ മേന്മയോടു കൂടി പരിപാടികളും പദ്ധതികളും ആവിഷ്ക്കരിക്കുകയും അവ ടി. ഡി. എം.ഹാളിൽ അവതരിപ്പിക്കുകയും ചെയ്യുമ്പോൾ നിങ്ങളിൽ നിന്നുണ്ടാകുന്ന ഈ നിസ്സംഗമായ അസാന്നിദ്ധ്യം പലപ്പോഴും മനസ്സ് മടുപ്പിക്കുന്നുണ്ട് എന്നത് വ്യസനസമേതം ഇവിടെ കുറിക്കട്ടെ.

ഇനി വളരെ പ്രധാനപ്പെട്ട ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. നമ്മുടെ ശതാബ്ദി അടുത്തെത്തിയിരിക്കുന്നതു കൊണ്ട്, ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ നാം നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള പരിപാടികൾ ഭാരിച്ച ചിലവുള്ളതും അതിപ്രശസ്തരായ ആളുകളെ പങ്കെടുപ്പിച്ചുകൊണ്ടുമുള്ളതാണ്. ഈ പരിപാടികളൊക്കെ നടത്തുന്നത് ക്ഷണിക്കപ്പെട്ട മഹത്വ്യക്തികളുടെ സാന്നിദ്ധ്യത്തിലാണ് താനും. അവരുടെ ഒക്കെ മുമ്പിൽ നമ്മുടെ അഭിമാനവും അന്തസ്സും ഉയർത്തിപ്പിടിക്കേണ്ടതുണ്ട്. ആയതുകൊണ്ട് മേൽ സൂചിപ്പിച്ച വിഷയങ്ങൾ എറണാകുളം കരയോഗത്തിലെ ഓരോ അംഗങ്ങളും കാര്യ ഗൗവരത്തോടുകൂടി കാണണമെന്നും നമ്മുടെ പരിപാടികൾ വിജയിപ്പിക്കേണ്ടത് നാം മാത്രമാണെന്ന ഉത്തമ ബോധ്യം ഉൾക്കൊണ്ട് കഴിയുന്നത്ര പരിപാ

ടികളിൽ അംഗങ്ങൾ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒക്ടോബർ 24, 25, 26 തീയതികളിൽ അനുഷ്ഠാന കലകൾ ആണ് നടത്തുന്നത്. നവംബർ, ഡിസംബർ മാസത്തെ പരിപാടികൾ പിന്നീട് അറിയിക്കുന്നതാണ്.

2025ലെ നവരാത്രി ആഘോഷത്തോടനുബന്ധിച്ച് നടന്ന വിവിധ മത്സരങ്ങളിൽ പങ്കെടുത്ത കുട്ടികളോടും, വിധികർത്താക്കളോടും ആഘോഷത്തോടനുബന്ധിച്ച് നടത്തപ്പെട്ട പരിപാടികളിൽ പങ്കെടുത്ത എല്ലാ കലാകാരന്മാരോടുമുള്ള നന്ദി പ്രത്യേകം പ്രത്യേകം രേഖപ്പെടുത്തുന്നു. മത്സരങ്ങളിൽ വിജയികളായവർക്ക് എറണാകുളം കരയോഗത്തിൻെറ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ.

എറണാകുളം കരയോഗം സാംസ്കാരിക വേദിയുടെ ആഭിമുഖ്യത്തിൽ ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച വൈകിട്ട് 4 മണിക്ക് **അകായിലെ സംഗീതം** മലയാളചലച്ചിത്ര സംഗീത സംവിധായൻ ശ്രീ. ശ്യാമിന്റെ ഗാനങ്ങൾ ടി. ഡി. എം. ഹാളിൽ ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗവും **ബീമും** സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപടിയിൽ ഒക്ടോബർ 28-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 6.30-ന് പ്രശസ്ത സിനിമ/ടി.വി താരവുമായ അപ്പു ജോസും സംഘവും അവതരിപ്പിക്കുന്ന - **സംഗീത ഹാസ്യ സന്ധ്യ**

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

**ജനറൽ സെക്രട്ടറി**

---

**എറണാകുളം കരയോഗം**
**ടി. ഡി. എം ഹാളിൽ നടത്തുന്ന പ്രതിമാസ**
**കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ**




**2025 ഒക്ടോബർ 10 മുതൽ നവംബർ 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 11-10-2025<br>18-10-2025<br>25-10-2025<br>01-11-2025<br>08-11-2025 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 am - 12.00 pm |
| 2. | 13-10-2025<br>10-11-2025 | തിങ്കൾ | വിമൻസ് ഫോറം | 3.00 pm - 5.00 pm |
| 3. | 15-10-2025<br>22-10-2025<br>29-10-2025<br>05-11-2025 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല. പി. പി | 3.00 pm - 4.30 pm |
| 4. | 16-10-2025<br>23-10-2025<br>30-10-2025<br>06-11-2025 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 pm - 6.00 pm |
| 5. | 19-10-2025<br>02-11-2025 | ഞായർ | വേദപഠന കളരി | 10.30 am |
| 6. | 19-10-2025 | ഞായർ | എറണാകുളം കരയോഗം സാംസ്കാരികവേദി **അകായിലെ സംഗീതം** മലയാള ചലച്ചിത്ര സംഗീത സംവിധായൻ ശ്രീ. ശ്യാമിന്റെ ഗാനങ്ങൾ | 4.00 pm |
| 7. | 28-10-2025 | ചൊവ്വ | **ബീം** - പ്രശസ്ത സിനിമ/ടി.വി താരമായ അപ്പു ജോസും സംഘവും അവതരിപ്പിക്കുന്ന - സംഗീത ഹാസ്യ സന്ധ്യ | 6.30 pm |

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

**അംഗത്വത്തിനുള്ള അപേക്ഷാഫാറം**
**കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്**

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നിലനിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നൽകി അംഗത്വം നല്കിവരുന്നു.

29-06-2025-ൽ കൂടിയ പൊതുയോഗം ശതാബ്ദിയോടനുബന്ധിച്ച് എറണാകുളം കരയോഗം അംഗങ്ങളായിരുന്നവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ കരയോഗത്തിന്റെ നിയമാവലിക്ക് വിരുദ്ധമാകാതെ, 25000 രൂപ എന്ന അംഗത്വഫീസിൽ നിന്ന് 10000 രൂപ കുറച്ച്, 15000 രൂപയ്ക്ക് അംഗത്വം നൽകുവാൻ പൊതുയോഗം തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

**(കുടുംബം എന്ന് വിവക്ഷിക്കുന്നത് അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ എന്നിവരാണ്)**

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✷ ✷ ✷

## എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

Open this link to join my WhatsApp Group:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

**എറണാകുളം കരയോഗം**



# ബാലലോകം



പറവൂർ രാജഗോപാൽ – 9847291483

## ഹൃദയ പൂർവ്വം....

**പ്രിയപ്പെട്ടവരെ,**

ചെറിയവരെയും വലിയവരെയും ഒക്കെ പരിഗണിച്ചുള്ള ഒരു വല്ലാത്ത യാത്രയുടെ പേരാണ് ജീവിതം. ആരാരെക്കാൾ വലുത്, ആരാരെക്കാൾ ചെറുത്? ചെറിയതിര വലിയതിരയോട്  സങ്കടം പറയുന്നു–

'നീ എന്തു വലിയ തിരയാണ്!'  അപ്പോൾ വലിയതിര പറയുന്നു. 'ചെറിയതിരയും  വലിയതിരയും എന്നൊന്നില്ല. എല്ലാം ജലം തന്നെയാണ്. ഇത്തിരിക്കാലത്തേക്ക് നമ്മൾ സ്വീകരിച്ച വ്യതിയാനങ്ങൾ മാത്രമാണ് ഈ കാണുന്നതത്രയും'.

ചതുരംഗ കളിയിൽ മുഴുവൻ കാലാളും രാജാവിന് വേണ്ടിയാണ്. കളിക്കുശേഷം കാലാളും രാജാവുമെല്ലാം ഒരേ ചെപ്പിൽ! എല്ലാം കൂടി വാരിപെറുക്കി ഒരൊറ്റ ചെപ്പിൽ. അല്ലാതെ വേറെ വേറെ ചെപ്പ് നാം അതിനായി കരുതി വെയ്ക്കുന്നില്ല.

ലക്ഷ്യമുണ്ടെങ്കിൽ പാതകളെ നാം തിരഞ്ഞു പോകും. അങ്ങനെ ഒരു തിരഞ്ഞുപോക്കിൽ, വ്യക്തമാവുന്ന പാതയിൽ, അറിവിന്റെ നീരുറവകൾ, ആശ്വാസത്തിന്റെ വാക്കുകൾ, വക്കടർന്ന നിശ്ശബ്ദതകൾ, തീർത്തും നമ്മെ കൈയൊഴിയുന്ന കാരുണ്യമില്ലായ്മകൾ ഒക്കെ കണ്ടേക്കാം. എങ്കിലും യാത്ര തുടരുക. എന്തെന്നാൽ ഇത് വെറും യാത്രയല്ല. ജീവിതയാത്രയാണ്. ഒരേ ലക്ഷ്യം മുന്നിൽ കണ്ട് പദം വെച്ച് മുന്നോട്ടു തന്നെ ചെല്ലുക. അന്തിമ വിജയം  നിങ്ങൾക്കുള്ളതാണ്. സംശയിക്കേണ്ട!

പ്രകൃതിയാണ് മക്കളേ ഏറ്റവും നല്ല പുസ്തകം. പ്രകൃതിയെ നോക്കി കൂട്ടുകാർ പഠിക്കണം. പ്രകൃതിയിൽ നിന്ന് ഏറെ പഠിക്കാനുണ്ട്. ആഴമായ പാരസ്പര്യത്തിലാണ് മനുഷ്യജീവിതം മുക്തി പ്രാപിക്കുന്നത്.

**'മുമ്പേ ഗമിച്ചീടുന്ന ഗോവുതന്റെ –**
**പിമ്പേ ഗമിക്കും ബഹു ഗോക്കളെല്ലാം'–**

കേട്ടിട്ടില്ലേ! അതുകൊണ്ട് കൊച്ചുകൂട്ടുകാർ കരുതിയിരിക്കുക. ആരെങ്കിലും നിങ്ങളെയും അനുകരിച്ചേക്കാം. അവർക്കു വേണ്ടിയെങ്കിലും നിങ്ങൾ നന്മയുടെ വഴി തിരഞ്ഞെടുക്കുക.


'സൂര്യനെപ്പോലെ ജ്വലിക്കണമെങ്കിൽ സൂര്യനെപ്പോലെ എരിയണം' – ഇത് പറഞ്ഞത് അബ്ദുൾകലാമാണ്.

ആവശ്യം, അത്യാവശ്യം, അനാവശ്യം എന്നിവ വേർതിരിച്ചറിയാൻ നിങ്ങൾ പഠിക്കണം. മാതാപിതാക്കൾ മക്കളെ പഠിപ്പിക്കണം. വീട്ടിൽ നന്മ വളർത്തി  മക്കളിലൂടെ സമൂഹത്തിന് പകരണം 'രഹസ്യമായും പരസ്യമായും ആരെയും വിദ്വേഷിക്കാതിരിക്കുക'

ധീരരായിരിക്കുക. ഒരിടത്തും എന്റെ മക്കൾ തളർന്നു പോകരുത്. ഒരു കാര്യം ശ്രദ്ധിക്കുക– എവിടെയും നിങ്ങളെ ഇഷ്ടപ്പെടുന്ന പ്രവർത്തി ചെയ്യുക. നിങ്ങളെ പിരിയുമ്പോൾ മറ്റുള്ളവർ കണ്ണ് തുടയ്ക്കണം. രണ്ടു മണിക്കൂർ ദൈർഘ്യമുള്ള പരീക്ഷ പാസാവാൻ അല്ല നിങ്ങൾ പഠിക്കേണ്ടത്  ഒരു മനുഷ്യായുസ് മുഴുവൻ നീണ്ടു നിൽക്കുന്ന പരീക്ഷ പാസ്സാവാൻ പ്രാപ്തരാവണം നിങ്ങൾ

നല്ല ഉറക്കത്തിൽ നാം ദേഹത്തെ മറക്കുന്നു. രോഗികളെ ഉറക്കി ക്ലേശം അകറ്റുന്ന

(ശേഷം 10–ാം പേജിൽ)



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ – 9447032434

അടുത്തകാലത്ത് പോയ ഒരു വീട്ടിലെ പ്രധാന പ്രശ്നം നല്ല വരവുണ്ടെങ്കിലും കിട്ടുന്ന പൈസ മുഴുവൻ ആസ്പത്രികളിൽ കൊടുക്കേണ്ടിവരുന്നു. പലപ്പോഴും ഉറക്കക്കുറവ്, ടെൻഷൻ തുടങ്ങി മറ്റു പ്രശ്നങ്ങളുമുണ്ട്.

വീട് പരിശോധിച്ചപ്പോൾ സാമാന്യം വലുപ്പമുള്ള വീട് വലിയ പറമ്പിലാണ്. വീടിന്റെ മുഖം തെക്കോട്ടാണ്. ഗേറ്റ് നിൽക്കുന്നത് തെക്ക് കിഴക്കാണ്. വീടിന് ചുറ്റും മുറ്റം തിരിച്ചിട്ടുണ്ട്, ഏതോ അറബിക് വാസ്തുവും, ജ്യോതിഷവും നോക്കുന്ന ആൾ വന്ന് മുറ്റംതിരിച്ചു . വടക്ക് 2 മീറ്ററും, കിഴക്ക് 2 മീറ്ററും, പടിഞ്ഞാറ് 3 മീറ്ററും തെക്ക് 7.1/2 മീറ്ററും വിട്ടാണ് അതിര് കെട്ടിയിരിക്കുന്നത്. വടക്കുവശം അതിര് കിണറിന്റെ മദ്ധ്യത്തിൽ വന്നുമുട്ടുന്നു. തെക്കു പടിഞ്ഞാറെ ഭാഗം പടിഞ്ഞാറോട്ട് 7 മീറ്റർ വീതിയിൽ തള്ളി നിൽക്കുന്നു. അവിടെയാണ് കാർപോർച്ച്. വീടിന് ചുറ്റും ഒഴിഞ്ഞ സ്ഥലം തെക്കിനേക്കാൾ കൂടുതൽ വടക്കും, പടിഞ്ഞാറിനെക്കാൾ കൂടുതൽ കിഴക്കും, തെക്കുപടിഞ്ഞാറെ മൂലയും, വടക്കുകിഴക്കെ മൂലയും സ്ക്വയർ ആണെങ്കിൽ, സൂര്യൻ ഭുമിക്ക് ഏറ്റവും അടുത്തുവരുന്ന സമയമായ മകരം 1–ാം തീയതി മുതൽ 41 ദിവസം രാവിലെ 4.30 മുതൽ 6 വരെയുള്ള സൂര്യരശ്മികൾ ആ വീട്ടിൽത്തന്നെ ഉണ്ടായിരിക്കും. അതാണ് വീടിന്റെ ഐശ്വര്യം.

വീട്ടിലേക്കു കയറുന്ന ചവിട്ടുപടിയും, പ്രധാന വാതിലും തെക്കുകിഴക്കാണ്. വീടിന്റെ തെക്കുകിഴക്കുഭാഗം തെക്കോട്ട് തള്ളി നിൽക്കുന്നു. അതോടുകൂടി വീടിന്റെ തെക്കുപടിഞ്ഞാറെ മൂല മുറിഞ്ഞുപോയി. തെക്കുപടിഞ്ഞാറും, വടക്കുകിഴക്കും മുറിഞ്ഞുപോയാൽ വീട്ടിലേക്ക് വരുന്ന North East Energy ചിന്നിച്ചിതറി പോകും.

വീടിന്റെ മുറികളുടെ സ്ഥാനങ്ങളെല്ലാം നല്ലതാണ്. കിടപ്പുമുറികൾ പടിഞ്ഞാറ് തെക്കും, വടക്കും ആണ്. കിടപ്പുമുറികളിൽ കൂടി തെക്കുപടിഞ്ഞാറൻ കാറ്റ് കടന്നുപോകത്തക്ക വിധത്തിൽ ജന്നൽ വച്ചിട്ടുണ്ട്. അടുക്കള കിഴക്കുവടക്കാണ് . അടുക്കളക്ക് ഒരു ചെറിയ ജന്നൽ മാത്രം വടക്കുപടിഞ്ഞാറുണ്ട്. അടുക്കളക്ക് എപ്പോഴും കിഴക്കുവടക്കോട്ടു മാറി ജന്നൽ വേണം. അല്ലെങ്കിൽ വടക്കുവശത്ത് കിഴക്കോട്ടുമാറി ജന്നൽ വേണം. അടുക്കള വീടിന്റെ ഹൃദയമാണ്. ഉദയം കാണുന്ന അടുക്കളയാണെങ്കിൽ ആ വീടിന്റെ പകുതി പ്രശ്നങ്ങളും തീരുന്നതാണ്.


അവിടുത്തെ പ്രധാന പ്രശ്നങ്ങൾ വീട്ടിൽ താമസമായി രണ്ട് കൊല്ലമായെങ്കിലും ജന്നലുകളൊന്നും തന്നെ തുറക്കുകയോ, കർട്ടൻ മാറ്റുകയോ ചെയ്യാറില്ല. ജന്നലുകൾ തുറന്നിട്ടാൽ മാത്രം കേരളത്തിൽ തെക്കുപടിഞ്ഞാറൻ കാറ്റ് കടന്ന് പോകുന്നതും, ഉറങ്ങുന്ന മുറിയിൽ ശുദ്ധവായു കിട്ടുന്നതുമാണ്. എല്ലാ ദിവസവും വൈകിട്ട് 4.30 മുതൽ 6 വരെ കർട്ടൻ മാറ്റിയിട്ടാൽ പോക്കുവെയിൽ കിടപ്പുമുറിയിലേക്ക് വരുന്നതാണ്. ജന്നലുകൾ ഗ്ലാസ് പാളിയാണെങ്കിൽ വൈകിട്ട് കർട്ടൻ മാറ്റുമ്പോൾ ജന്നൽ തുറക്കേണ്ടതില്ല.

വീടിനു ചുറ്റുമുള്ള അതിരുകൾ വടക്കുവശം പൊളിച്ച് ചിത്രത്തിൽ കാണുന്നതുപോലെ കിണർ അകത്തുവരാൻ പാകത്തിന് പണിയണം. ചിത്രത്തിൽ A to D കുട്ടിമതിൽ വീടിന് സമാന്തരമായിട്ടായിരിക്കണം. തെ

ക്കുവശത്ത് വടക്കിനേക്കാൾ കുറച്ച് വീടിന് സമാന്തരമായി കുട്ടിമതിൽ D to E കാണുക. വീട്ടിലേക്ക് കടക്കുന്നതിനുവേണ്ടി തെക്ക് മദ്ധ്യത്തിന് കിഴക്ക് കുട്ടിമതിലിൽ വഴി ഇടാവുന്നതാണ്. ഇപ്പോൾ മഴവെള്ളം തെക്ക് റോഡിലേക്കാണ് ഒഴുകുന്നത്. എല്ലാ വെള്ളവും കിഴക്കുവശത്ത് വന്ന് എവിടേക്ക് വേണമെങ്കിലും ഒഴുകാം.

വീടിന്റെ തെക്ക് പടിഞ്ഞാറെ മൂല മുറിഞ്ഞുപോയത് ചിത്രത്തിൽ കാണുന്നതുപോലെ E, F, G, 24 cm ഉയരത്തിൽ തറകെട്ടി പകുതി ഉയരത്തിൽ മണ്ണിട്ട് ചെടികൾ വെയ്ക്കണം, ഇതിനോടൊന്നിച്ചുള്ള ചിത്രം നോക്കുക. കിണർ വീടിനകത്തായി കാർപോർച്ച് വീടിന് പുറത്തായി.

പല വീടുകളിലും വലിയ ജന്നലുകളും ഒക്കെ ഉണ്ടെങ്കിലും ഒരിക്കലും ജന്നലുകൾ തുറക്കുകയൊ, കർട്ടൻ മാറ്റുകയൊ ചെയ്യുന്നില്ല. വീട് പണിയുന്നതിന് മുമ്പേ ഓർക്കുക. ഉദയം വരുന്ന അടുക്കള, അസ്തമയം വരുന്ന കിടപ്പുമുറി, പോക്കുവെയിൽ കൊണ്ടാൽ പൊന്നാകും എന്ന് പറയുന്നതിൽ വലിയ ശാസ്ത്രവശങ്ങളുണ്ട്.




(8-ാം പേജിന്റെ തുടർച്ച...)

ചികിത്സാരീതി തന്നെ നമുക്കുണ്ട്, നമ്മുടെ വൈദ്യശാസ്ത്രത്തിൽ ഉറക്കത്തിൽ ദേഹത്തെ മറക്കുന്ന പോലെ ഉണർന്നിരിക്കുമ്പോൾ നാം മനം ഈശ്വരനിൽ വെച്ചാൽ ദേഹത്തെ മറക്കാം

തത്തമ്മ വെറുതെയിരിക്കുമ്പോഴെല്ലാം രാമ......രാമ...... എന്ന് നിർത്താതെ ജപിക്കും. എന്നാൽ പൂച്ച പിടിക്കാൻ വന്നാൽ കീയാ.... എന്ന് കരയും. എന്നാൽ ആ സമയം നാമം ജപിച്ചാൽ രക്ഷ കിട്ടുമെന്ന് തത്തമ്മയ്ക്കറിയില്ല.

ഹൃദയം കൊണ്ട് സംവേദിക്കുന്നതാണ് സത്യം. നല്ല കഥയും, കവിതയും, ചിത്രങ്ങളും, സംഗീതവുമെല്ലാം അങ്ങനെ തന്നെ. അത് മാത്രമേ നിലനിൽക്കുകയുള്ളൂ. അഥവാ അതിനു മാത്രമേ നിലനിൽപ്പുള്ളൂ.

'സ്പഷ്ടം വിഭോ നിന്റെയുപാസനത്തി
ന്നിഷ്ടം സുഖം നീ മമ നൽകിടേണം.
അഷ്ടാംഗയോഗത്തെ വഹിച്ചു ഞാൻ നിൻ-
തുഷ്ടിക്ക് സൽഭജനമായ് ഭവിക്കാം'.

– ഭാഷാ നാരായണീണയമാണ്

ശ്ലോകം ശോകവിനാശകമെന്നാണ് ഹൃദിസ്ഥമാക്കിക്കൊള്ളൂ ഇത്. കൂട്ടുകാരേ....സ്നേഹം! ■

# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് – 9847537007

പരസഹായം അർഹതപ്പെട്ടവർക്കേ ചെയ്യാവു. 'മോൺടിഹാൾ' എന്ന ടെലിവിഷൻ താരം അദ്ദേഹത്തിന്റെ അനുഭവത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു. ഹൈസ്കൂൾ പഠനം കഴിഞ്ഞപ്പോൾ ദാരിദ്രത്താൽ പഠനം ഉപേക്ഷിക്കേണ്ടി വന്നു. പിതാവ് ഇറച്ചിവെട്ടുകാരൻ, അമ്മ വീട്ടുജോലിക്ക് പോയി കുടുംബം പുലർത്തുന്നു. ആ ദുരവസ്ഥ കണ്ടറിഞ്ഞ ബാലൻ തന്റെ വിദ്യാഭ്യാസം നിറുത്തി ചെറിയജോലികൾ ചെയ്യാൻ തീരുമാനിക്കുന്നു. ഒരു കടയിൽ ജോലിക്കു കയറുന്നു ജോലി ചെയ്യവേ (Max Ford) മാക്സ് ഫോർഡ് എന്ന ഒരു വലിയ കമ്പിനി ഉടമയെ കണ്ടുമുട്ടുന്നു. അവിടെ അവന്റെ വിധി മാറുന്നു. അവന്റെ കുടുംബാന്തരീക്ഷത്തെ കുറിച്ചന്വേഷിക്കുന്നു. അവന്റെ അച്ഛനെ ഓഫീസിലേക്ക് വിളിച്ചു വരുത്തി. പിതാവിനോട് മോനെ പഠിപ്പിക്കേണ്ടേയെന്ന ചോദ്യം ഉന്നയിക്കുന്നു. സമർത്ഥനും കാര്യപ്രാപ്തിയുമുള്ള ബാലനെ പഠിപ്പിക്കേണ്ടേ എന്നാരാഞ്ഞു. അച്ഛന്റെ നിസ്സഹായത പൂർണ്ണമായും വെളിപ്പെടുത്തുന്നു. മകനോട് വന്നു കാണാനാവശ്യപ്പെടുന്നു.

ഒട്ടും താമസിയാതെ അവൻ വിനായന്വിതനായി അതീവസന്തുഷ്ടനായി പ്രത്യാശയോടെ അദ്ദേഹത്തെ കാണാനെത്തുന്നു. കോളേജ് വിദ്യാഭ്യാസം അദ്ദേഹം നിർവ്വഹിക്കാമെന്ന വാഗ്ദാനം നൽകി. ചെലവുകളെല്ലാം വഹിക്കുന്നതിന് ചില വ്യവസ്ഥകൾ അദ്ദേഹം പാലിക്കേണ്ടി വരുമെന്ന് അറിയിച്ചു.

1) ആരാണ് പഠിപ്പിക്കുന്നതെന്ന് പുറംലോകം അറിയരുത്.
2) പഠനത്തിൽ ഒന്നാമനായിരിക്കണം. കോളേജിൽ ഉത്തരവാദിത്വത്തോടെ ആയിരിക്കണം പഠിക്കുന്നതും പെരുമാറുന്നതും.
3) ഇത് വായ്പയാണ്. തുക നീ തന്നെ ജോലി ചെയ്ത്  കടം വീട്ടണം
4) ഇത്തരം കാരുണ്യവും ഔദാര്യവും നിറഞ്ഞ പ്രവർത്തികൾ നീയും ഭാവിയിൽ ചെയ്യണം.

ഈ വ്യവസ്ഥകളെല്ലാം ഭംഗിയായി നിറവേറ്റാമെന്ന് വാഗ്ദാനം നൽകി ആ കുട്ടി.

വിദ്യാഭ്യാസം തുടർന്നു. കൃത്യമായി Max–ന് പഠനറിപ്പോർട്ട് സമർപ്പിച്ചു. ഉന്നത വിദ്യാഭ്യാസത്തിൽ ഉന്നതവിജയം കരസ്ഥമാക്കി ഉദ്യോഗം സമ്പാദിച്ചു. വ്യവസ്ഥ പ്രകാരം കടവും വീട്ടി. അഭ്യർത്ഥിക്കാതെ ഈ ദുരവസ്ഥ കണ്ടറിഞ്ഞ് സഹായിച്ച മാക്സിനെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് മോൺ ടി ജീവിതം നയിച്ചു

മാക്സിന്റെ നിര്യാണശേഷം ആ പേര് വെളിപ്പെടുത്തി. ധാരാളം പേരെ സഹായിക്കാൻ ടെലിവിഷൻ പരിപാടിയിൽ നിന്ന് ലഭിക്കുന്ന തുകയിൽ നിന്ന് സാധിക്കുന്നുവെന്ന ചാരിതാർത്ഥ്യത്തിലാണ് അദ്ദേഹം. പണം സമ്പാദിക്കുന്നതിലല്ല, ആവശ്യമുള്ള നിർദ്ധനരായവരെ സഹായിക്കുന്നതാണ് മഹത്തരമെന്ന് ഈ അനുഭവം നമ്മെ ബോധവൽക്കരിക്കുന്നു.

ധനം കണ്ടെത്താൻ മനസ്സുണ്ടെങ്കിൽ മാർഗ്ഗങ്ങൾ തെളിയും. അദ്ധ്വനിക്കുവാനുള്ള മനസ്സും വേണം. പരസഹായം ചെയ്യുന്നത് മറ്റുള്ളവരെ അറിയിക്കാതെ വേണം, പരസ്യത്തിനാകരുതെന്നും ഇതിലൂടെ വെളിപ്പെടുത്തുന്നു. 'വലതുകൈ കൊടുക്കുന്നത് ഇടത് കൈ അറിയരുതെന്നാണ്' നമ്മുടെ പൈതൃകം.

കടന്നുവന്ന വഴികൾ സ്മൃതിപഥത്തിൽ ഉണ്ടായാൽ നന്ന്. പ്രശസ്തിയും പ്രതാപവും പണവും വന്നു കഴിയുമ്പോൾ സ്വാർത്ഥരും സുഖലോലുപരുമായി മാറരുത്. ആർത്തിയും പാടില്ല. ദൈവം തരുന്നത് ഔചിത്യപൂർവ്വം പരസഹായത്തിനുപകരിക്കണം. ദൈവത്തിന് നന്ദി പ്രകാശിപ്പിച്ചുകൊണ്ട് മറ്റുള്ളവരുമായി പങ്കിടാൻ കഴിഞ്ഞാൽ ജീവിതസാഫല്യത്തിന് മറ്റെന്തു വേണം.

'എന്റേത്, എന്റെ അവകാശം' ഈ ചിന്തകളാണ് മഹത്കർമ്മങ്ങൾ ചെയ്യുന്നതിന് വിലങ്ങുതടിയാകുന്നത്. അതൊക്കെ വെട്ടിമാറ്റി സൽപ്രവർത്തി ചെയ്യാൻ കഴിയുമാറാകട്ടെ. പുതിയ തലമുറയിൽ ധാരാളം 'മാക്സ്'–മാരും 'മോൺ ടി'–മാരും ഉദയംചെയ്യട്ടെ! പരോപകാരം എന്ന പുണ്യകർമ്മം അവരിലൂടെ സമൂഹനന്മയ്ക്കായി ഉണ്ടാവാൻ സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ. ■

ക്ഷേത്രങ്ങളിലൂടെ

# തിരുവൻവണ്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്രം

ഇന്ദിരാഭായി - 8078552892

ഭക്തി ഒരു ശക്തിയാണ്, മനുഷ്യജീവിതത്തെ വളരെയധികം സ്വാധീനിക്കുന്ന ഒരുശക്തി. ഓരോ പ്രദേശങ്ങളിലും ആദ്ധ്യാത്മികമായും സാംസ്കാരികമായും, സാമൂഹികമായും പ്രദേശവാസികളെ സ്വാധീനിക്കുന്ന ഒരു വലിയ ഘടകമാണ് ക്ഷേത്രങ്ങളും, ക്ഷേത്രാചാരങ്ങളും, ക്ഷേത്രദർശനവും. അതിനാൽ തന്നെ ക്ഷേത്രങ്ങൾ അതാതു ദേശത്തിന്റെ സാംസ്കാരിക കേന്ദ്രങ്ങളുമാണ്. ക്ഷേത്രദർശനം തീർത്ഥാടനം പുണ്യതീർത്ഥസ്നാനം എന്നിവയെല്ലാം ആത്മസംതൃപ്തി നൽകുന്നവയുമാണ്. മലയാളനാടിന്റെ ഇന്നത്തെ അവസ്ഥയെപ്പറ്റി ചിന്തിച്ചാൽ സാഹചര്യങ്ങളുടെ വെളിച്ചത്തിൽ നമ്മുടെ ക്ഷേത്രങ്ങളെ ഒരു മതത്തിന്റെ ആരാധനാകേന്ദ്രങ്ങളായി മാത്രം കാണാൻ സാധിക്കില്ല. ക്ഷേത്രങ്ങൾ സംസ്ഥാനത്തിന്റെ തനതായ ആദ്ധ്യാത്മിക സാംസ്കാരിക കേന്ദ്രങ്ങളും സാമൂഹിക സാമ്പത്തിക വളർച്ചയെ ഗണ്യമായി സ്വാധീനിക്കുന്ന പ്രസ്ഥാനങ്ങളുമാണ്. ഇന്ന് പല ക്ഷേത്രങ്ങളും ലക്ഷകണക്കിന് തീർത്ഥാടകരെ ആകർഷിക്കുന്നുണ്ട്. വർദ്ധിച്ചു വരുന്ന തീർത്ഥാടകരുടെ എണ്ണം ക്ഷേത്രങ്ങളുടെ അഭിവൃദ്ധിയെയാണ് സൂചിപ്പിക്കുന്നത്. ക്ഷേത്രങ്ങളുടെ അഭിവൃദ്ധി ക്ഷേത്രങ്ങളെ ആശ്രയിച്ചു ജീവിക്കുന്നവർക്കും ജനങ്ങളെ ഭരിക്കുന്ന സർക്കാരിനും അഭിവൃദ്ധിയുണ്ടാക്കുന്നുണ്ട്. എന്നാൽ ക്ഷേത്രങ്ങൾക്ക് പറയത്തക്ക പ്രയോജനങ്ങളൊന്നും ലഭിക്കുന്നതായി കാണാറില്ല എന്നതും ഒരു സത്യാവസ്ഥയാണ്. കൃഷി കഴിഞ്ഞാൽ കേരളത്തിന്റെ സാമൂഹ്യ സാമ്പത്തിക സ്ഥിതിയെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്നത് കേരളത്തിലെ ആയിരക്കണക്കിനുള്ള ക്ഷേത്രങ്ങളാണ് എന്നതിൽ സംശയമില്ല. കാലപ്പഴക്കവും പൗരാണികതയും ഐതീഹ്യപ്പെരുമയും സാംസ്കാരികസാമ്പത്തിക അഭിവൃദ്ധിയുമുള്ള ഒരു പുണ്യക്ഷേത്രമാണ് തിരുവൻവണ്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്രം. ഉത്സവാഘോഷങ്ങളിലും പ്രത്യേകതയുള്ള ക്ഷേത്രമാണിത്. കേരളത്തിൽ ഏറ്റവും കൂടുതൽ ദിവസം ഉത്സവാഘോഷങ്ങൾ കൊണ്ടാടുന്ന ക്ഷേത്രമാണ് തിരുവൻവണ്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്രം.

ആലപ്പുഴ ജില്ലയിൽ സ്ഥിതിചെയ്യുന്ന തിരുവൻവണ്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്രം 108 വൈഷ്ണവ തിരുപ്പതികളിൽ 24-ാമത്തെ ക്ഷേത്രമാണ്. മഹാഭാരതകഥയുമായി ബന്ധപ്പെട്ട ഐതീഹ്യപ്പെരുമയുള്ള ക്ഷേത്രമാണിത്. മദ്ധ്യതിരുവിതാംകൂറിലെ പ്രസിദ്ധമായ പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിലൊന്നാണിത്. പഞ്ചപാണ്ഡവന്മാരുടെ വനവാസക്കാലം, അജ്ഞാതവാസക്കാലത്ത് അവർ ചെങ്ങനൂരിനടുത്തുള്ള പാണ്ഡവൻ പാറക്കടുത്ത് പാണ്ഡവർക്കാവ് എന്ന കുന്നിൻമുകളിൽ വസിച്ചിരുന്നു. അഞ്ചു പേരും ആരാധനക്കായി അടുത്തുള്ള സ്ഥലങ്ങളിൽ അഞ്ചു മഹാവിഷ്ണു ക്ഷേത്രപ്രതിഷ്ഠകൾ നടത്തി. ആ അഞ്ചു ക്ഷേത്രങ്ങൾ അഞ്ചമ്പലം എന്നറിയപ്പെട്ടു. ഈ അഞ്ചു ക്ഷേത്രങ്ങളിലും ഒരേ ദിവസം ദർശനം നടത്തുന്നത് അതിവിശിഷ്ഠമായി കരുതുന്നു. യുധിഷ്ഠിരൻ തൃച്ചിറ്റാറ്റും, ഭീമൻ തൃപ്പുലിയൂരിലും, സഹദേവൻ തൃക്കൊടിത്താനത്തും, അർജ്ജുനൻ ആറന്മുളയിലും, നകുലൻ തിരുവൻവണ്ടൂരിലും ശ്രീ മഹാവിഷ്ണു പ്രതിഷ്ഠകൾ നടത്തി ആരാധിച്ചിരുന്നു എന്ന് വിശ്വസിക്കുന്നു. പഞ്ചപാണ്ഡവന്മാരിൽ നാലാമനായ നകുലൻ പ്രതിഷ്ഠിച്ച തിരുപാണ്ഡവപുരി എന്ന സ്ഥലത്തെ ക്ഷേത്രമാണ് തിരുവൻവണ്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്രമായി അറി

യപ്പെടുന്നത്. തിരുപാണ്ഡവപുരിക്ക് സമീപ പ്രദേശത്ത് പാണ്ഡവർ വസിച്ചിരുന്ന വനവാസക്കരയായും പിന്നീട് വനവാതുക്കരയായും പാണ്ഡവനാട് പാണ്ഡനാടായും അറിയപ്പെട്ടു.

ഐതിഹ്യങ്ങളും ആചാരങ്ങളും അനുഷ്ഠാനകളും ഇഴചേർന്നു കിടക്കുന്ന കേരളക്കരയിലെ ക്ഷേത്രങ്ങളും ഏറെ പ്രാധാന്യമർഹിക്കുന്നുണ്ട് പാണ്ഡവ ചരിത്രമുറങ്ങുന്ന തിരുവൻ വണ്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്രത്തെപ്പറ്റി നമ്മാഴ്വാരുടെ കൃതികളിൽ പരാമർശിച്ചിട്ടുണ്ട്. പമ്പാ നദിതീരത്ത് സ്ഥിതിചെയ്യുന്ന ഈ ക്ഷേത്രം പാമ്പണയപ്പൻ തിരുപ്പതിയെന്നും അറിയപ്പെടുന്നു. പാമ്പിനെ അണയാക്കിയവൻ (കിടക്കയാക്കിയവൻ) ആണ് പാമ്പണയപ്പൻ. അതായത് അനന്തശയനസങ്കൽപ്പം എന്നർത്ഥം. ഭൃഗുമുനി ഇവിടെ തപസ്സനുഷ്ഠിച്ചിരുന്നു. അക്കാലത്ത് ഇവിടെ ധാരാളം കരിവണ്ടുകൾ കൂട്ടം കൂട്ടമായി പാറിപ്പറന്നിരുന്നു. എപ്പോഴും വണ്ടുകളുടെ മൂളൽശബ്ദം തങ്ങി നിന്നിരുന്ന സ്ഥലമായതിനാലാണ് വണ്ടൂർ എന്ന സ്ഥലനാമം ഉണ്ടായത്. വണ്ടൂർ പിന്നീട് തിരുവൻവണ്ടൂരായി പരിണമിച്ചു. നമ്മാഴ്വാർ വണ്ടിൻ കൂട്ടത്തിന്റെ മൂളലിനെ ഗാനമായി കരുതി ധാരാളം ശ്ലോകങ്ങൾ രചിച്ചിട്ടുണ്ട്.

പാണ്ഡവരോടൊപ്പം പാഞ്ചാലി ഈ സ്ഥലത്ത് കഴിയുമ്പോഴാണ് അക്ഷയപാത്രം ലഭിച്ചത് എന്നും അക്ഷയപാത്രത്തിന്റെ സഹായത്താൽ പാണ്ഡവർ ഇവിടെ നിത്യവും അന്നദാനം നടത്തിയിരുന്നു എന്നും വിശ്വസിക്കുന്നുണ്ട്. ഇന്നും ഈ ക്ഷേത്രത്തിൽ നിത്യവും അന്നദാനം നടക്കുന്നുണ്ട്. ബ്രഹ്മാവിന്റെ ശാപത്തിൽ നിന്നും ശാപമോചനം നേടുന്നതിനായി നാരദമഹർഷി ഇവിടെയെത്തി തപസ്സനുഷ്ഠിച്ച് ശ്രീമഹാവിഷ്ണുവിനെ പ്രത്യക്ഷപ്പെടുത്തുകയും വിഷ്ണു ഭഗവാനിൽ നിന്നും ജ്ഞാനോപദേശം നേടുകയും ചെയ്തു. നാരദമുനി നാരദീയ പുരാണം രചിച്ചത് ഇവിടെ വച്ചാണ് എന്നും ഐതീഹ്യമുണ്ട്. തിരുവൻവണ്ടൂരപ്പന്റെ പൂജാക്രമങ്ങളും സ്തുതികളും അടങ്ങുന്ന ഒരു ഗ്രന്ഥവും നാരദമുനി ഇവിടെ വച്ച് രചിച്ചിട്ടുണ്ട്.

അതിപുരാതനമായ തിരുവൻവണ്ടൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രത്തിൽ വട്ടെഴുത്തിലുള്ള ശിലാലിഖിതങ്ങൾ കാണാം, ഇത് ശ്രീവല്ലഭൻ കോത എന്ന രാജാവിന്റെ കാലത്തേതാണ്. ശ്രീമൂലം തിരുന്നാൾ മഹാരാജാവിന്റെ കാലത്ത് അദ്ദേഹം ക്ഷേത്ര പുനർനിർമ്മാണം നടത്തിയതായി കരുതുന്നു. തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന മനോഹരശില്പങ്ങളെ കൊണ്ട് അലംകൃതമാണ് പാമ്പണയപ്പൻ ക്ഷേത്രത്തിന്റെ ശ്രീകോവിൽ. ഇവിടെ ദിവസവും അഞ്ചു പൂജകളാണ്. രാവിലെ സർവ്വാലങ്കാരഭൂഷിതനായി മഹാലക്ഷ്മീസമേതനായ മഹാവിഷ്ണു സങ്കൽപ്പത്തിലും, ഉച്ചപൂജക്ക് വെള്ളക്കച്ചചുറ്റിയ ശ്രീവല്ലഭ സങ്കൽപ്പത്തിലും, വൈകിട്ട് കാവിവസ്ത്രം ധരിച്ച പാമ്പണയപ്പൻ സങ്കൽപ്പത്തിലുമാണ് പ്രധാന പൂജകൾ. ശ്രീകോവിലിന് മുന്നിൽ മുകളിലെ കൽക്കെട്ടിൽ അനന്തന് മുകളിൽശയിക്കുന്ന ഭഗവാന്റെ ശിൽപ്പവും കൊത്തിയിട്ടുണ്ട്. ശ്രീകോവിലിന്റെ തെക്കുഭാഗത്ത് ദക്ഷിണാമൂർത്തിയും, വടക്ക് ബ്രഹ്മാവും, പടിഞ്ഞാറുഭാഗത്തായി യോഗനരസിംഹവും, കിഴക്കുഭാഗത്ത് ധനലക്ഷ്മിയും കുടികൊള്ളുന്നു. ഗണപതി, ശാസ്താവ്, പരമശിവൻ, നാഗദേവതകൾ എന്നീ ഉപദേവതകളുമുണ്ട്.

ശ്രീമഹാവിഷ്ണു ക്ഷേത്രാങ്കണത്തിൽ തന്നെ തുല്യ പ്രധാന്യത്തോടെ ഒരു ഗോശാലകൃഷ്ണ ക്ഷേത്രവുമുണ്ട്. ഈ ക്ഷേത്രത്തിന് അമ്പലപ്പുഴ ശ്രീകൃഷ്ണക്ഷേത്രവുമായി ബന്ധപ്പെട്ട ഐതീഹ്യവുമുണ്ട്. ഒരിക്കൽ ചെമ്പകശ്ശേരി രാജാവിന് സന്താനലബ്ധിക്കായി ശ്രീകൃഷണ വിഗ്രഹാരാധന നടത്തണമെന്ന് ഒരു അരുളിപ്പാട് കേൾക്കുവാനിടയായി. അദ്ദേഹം ആരാധനക്കായി ശ്രീകൃഷ്ണവിഗ്രഹം കൊണ്ടുവരുന്നതിനായി ഭടന്മാരെ നാലു ദിക്കുകളിലേക്കും അയച്ചു. ഈ വിവരമറിഞ്ഞ് തിരുവൻവണ്ടൂരിലെ വിഗ്രഹം കൊണ്ടുപോയാലോ എന്ന് കരു

തി അവിടുത്തെ പൂജാരി ശ്രീകൃഷ്ണവിഗ്രഹവുമെടുത്ത് കുളത്തിലിറങ്ങി ഒളിച്ചിരുന്നു. അദ്ദേഹം അവിടെത്തന്നെ സമാധിയാകുകയും ചെയ്തു. കാലങ്ങൾക്കു ശേഷം പാമ്പണയപ്പന്റെ ഭക്തനും മുടങ്ങാതെ ക്ഷേത്രദർശ്ശനം നടത്തുകയും ചെയ്തിരുന്ന ഒരു ഭക്തന് ഒരു സ്വപ്ന ദർശനമുണ്ടായി. പാമ്പണയപ്പനെ നിത്യം വണങ്ങിയിരുന്ന അദ്ദേഹം ഒരു അദ്ധ്യാപകനായിരുന്നു. ക്ഷേത്രത്തിൽ നിന്നും 50 മീറ്റർ അകലെയായി ഒരു കുളമുണ്ട് കുളത്തിൽ ഗോശാലകൃഷ്ണ വിഗ്രഹമുണ്ട്. അത് വീണ്ടെടുക്കണം എന്നതായിരുന്നു സ്വപ്നത്തിൽ കണ്ടത്. ഈ വിവരമറിഞ്ഞ് എല്ലാവരും വിഗ്രഹം വീണ്ടെടുക്കാൻ ശ്രമം നടത്തി. ഈ സമയം ക്ഷേത്രത്തിൽ ഭാഗവത സപ്താഹങ്ങൾ നടന്നുകൊണ്ടേയിരുന്നു. അങ്ങനെ ഏഴുസപ്താഹങ്ങൾ പൂർത്തിയായപ്പോൾ (അതയായത് 49 ദിവസം) വിഗ്രഹം കണ്ടുകിട്ടി. അതിനുശേഷം 51 ദിവസത്തെ പൂജാപ്രാർത്ഥനകൾ നടത്തി ഗോശാലകൃഷ്ണവിഗ്രഹം പ്രതിഷ്ഠിച്ചു. ഗോശാലകൃഷ്ണ വിഗ്രഹം വീണ്ടെടുത്ത് പ്രതിഷഠിച്ചതിന്റെ ഓർമ്മക്കായി തിരുവൻവണ്ടൂർ ശ്രീമഹാവിഷ്ണു ക്ഷേത്രത്തിൽ വർഷംതോറും 51 ദിവസത്തെ ഉത്സവം കൊണ്ടാടുന്നു. പാണ്ഡവചരിത്രമുറങ്ങുന്ന ഈ പുണ്യക്ഷേത്രം ഇന്ന് തിരുവിതാംകൂർ ദേവസ്വത്തിന്റെ ഭരണത്തിൻ കീഴിലാണ്.

പമ്പാനദീതീരത്ത് കുടികൊള്ളുന്ന പാമ്പണയപ്പന്റെയും ഗോശാലകൃഷ്ണന്റെയും പാണ്ഡവരുടെ തോഴനായി അവരെകാത്ത ശ്രീകൃഷ്ണഭഗവാന്റെയും തൃപ്പാദങ്ങളിൽ ശിരസ്സാനമിക്കുന്നു. ■

---

# പ്രിയ ദമ്പതിമാരേ,

# കതിർ മണ്ഡപത്തിലേക്ക് വീണ്ടും...

എറണാകുളം കരയോഗം ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി, ടി. ഡി. എം. ഹാളിൽ വെച്ച് 50 വർഷം മുൻപ് വിവാഹിതരായ ദമ്പതികളെ 2025 ഡിസംബർ 21-ാം തീയതി ഞായറാഴ്ച രാവിലെ 12.00 മണിക്ക് ആദരിക്കുന്നു.

കുടുംബബന്ധങ്ങളിൽ അപസ്വരങ്ങൾ ഉയരുന്ന ഇക്കാലത്ത് അമ്പത് വർഷം സുദൃഢമായി വൈവാഹിത ജീവിതം മുന്നോട്ട് നയിച്ച് സന്തോഷത്തോടെ ജീവിക്കുന്നവരെ അനുമോദിക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. പുതുതലമുറയ്ക്ക് മാതൃകയായ ഇവരെ പൊതുവേദിയിൽ പരിചയപ്പെടുത്തുകയും **സുവർണ്ണ സ്മൃതി** ഫലകം നൽകി അനുമോദിക്കുകയും ചെയ്യുന്നു. 50 വർഷം മുൻപ് ടി. ഡി. എം. ഹാളിൽ വെച്ച് വിവാഹിതരായ ദമ്പതികൾ എറണാകുളം കരയോഗം ഓഫീസുമായി ബന്ധപ്പെടാൻ താൽപ്പര്യപ്പെടുന്നു.

**Mob: 9447171160, 0484 – 2361160**

**E- mail: ekmkgm@gmail.com**

# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

(തുടർച്ച.....)

സമുദ്രമന്ഥനത്താൽ പാഞ്ചജന്യം എന്ന ശംഖ് പ്രകടമായി വന്നു. “പഞ്ചജനാ ഉൽപ്പാദകായേഷാം തേ പഞ്ചജനഃ തത്രഭവഃ പാഞ്ചജന്യഃ” അഞ്ച് ഇന്ദ്രിയങ്ങളും പഞ്ചഭൂതങ്ങളിൽ നിന്നും ഉത്ഭൂതമായവയാണ്. “പഞ്ചതേ ജനാ ജായ മാനാ പഞ്ചജനാഃ” തത്രഭവം തസ്യേഭം വാ. അഞ്ചുപേർ എന്ന് അർത്ഥമെടുത്താലും അവ പഞ്ചേന്ദ്രിയങ്ങൾ തന്നെ. ഈ അഞ്ചിലും കുടിയിരിക്കുന്ന അഭിവ്യഞ്ജമാനമായിരിക്കുന്ന ചൈതന്യമേതോ അത് പാഞ്ചജന്യം. ഇന്ദ്രിയങ്ങളാൽ അറിഞ്ഞ വിഷയങ്ങളെ തന്നെയാണ് ബുദ്ധി ആത്മാവിന് നിവേദിക്കുന്നത്. ബാഹ്യ വിഷയങ്ങളുടെ ഛായയാണ് ഇന്ദ്രിയങ്ങളിൽ പതിക്കുന്നത്, പുഷ്പത്തിന്റെ സുഗന്ധമാണ് മൂക്കിലെത്തുന്നത്. അഗ്നിയുടെ ചൂടോ മഞ്ഞിന്റെ തണുത്ത സ്പർശമോ ആണ് ത്വക്കിലുണ്ടാകുന്നത്. ശർക്കര, വേപ്പില എന്നിവയുടെ രസമാണ് നാവിലൂടെ അറിയുന്നത്. മനുഷ്യൻ, പക്ഷിമൃഗാദികളുടെ രൂപമാണ്. ഫോട്ടോയിലെന്നപോലെ കണ്ണിൽ ഛായയായി പതിക്കുന്നത്. ശബ്ദം ചെവിയിലെത്തുന്നു. അതനുസരിച്ച് ചക്ഷുരാദികളിൽ വൃത്തികളുണ്ടാകും. ഈ അഞ്ചിന്ദ്രിയങ്ങളും സമക്ഷം വരുന്ന വിഷയങ്ങളെ ബുദ്ധിക്ക് സമർപ്പിക്കുന്നു. ബുദ്ധി അവയെ ആത്മാവിന് സമർപ്പിക്കുന്നു. അപ്പോഴാണ് നാം രൂപത്തെ കാണുന്നത്, ശബ്ദത്തെ കേൾക്കുന്നത് എന്ന് തോന്നുന്നത്. ആത്മപ്രകാശം തന്നെയാണ് ഇവകളെ പ്രകാശിപ്പിക്കുന്നത്. സൂര്യാദികളുടെ പ്രകാശമാണ് ഘടാദികളെ പ്രകാശിപ്പിക്കുന്നത്. അതുപോലെ, ആത്മപ്രകാശമാണ് മനോവൃത്തികളേയും ചക്ഷുരാദിവൃത്തികളേയും പ്രകാശിതമാക്കുന്നത്. സൂര്യപ്രകാശമില്ലെങ്കിൽ അന്ധകാരം തന്നെയായിരിക്കുമെന്നതുപോലെ, ആത്മാവില്ലാതെ ഇന്ദ്രിയവൃത്തികൾ ഉണ്ടായാൽ തന്നെ അവ പ്രകാശിതങ്ങളാവില്ല. ഇന്ദ്രിയങ്ങളാൽ വസ്തു പ്രകാശിതമാകുന്നുവെങ്കിൽ അത് ആത്മപ്രകാശത്തിന്റെ ലിംഗമാണ്. ഇന്ദ്രിയപ്രകാശിതമാകയാൽ ഇന്ദ്രദൃഷ്ടവുമാണ്. നൈയായികന്മാർ ഇന്ദ്രിയങ്ങളെ അതീന്ദ്രിയം എന്ന് മാനിക്കുന്നു. എന്നാൽ അവ അപ്രകാശങ്ങളല്ല. എണ്ണ തെറിച്ചുവീണ് പൊള്ളലേറ്റു, എണ്ണയാൽ പൊള്ളിയോ, അതോ എണ്ണയിലുള്ള അഗ്നി (ചൂട്) കൊണ്ട് പൊള്ളി എന്നാണോ? എണ്ണ കൊണ്ടാണെങ്കിൽ അത് തലയിൽ പുരട്ടുമ്പോഴും പൊള്ളണം. ഇരുമ്പുഗോളം പഴുത്തുകഴിഞ്ഞാൽ അതിനെ അഗ്നിഗോളം എന്ന് വിളിക്കും. ഗോളം ലോഹം കൊണ്ടുള്ളതാണ്. അഗ്നികൊണ്ടുണ്ടാക്കിയതല്ല. അന്യോന്യ അധ്യാസത്താലാണ് ഇങ്ങനെ വ്യവഹരിക്കുന്നത്. അതുപോലെ ആത്മാവിന് ശരീരാദികളിലും ശരീരാദികൾക്ക് ആത്മാവിലും അന്യോന്യാദ്ധ്യാസമുണ്ട്. കർത്തൃത്വത്തിന്റെ എന്ത് അദ്ധ്യാസമാണോ അന്തഃക്കരണത്തിലുള്ളത് ആ ആദ്ധ്യാസം ആത്മാവിലാണെന്ന് മാനിക്കപ്പെടുന്നു. വേദാന്തികളാകട്ടെ, കർത്തൃത്വവം ഭോതൃത്വവും, രണ്ടും അദ്ധ്യാസം എന്ന് മാനിക്കുന്നു. അതിനാൽ ഇന്ദ്രജുഷ്ടമെന്ന് പറയുന്നു. അത് ഇന്ദ്രസൃഷ്ടവുമാണ്. ഇന്ദ്രിയങ്ങളുടെ പ്രകാശനശക്തി ആത്മപ്രദമാണ്. അതുകൊണ്ട് ഇന്ദ്രിയങ്ങളെ തന്നെയാണ് ഇന്ദ്രദത്തമെന്ന് പറയുന്നത്. ഇന്ദ്രലിംഗം ഇത്യാദി അഞ്ചെണ്ണമുണ്ട്. ഇന്ദ്രിയങ്ങളും അഞ്ചെണ്ണമുണ്ട്. അതുകൊണ്ട് അവ പഞ്ചജനാ എന്നറിയപ്പെടുന്നു. ഇവക

ളിൽ അതാതിനെ സംബന്ധിക്കുന്നതിനാൽ പാഞ്ചജന്യമെന്നും പറയുന്നു. നിദിദ്ധ്യാസനരൂപി സമാധിയാൽ വ്യുത്ഥാന ദശയിൽ ശബ്ദ-സ്പർശാദി അഞ്ച് വിഷയങ്ങളിൽ അധിഷ്ഠാനരുപത്തിൽ ബ്രഹ്മദർശനം ഉണ്ടാകാവുന്നതാണ്.

"സർവ്വം ഖല്വിദം ബ്രഹ്മ തജ്ജലാൻ" ഈ സാക്ഷാത്കാരം ഉണ്ടായിക്കൊണ്ടേയിരിക്കും. ഈ സമസ്ത ജഗത്തും ബ്രഹ്മം തന്നെയാണ്. ആ ബ്രഹ്മത്തിൽ നിന്നു തന്നെയാണ് ഈ മുഴുവൻ ജഗത്തും ജന്മമെടുത്തിരിക്കുന്നത്. അതിലാണീ ജീവിതം, അതിൽ തന്നെ ലയിച്ചു ചേരുകയും ചെയ്യും. ജന്മാദികൾ അധിഷ്ഠാനത്തിൽ കല്പനാരംഭത്തിൽ ഉദയം ചെയ്ത്, കല്പന കാലത്തിൽ തരംഗിതമായി, കല്പനാക്ഷയത്തിൽ ശാന്തമായിത്തീരുന്നതാണ് അനുഭവമാകുന്നത്. മരുഭൂമിയിൽ മരീചീകയായി സമുദ്രം ഉൽപ്പന്നമായതായി കാണപ്പെട്ടു, അത് അലയടിക്കുന്നതായി തോന്നും. എന്നാൽ അടുത്തുചെന്ന്, സൂക്ഷ്മ ദർശനകാലത്തിൽ ലയിച്ചില്ലാതാകുന്നതായും കാണാം. ഇതുപോലെയാണ് ബ്രഹ്മദൃഷ്ടി വന്നാൽ ഈ ജഗത്തിന്റെ ഉത്ഭവ-വികാസ-ലയത്തിന്റെ അനുഭവമുണ്ടായാൽ തുടങ്ങും "സർവ്വം ഖല്വിദം ബ്രഹ്മ" എന്ന കാര്യം നിശ്ചിതമാകും.

ബോധം പ്രാപ്തമായാൽ, എവിടെയെല്ലാം ഇന്ദ്രിയങ്ങൾ വഴി മനസ്സെത്തുന്നോ അവിടെയെല്ലാം സമാധിയുണ്ടാകുന്നു. നിദിധ്യാസനത്താൽ ദേഹാഭിമാനം വെടിയുമ്പോൾ സർവ്വത്ര ബ്രഹ്മദർശനം ഉണ്ടാകുന്നു. ഇതുതന്നെയാണ് ഉന്മതീഭാവം. മനസ്സിനേക്കാൾ മുകളിലേക്ക് ഉയരുന്നതാണ് ഉന്മതീഭാവം. മനസ്സുമായി താദാത്മ്യം പ്രാപിക്കുന്നത് സംസാരികളാണ്. മനസ്സിനെ വ്യഥക്കരിക്കുന്നത് (മനസ്സിൽ നിന്നും വേറിട്ട് നിൽക്കുന്നത്) മനസ്സിൽ നിന്നുള്ള ഉയർച്ചയാണ്. പിന്നെ മനസ്സെവിടെപ്പോയാലും അവിടെത്തന്നെ പരമപദദർശനമുണ്ടാകും.

ഭർത്തൃഹരിയും ഇതു പറയുന്നു:-

ആരാണോ അകിഞ്ചനും (വൈരാഗ്യവാനും) ത്രിക്തസർവ്വപരിഗ്രഹനും, ദാന്തശാന്തനും (ശമദമാദിസമ്പന്നൻ) ആയിരിക്കുന്നത്, സമബ്രഹ്മത്തിൽ സമ്യക്കായി ചിത്തം ഉറപ്പിച്ചവനായിരിക്കുന്നത്, ആത്മാവിൽ ആത്മാവിനാൽ സന്തുഷ്ടനായിരിക്കുന്നത്, അവന് എല്ലാ ദിശകളും സുഖമയമായും ബ്രഹ്മാനന്ദമയമായും ഭാസിച്ചുകൊണ്ടിരിക്കും. അവന് സമസ്ത വസ്തുക്കളും ബ്രഹ്മമായി കാണപ്പെടും. ബ്രഹ്മദർശനത്തിനു മുമ്പ് യോഗവും ഭോഗരൂപമായിരിക്കും. എന്തെന്നാൽ, സിദ്ധികൾ പ്രാപ്തമായാൽ മനസ്സ് സമഭാവയുക്തമായിരിക്കുകയില്ല. എന്നാൽ ബ്രഹ്മ ദർശനം കിട്ടിയാൽ വിഷയഭോഗവും യോഗരൂപമാകും.

ഭഗവാൻ ഗീതയിൽ പറയുന്നു.

'രാഗദ്വേഷ വിയുക്തൈസ്തു വിഷയാനിന്ദ്രിയൈശ്ചരൻ
ആത്മവശ്യൈർ വിധേയാത്മാ പ്രസാദമധിഗച്ഛതി'

ഇന്ദ്രിയങ്ങൾ ശന്തമങ്ങളാണ്. അതിനാൽ രാഗവിദ്വേഷവിയുക്തങ്ങളുമാണ്. പ്രാരബ്ധവശാലാണ് അന്തഗ്രഹണമുണ്ടാകുന്നത്. പക്ഷെ ഭക്തജനങ്ങൾ ഉപ്പും മധുരവും പലഹാരങ്ങളായി കൊണ്ടുവരും, തന്താങ്ങളുടെ രുചിക്കനുസരിച്ചുള്ള പലഹാരങ്ങൾ ഗുരുജനങ്ങൾക്ക് ഭിക്ഷയായി നൽകും. അതിൽ ഗുരുജനങ്ങൾക്ക് രാഗദ്വേഷങ്ങൾ ഉണ്ടാകുന്നില്ല. സത്പുരുഷന്മാർ രാഗദ്വേഷരഹിത ഇന്ദ്രിയങ്ങളിലാണ് വിഷയങ്ങളിൽ ചരിക്കുന്നത്. അവർ എല്ലായ്പ്പോഴും ഇന്ദ്രിയങ്ങളെ തങ്ങളുടെ വശത്താക്കി വയ്ക്കുന്നു അഥവ ഇന്ദ്രിയങ്ങൾ സ്വയം അവർക്ക് വശ്യ-വശീഭുതങ്ങളാണ്. ഇവയ്ക്കെല്ലാം മൂലകാരണമായിട്ടുള്ളത് വിധേയാത്മാവാണ്. വിധേയോ വിനയഗ്രാഹി. നിദിദ്ധ്യാസനത്താൽ മനസ്സ് ഇപ്പോൾ വിനീതമായിത്തീർന്നു. നേരത്തെ മനസ്സ് ഉദ്ധതമായിരുന്നു. മനസ്സ് നമ്മുടെ നിയന്ത്രണത്തിലല്ലായിരുന്നു. അത് ചങ്ങല പൊട്ടിച്ച് ഓടുകയായിരുന്നു. എന്നാൽ നിധിദ്ധ്യാസനത്തിന്റെ

പരിണതഫലമായി വിധേയമായിത്തീർന്നു. വിധേയാത്മാവായി എന്നുവെച്ചാൽ വിധേയ ചിത്തനായി ഇങ്ങനെയുള്ള സാധകൻ പ്രസാദത്തെ പ്രാപ്തമാക്കുന്നു. അവന്റെ ഇന്ദ്രിയങ്ങൾ പ്രസന്നമായിരിക്കും മനസ്സും പ്രസന്നമായിരിക്കും അവൻ സ്വയമേവ പ്രസന്നനായിത്തീരും മനോഗത മാലിന്യങ്ങളാണ് ആത്മാവ് മലിനമാക്കുന്നത്. മനസ്സ് നിർമ്മലമായാൽ ആത്മാവും നിർമ്മലമാകും. നിർമ്മലതയാണ് പ്രസന്നത. അപ്പോൾ പ്രാരബ്ധാനുഗതം അതിന്റെ ഭോഗം യോഗരൂപത്തിലാകുന്നു. എന്തെന്നാൽ ഭോഗ്യവസ്തുക്കളിലും അവൻ അധിഷ്ഠാനമായ ബ്രഹ്മദർശനമാണ് ചെയ്യുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, യോഗം കൊണ്ട് നാനാവിധ സിദ്ധികളും നാനാവിധ ശക്തികളും പ്രാപ്തമാകുന്നു. ഇവ അഭിമാനത്തിന് കാരണമാകുന്നു. ധനം പ്രാപ്തമാകുമ്പോൾ അഭിമാനമുണ്ടാകുന്നതുപോലെ യോഗസിദ്ധികളാലും അഭിമാനമുണ്ടാകും.

ശ്രോത്രനേത്രാദികൾക്കെല്ലാം സ്ഥാനീയ ദേവതകൾ ഉണ്ട്. യോഗാഭ്യാസത്താൽ അവർ സ്ഫുരിക്കപ്പെടും. "ഞങ്ങളുടെ ദിവ്യസ്ഥാനത്തേക്ക് വരൂ" എന്ന് അവർ യോഗകർത്താവിനെ ക്ഷണിക്കും. താങ്കൾ അവിടെ സ്വാഗതം ചെയ്യപ്പെടുമെന്നും പറയും. ആ സമയം യോഗിക്കുമുന്നിൽ രണ്ടുകാര്യങ്ങളാണ് വരുന്നത്. ഒന്ന് ദിവ്യഭോഗങ്ങളിലേക്കുള്ള ആകർഷണം, അതിനെ സംഗമെന്ന് പറയും രണ്ടാമതായി ഇങ്ങനെ വിചാരിക്കും ദേവതകൾ വരെ ആദരിക്കത്തക്കവിധം ഞാൻ അത്രയ്ക്ക് വലുതായി! ഇതിലേതെങ്കിലും ഒന്നിൽ യോഗിവീഴും. പൂർണ്ണ വൈരാഗ്യം വന്നിട്ടില്ലെങ്കിൽ ആ യോഗി ഭോഗാസക്തനായിത്തീരും, ഭോഗവൈരാഗ്യം വന്നാലോ, അയാൾ മഹിമാസക്തനും മഹിമഗർവ്വിതനുമായിത്തീരും. വലിയ വിരക്ത സന്യാസിമാർക്കുപോലും സ്ഥാന-മാന്നഭിമാനമുള്ളതിനാൽ ഉയരാൻ സാധിക്കാതെയുണ്ട്, രണ്ടും ഭോഗങ്ങൾ തന്നെയാണ്.

യോഗികൾക്ക് നിദിദ്ധ്യാസനം യോഗരൂപമാണ്. വിചാരമാർഗ്ഗികൾക്ക് അത് വിചാരാത്മകമാണ്. അതിന്റെ പരിണാമം തന്നെയാണ് ഈ ശംഖ്. അതായത് നിദിദ്ധ്യാസനത്തിന് ശേഷമാണ് ഇന്ദ്രിയമനഃപ്രസാദമുണ്ടാകുന്നത്. 'ശം-കല്യാണമയാനി പ്രസന്നാനി ഖാതി ഇന്ദ്രിയാണിയസ്മിൻ'. ഇന്ദ്രിയാലിഷ്ഠാനതൃദേവതകൾ യോഗസിദ്ധിയാൽ പ്രസന്നമാകുന്നു. ജ്ഞാനസിദ്ധിയാൽ ഇന്ദ്രിയങ്ങൾ പ്രസന്നമാകുന്നു. പ്രതിഭ-സംവേദന-ആസ്വാദന-വാർത്താരൂപത്തിലുള്ള ദിവ്യ മനസ്സിന് ദിവ്യങ്ങളായ ശ്രോത്രാദികളിൽ ശ്രദ്ധയുണ്ടാകുന്നില്ല. അവകളിൽ ശ്രദ്ധവന്നാൽ ഭോഗ പ്രവണതയുണ്ടാകും, ശന്തമം ഉണ്ടാകില്ല. ഇവയെ എല്ലാത്തിനേയും നിദിദ്ധ്യാസുതുച്ഛമെന്നാണ് കരുതുന്നത്. ബ്രഹ്മാനുഭവം തന്നെയാണ് എല്ലാത്തിനും വലുത്.

'ശം-കല്യാണ മയാനി ഖാനി ഇന്ദ്രിയാണി യസ്യയേനവാ' എന്തിനാലാണോ ഇന്ദ്രിയങ്ങ കല്യാണമയമാകുന്നത്, സർവ്വത്ര കല്യാണമയമായ രൂപത്തിന്റെ ദർശനമുണ്ടായി ഇന്ദ്രിയങ്ങൾ സ്വയം കല്യാണമയമായിത്തീരുന്നു. ആ സാധനയാണ് ശംഖ് അത് നിദിദ്ധ്യാസനം തന്നെയാണ് അതിൽ നിന്നാണ് സർവ്വത്ര ബ്രഹ്മദർശനം പ്രാപ്തമാകുന്നത്. 'ഖം' എന്നാൽ ആകാശം എന്നർത്ഥമുണ്ട്, ബ്രഹ്മം എന്ന അർത്ഥവും പ്രസിദ്ധമാണ്. 'ഖംബ്രഹ്മ, എന്നുണ്ട്. ബ്രഹ്മം ഈ സമയത്തും (സംസാര സമയത്തും) ഉണ്ട്. എന്നാൽ അത് ശംതമമല്ല. കല്യാണതമവും അല്ല. അതിനെക്കുറിച്ചുള്ള ജ്ഞാനം വിജ്ഞാനമാകുമ്പോൾ മാത്രമെ അത് കല്യാണമയമാകുന്നുള്ളു. നിദിദ്ധ്യാസനത്തിനു ശേഷമാണ് ബ്രഹ്മം ശംതമം ആകുകയുള്ളു നിദിദ്ധ്യാസനത്തിലാണ് ബ്രഹ്മത്തിന്റെ പരോക്ഷവും അപരോക്ഷവുമായ ജ്ഞാനമുണ്ടാകുന്നത്. ശ്രവണശേഷം തന്നെ പരോക്ഷജ്ഞാനമുണ്ടാകുമെങ്കിലും, അപരോക്ഷജ്ഞാനമുണ്ടാകുന്നത് നിദിദ്ധ്യാസനത്തിനു ശേഷമാണ്.

(തുടരും .....)

# അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും തകർന്നടിയുന്ന സമ്പദ്വ്യവസ്ഥകളും

എൻ. രാജശേഖരൻ – 9895550719

(തുടർച്ച.....)

പ്രകൃതിസംരക്ഷണ സംഘടനയായ WWF-ന്റെ റിപ്പോർട്ടുകൾ പറയുന്നത് ആഫ്രിക്കൻ രാജ്യങ്ങളിലെ പ്രകൃതി വിഭവങ്ങൾ ഇല്ലാതായിക്കൊണ്ടിരിക്കുന്ന വാർത്തയാണ്. ഇപ്രകാരം പ്രകൃതിവിഭവങ്ങൾ ക്ഷയിച്ചുകൊണ്ടിരിക്കുന്ന രാജ്യങ്ങളുടെ കൂട്ടത്തിൽ ഈജിപ്ത്, ലിബിയ, മൊറോക്കോ, എത്യോപ്യ, കെനിയ, ഉഗാണ്ട, നൈജീരിയ, ദക്ഷിണാഫ്രിക്ക, സിംബാബ്‌വേ എന്നീ രാജ്യങ്ങൾ ഉൾപ്പെടുന്നു. അവിടെയെല്ലാം പ്രകൃതി വിഭവങ്ങളുടെ ലഭ്യതയുടെ ഇരട്ടിയിലധികമാണ് വിഭവങ്ങളുടെ ഉപഭോഗനിരക്ക്, ഇങ്ങനെ മുന്നോട്ട് പോയാൽ 2050 ആകുമ്പോഴേക്കും അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ പോലും കഴിയാതെ വരുന്നതാണ്.

കൂടാതെ ആഫ്രിക്കയിലെ ജനസംഖ്യ കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴത്തെ ജനസംഖ്യയായ 68 കോടിയിൽ നിന്ന് 2050 ആകുമ്പോൾ മൂന്നിരട്ടിയിൽ കൂടുതൽ ഉണ്ടായേക്കും. അന്തരീക്ഷം നാൾക്ക്നാൾ ചുടായികൊണ്ടിരിക്കുകയാണ് മഴ കുറയുന്നത് വിളകളുടെ നാശത്തിനും, കാലി സമ്പത്തിന്റെ നാശത്തിനുമിടയാക്കും. ഇവ സാമ്പത്തികമായി വൻ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കുന്നത്.

ഇന്ത്യയിലെ ജനസംഖ്യ വർദ്ധനവിന്റെ കണക്ക് ഞെട്ടിക്കുന്നത് തന്നെ. ലോക ജനസംഖ്യയുടെ 18% ഇന്ത്യയിലാണ് എന്നാൽ ആഗോള ഭുവ്യസ്തൃതിയുടെ വെറും 2% മാത്രമാണ് ഇന്ത്യ യാതൊരു മാനദണ്ഡവുമില്ലാതെ ഉയർന്നുകൊണ്ടിരിക്കുന്ന ഇന്ത്യയിലെ ജനസംഖ്യ സ്‌പോടനാത്മകമാണ്

മത്സ്യ ബന്ധനവും വിപണനവും മുഖ്യ തൊഴിലാക്കിയ ശ്രീലങ്കയിലെ സ്ഥിതിഗതികളും ആശാവഹമല്ല. കൃഷിഭൂമികൾ ഉപ്പുവെള്ളം കയറിയും, ഭൂഗർഭജലസ്രോതസ്സ് ഇല്ലാതായും ദൈനംദിന ജീവിത സാഹചര്യങ്ങളെ ഗുരുതരമായി ബാധിച്ച് കൊണ്ടിരിക്കുന്നു. മാലിദ്വീപിലെ ജലസ്രോതസ്സാകമാനം ഇല്ലാതാവുകയും, കൃഷി താറുമാറാകുകയും ചെയ്തിരിക്കുന്നു.

കെനിയ, സൊമാലിയ, എത്യോപ്യ, ഉഗാണ്ട എന്നി ആഫ്രിക്കൻ രാജ്യങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. ആഫ്രിക്കൻ രാജ്യങ്ങളിലെ ജനലക്ഷങ്ങൾ അതികഠിനമായ വരൾച്ചകൊണ്ട് ഭക്ഷ്യപ്രതിസന്ധിയെയും, ശുദ്ധജല ക്ഷാമത്തെയുമാണ് നേരിടുന്നത്. കഴിഞ്ഞ പതിനെട്ട് മാസങ്ങളായി അതികഠിനമായ വരൾച്ചയും, ഉയർന്ന താപനിലയുമാണ് ഈ പ്രദേശത്തിലുള്ളത്. ഭക്ഷ്യ വിളകളെല്ലാം നശിക്കുകയും, കന്നുകാലികളുടെയെല്ലാം മരണത്തിനിടയാക്കുകയും ചെയ്തിരിക്കുന്നു. അന്തരീക്ഷം ചൂടുള്ളതും വരണ്ടതുമായി തുടരുന്നത് കാട്ടുതീ അതിവേഗം പടർന്നു പിടിക്കാൻ ഇടയാക്കുന്നു.

ഉത്തരേന്ത്യയിൽ ഹിമാലയൻ മലനിരകളിൽ ഹിമാനികൾ (Glaeier) ശീഘ്രഗതിയിൽ ഉരുകി, ധാരാളം തടാകങ്ങൾ രൂപീകരിക്കപ്പെടുകയാണ്. ഇത്തരം മഞ്ഞ് തടാകങ്ങളുടെ ഭിത്തികൾ അതിലോലമായതിനാൽ ഏതു സമയത്തും അവ തകർന്ന് വൻതോതിൽ ജലം, മണ്ണ്, പാറകൾ തുടങ്ങിയവയുമായി താഴേക്ക് പതിക്കുന്നതിനും മിന്നൽ പ്രളയം സൃഷ്ടിക്കുന്നതിനുമിടയാക്കുന്നതാണ്. ഇത്തരമൊരു മഞ്ഞ് തടാകത്തിന്റെ തകർച്ചയാണ്, 2013 ജൂൺ മാസം കേദാർനാഥിൽ മിന്നൽ പ്രളയം സൃഷ്ടിച്ചതും. 5700-ൽപ്പരം ജനങ്ങളുടെ മരണത്തിനിടയാക്കിയതും. മഞ്ഞ് തടാകങ്ങളുടെ തകർച്ച

യുടെ ഫലം എത്രമാത്രം ഗുരുതരമാണെന്ന് മനസ്സിലാക്കിയിരിക്കുമല്ലോ? ഹിമശൈലങ്ങളിൽ പൊതിഞ്ഞിരിക്കുന്ന ഫോസിൽ ഇന്ധനങ്ങളുടെ പുകയും, കരിയും, സൗരോർജ്ജം കൂടുതലായി ആഗിരണം ചെയ്യപ്പെടുന്നതിനിടയാക്കുന്നു. ഇതും, മഞ്ഞുരുകലിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനിടയാക്കിയ ഒന്നാണ്. ആർട്ടിക് പ്രദേശത്തെ കരിങ്കൽ പാറ പോ ലെ ഉറച്ച മഞ്ഞ് ഉരുകി ജലമായി മാറിക്കൊണ്ടിരിക്കുകയാണ്. 2007-ലെ വേനൽക്കാലത്താണ് സംഭവം ശാസ്ത്രജ്ഞന്മാരുടെ ശ്രദ്ധയിൽപ്പെട്ടത്

ഭൂമിശാസ്ത്രപരമായി ഇനിയും ഉറച്ചിട്ടില്ലാത്ത മലനിരകളാണ് ഹിമാലയൻ മലനിരകളും, പശ്ചിമഘട്ട പർവ്വത നിരകളും. ശാസ്ത്രീയമായ പഠനം നടത്താതെ ഗംഗയുടെ കൈവഴികളിലെ ല്ലാം നിർമ്മിച്ചിരിക്കുന്ന അണക്കെട്ടുകൾ എത്രയോ വൻദുരന്തങ്ങളാണ് ഭാവിയിൽ സൃഷ്ടിക്കാൻ പോകുന്നത്? ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണത്തിലുടനീളം അതിശക്തമായ സ്പോടനങ്ങൾ, ആഴത്തിലുള്ള ഖനനം, കൂറ്റൻ യന്ത്രങ്ങളുടെ പ്രവർത്തനം എന്നിവയെല്ലാം ഇവിടെ നടത്തിയിരുന്ന കാര്യം ഓർക്കുക. ഇവ, ഭൂമിയുടെ സന്തുലിതാവസ്ഥക്ക് വൻ തോതിൽ കോട്ടം സൃഷ്ടിച്ച് കാണുമെന്നതിൽ സംശയിക്കേണ്ടതില്ല. വൻകിട ജലവൈദ്യുത പദ്ധതികളുടെ ഭാരം താങ്ങാനുള്ള ശേഷി ഹിമാലയൻ പർവ്വത നിരകൾക്കും, പശ്ചിമഘട്ട പർവ്വതനിരകൾക്കും ഇല്ല. അണക്കെട്ടുകൾ സൃഷ്ടിക്കുന്ന ദുരന്തങ്ങളെ ല്ലാം തന്നെ മലകൾ തുരന്ന് നിർമ്മിക്കുന്ന ടണലുകൾക്കും സംഭവിക്കാവുന്നതാണ്.

അക്ഷരാർത്ഥത്തിൽ കനത്ത ചൂടിൽ വെന്തുരുകികൊണ്ടിരിക്കുകയാണ് ആഫ്രിക്ക. ആഫ്രിക്കയുടെ സാഹിർ പ്രദേശത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉഷ്ണതരംഗത്തിന് പിന്നിലും മനുഷ്യനിർമ്മിതമായ കാലാവസ്ഥാ മാറ്റങ്ങൾ തന്നെ. ഇരുന്നൂറ് വർഷങ്ങളിലൊരിക്കൽ മാത്രം ഉണ്ടാകുന്ന ഉഷ്ണതരംഗങ്ങളുടെ കാരണവും മനുഷ്യന്റെ പ്രവർത്തികൾ കൊണ്ട് മാത്രം ഉണ്ടാകുന്നതാണ്. വേൾഡ് വെതർ ആട്രിബ്യൂഷൻ (WWA) നടത്തിയ പഠന റിപ്പോർട്ടിലാണ് ഈ വസ്തുതകൾ വിവരിച്ചിരിക്കുന്നത്.

പടിഞ്ഞാറൻ ആഫ്രിക്കയിലെ മിക്ക സ്ഥലങ്ങളിലും താപനില 45 ഡിഗ്രി സെൽഷ്യസിന് മുകളിലാണ് സാഹിർ പ്രദേശത്ത് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ 45 ഡിഗ്രി സെൽഷ്യസിന് മുകളിലെത്തിയിരിക്കുന്നു. മാലി, ബുർക്കിനാ ഫാസോ എന്നിവിടങ്ങളിൽ ചൂട് മൂലം നിരവധിപ്പേർ മരണമടഞ്ഞു. കഴിഞ്ഞ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ കേരളത്തിൽ 25-ൽ കൂടുതൽ പേർ മരിക്കാനിടയായല്ലോ? കേരളത്തിൽ പ്രത്യേകിച്ച് പാലക്കാട്ട് താപനില 51.5 ഡിഗ്രി സെൽഷ്യസ് വരെ എത്തിയത് ഓർക്കുക.

സമുദ്രങ്ങളിലെല്ലാം തന്നെ പ്രത്യേകിച്ച് ഇന്ത്യൻ മഹാസമുദ്രത്തിൽ താപനം ഉപരിതലത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നില്ല. 2000 മീറ്റർ ആഴത്തിൽ വരെ ചൂട് വ്യാപിക്കുന്നുണ്ട്. ഇങ്ങനെ വർദ്ധിക്കുന്ന ചൂട് സമുദ്രനിരപ്പ് ഉയരുന്നതിനാണ് ഇടയാക്കുക. കടലിലെ ജലത്തിന്റെ ചൂട് അധികരിക്കുന്നത് കടലൊഴുക്കുകളുടെ ദിശ മാറുന്നതിനും ചിലപ്പോൾ ദിവസങ്ങളോളം തുടർച്ചയായി മഴപെയ്യുന്നതിനുമിടയാക്കുന്നു.

കാലാവസ്ഥയിലെ ഈ അസാധാരണ മാറ്റങ്ങൾ മരുഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാൻ ഇടവരുത്തുന്നു. കടലിലെ ജലത്തിന്റെ ചൂട് വർദ്ധിക്കുന്നത് കാരണം സമുദ്രത്തിലെ പവിഴപ്പുറ്റുകൾ, ഓരോ ദിവസവും ടൺ കണക്കിന് ഓക്സിജനെ പുറത്തേക്ക് വിടുന്ന മൗണ്ട് പ്രോളോറോകോക്കസ്സ് എന്ന ബാക്ടീരിയയുടെ സർവ്വനാശം എന്നിവ മനുഷ്യന് വൻദുരന്തങ്ങൾ വരുത്തിവക്കാൻ പോന്നവയാണ് .

ഭക്ഷ്യ വിലക്കയറ്റം അങ്ങേ അറ്റത്തെ നിലയിലെത്തും അന്തരീക്ഷോഷ്മാവ് 2.8 മുതൽ 4.8 ഡിഗ്രി സെൽഷ്യസിനും ഇടയിൽ വർദ്ധിക്കുമ്പോൾ നെല്ലുൽപ്പാദനം 40% വരെയും ഗോതമ്പ് ഉൽപ്പാദനം 41% മുതൽ 83% വരെയും കു

റയുമെന്ന് ഇന്റർനാഷണൽ റൈസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ പഠനം വ്യക്തമാക്കുന്നു.

ജലസേചന സൗകര്യം ഇല്ലാതായാൽ ബീഹാർ, ഒഡിഷ, അസം, പശ്ചിമബംഗാൾ ഉത്തർപ്രദേശ് എന്നി സംസ്ഥാനങ്ങളിലെ പാടങ്ങളിൽ കൃഷി ചെയ്യാൻ കഴിയാതെ വരുന്നതാണ് ഈ സംസ്ഥാനങ്ങളിൽ നിന്നാണ് 66% നെല്ലും കൃഷി ചെയ്തുവരുന്നത്.

അതുപോലെ തന്നെ ഗോതമ്പ് ഉൽപ്പാദിപ്പിക്കുന്ന ഉത്തർ പ്രദേശ, മധ്യപ്രദേശ്, ബീഹാർ, രാജസ്ഥാൻ എന്നി സംസ്ഥാനങ്ങളിലെ പാടങ്ങളിലും ജലസേചന സൗകര്യം ഇല്ലാതായാൽ ഗോതമ്പുൽപ്പാദനത്തെ വല്ലാതെ ബാധിക്കുന്നതാണ്. ഈ സംസ്ഥാനത്ത് നിന്നാണ് 68% ഗോതമ്പും ഉൽപ്പാദിപ്പിക്കപ്പെടുന്നത്. കാലാവസ്ഥയിലുണ്ടാകുന്ന ഈ മാറ്റങ്ങൾ കാർഷിക ഉൽപ്പാദനത്തെ വലിയ നിലയിൽ തന്നെ ബാധിക്കും ഇത് പണപ്പെരുപ്പത്തെയും സ്വാധിനിക്കുന്നതാണ്.

കാലാവസ്ഥയിലുണ്ടാകുന്ന തീരെ ചെറിയ മാറ്റങ്ങൾ പോലും വിലവർദ്ധനവിൽ ചെന്ന് നിൽക്കുന്നതാണ്. ഇവയെല്ലാം പ്രത്യേകിച്ചും പണപ്പെരുപ്പം ദാരിദ്ര്യനിരക്ക് വർദ്ധിപ്പിക്കുന്നതിനാണ് ഇടയാക്കുക. താൽക്കാലിക വില നിയന്ത്രണത്തിന് വേണ്ടി സർക്കാരുകൾ നടപ്പിലാക്കുന്ന നിയന്ത്രണങ്ങൾ ഫലപ്രാപ്തിയിലെത്തുകയില്ല. ജലസുരക്ഷ ഉറപ്പാക്കേണ്ടിയിരിക്കുന്നു. ജലം പാഴാക്കി കളയുന്നത് കർശനമായി നിയന്ത്രിക്കണം. ഇന്ധനത്തിൽ ഓടുന്ന വാഹനങ്ങൾ കഴിയുന്നത്ര കുറയ്ക്കണം. ട്രെയിൻ, ബസ്സ്, ബോട്ടുകൾ എന്നി സൗകര്യങ്ങൾ പ്രയോജനപ്പെടുത്താൻ ആളുകളെ പ്രേരിപ്പിക്കണം. വൈദ്യുതിയിൽ ഓടുന്ന വാഹനങ്ങളെ കൂടുതൽ പ്രോത്സാഹിപ്പിക്കണം. കൂടുതൽ ചാർജ്ജിങ് സ്റ്റേഷനുകൾ ഏർപ്പെടുത്തണം.

**സാമ്പത്തിക പ്രത്യാഘാതങ്ങൾ**


കഴിഞ്ഞ അഞ്ച് വർഷങ്ങൾക്കിടയിൽ 21000 പേരുടെ മരണത്തിനും, 42260 കോടി രൂപയുടെ വസ്തുവഹകൾക്കും, നാശമുണ്ടായത് അതിതീവ്ര കാലാവസ്ഥാ മാറ്റങ്ങളുടെ കാരണങ്ങൾ കൊണ്ടുമാത്രമാണ്. ഉഷ്ണതരംഗങ്ങൾ മൂലമാണ് മരണം സംഭവിച്ചതെങ്കിൽ ചുഴലിക്കാറ്റുകൾ, കൊടുങ്കാറ്റുകൾ എന്നിവയാണ് വസ്തുവഹകളുടെ നാശത്തിന് കാരണം. ഇത് ലോക അന്തരീക്ഷ പഠനകേന്ദ്രം പുറത്തുവിട്ട റിപ്പോർട്ടിലാണ് പറയുന്നത്. തീവ്രകലാവസ്ഥാ മാറ്റങ്ങൾ കൊണ്ട് സംഭവിച്ച നാശനഷ്ടങ്ങളിൽ നാലെണ്ണവും ഇന്ത്യയിലാണ് സംഭവിച്ചത്. ആഗോള തലത്തിൽ തന്നെ കാലാവസ്ഥാമാറ്റങ്ങൾ ദോഷകരമായി ബാധിക്കുന്ന രാജ്യങ്ങളിൽ ഇന്ത്യക്ക് ഏഴാം സ്ഥാനമാണുള്ളത്. 2017-ൽ വടക്കുകിഴക്കൻ പ്രദേശങ്ങളിലുണ്ടായ വെള്ളപ്പൊക്കം, 2018-ൽ കേരളത്തിലുണ്ടായ മഹാപ്രളയം, 2015-ൽ ഇന്ത്യയിലും, പാകിസ്ഥാനിലുമുണ്ടായ ഉഷ്ണതരംഗം എന്നിവയെല്ലാം നോക്കുമ്പോൾ കാലാവസ്ഥാമാറ്റങ്ങൾ ഏറ്റവും ദോഷകരമായി ബാധിക്കുന്ന പ്രദേശങ്ങളിൽ 7-ാം സ്ഥാനം ഇന്ത്യക്കാണെന്നുള്ളത് സത്യസന്ധമായ റിപ്പോർട്ട് തന്നെയാണ്. 2018 - ലെ കേരളത്തിലുണ്ടായ മഹാപ്രളയം ഒന്ന് പരിശോധിക്കുക. 1361 കോടി രൂപയുടെ നാശനഷ്ടങ്ങളാണ് കാർഷികമേഖലക്ക് മാത്രം ഉണ്ടായത്, പതിനായിരക്കണക്കിന് ഭൂമി - ഉദ്ദേശം 47000 ഹെക്ടർ കൃഷിഭൂമിയിൽ വീണ്ടും കൃഷി ചെയ്യേണ്ടി വന്നു.

അന്തരീക്ഷോഷ്മാവിൽ ഉണ്ടാകുന്ന ഒരു ശതമാനം വർദ്ധനവ്, ആളോഹരി വരുമാനത്തി ൽ 4.7 ശതമാനം കുറവുണ്ടാകും. മദ്രാസ്സ് സ്കൂൾ ഓഫ് ഇക്കണോമിക്സ് 2020-ൽ നടത്തിയ പഠനങ്ങളാണ് ഇത് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. അതുപോലെ തന്നെ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു റിപ്പോർട്ട് പ്രകാരം 2050 വർഷത്തോടുകൂടി ഇന്ത്യൻ കാലാവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ മൊത്തം ആഭ്യന്തരവരുമാനത്തിന്റെ 2.8 ശതമാനമാണ് കുറയുന്നതിനിടയാക്കുക. കൂടാതെ ജീവിത നില

വാരം പകുതിയായി കുറയുന്നതിനുമിടയാകും. കാലാവസ്ഥാമാറ്റങ്ങൾ കൊണ്ടുതന്നെ ചില സ്ഥലങ്ങളിൽ മഴയുടെ കുറവും, എന്നാൽ മറ്റു ചില സ്ഥലങ്ങളിൽ അതിതീവ്രമഴയും ഉണ്ടായേക്കും. ഈ രണ്ട് പ്രത്യേകതകൾ കൊണ്ടും കാർഷിക ഉത്പന്നങ്ങളുടെ കാര്യമായ കുറവിനാണ് ഇടയാക്കുക. ഉത്പാദനം കൂടുമ്പോൾ വിലക്കുറവിനും, പണപ്പെരുപ്പത്തിനുമിടയാക്കും. ഉത്പാദനം കുറയുമ്പോൾ കർഷകരുടെ കൈവശം പണം കുറയുകയും ചെയ്യും. തൊഴിലാളികളുടെ ഉത്പാദന ക്ഷമത കുറയുന്നത് ഉത്പാദന ചിലവ് വർദ്ധിക്കുന്നതിനിടയാക്കും. ഇത് ലാഭനിരക്ക് കുറയുന്നതിനിടയാക്കും.

ഇന്ത്യയിലാകട്ടെ മൊത്ത ആഭ്യന്തര ഉത്പാദനത്തിൽ, കാർബൺ ബഹിർഗമനം ഏറ്റവും കുറവായത് സേവനമേഖലയുടെതാണെന്ന് കാണാം. ഇത് വർദ്ധിച്ച് വരികയാണ്. മൊത്ത സംയോജിത മൂല്യവും (Gross Composite Value) കാർബൺഡൈയോക്സൈഡിന്റെ ബഹിർഗമനവും, തമ്മിലുള്ള ബന്ധം ഒന്ന് പരിശോധിച്ച് നോക്കാം. മൊത്തം സംജോജനമൂല്യത്തിൽ 9 ശതമാനം സംഭാവന ചെയ്യുന്ന രംഗങ്ങളായവൈദ്യുതി, ഗതാഗതം, ലോഹ വ്യവസായം എന്നിവയാണ് കൂടുതൽ കാർബൺഡൈയോക്സൈഡ് ബഹിർഗമനം നടത്തുന്നത്. എന്നാൽ കംപ്യൂട്ടർ അധിഷ്ഠിത സേവനങ്ങൾ, പ്രൊഫഷണൽ സേവനങ്ങൾ, മൊത്തവ്യാപാരം എന്നിവ, മൊത്ത സംയോജനമൂല്യത്തിന്റെ 27 ശതമാനം വരുമെങ്കിലും ഇവ വളരെ കുറച്ചു മാത്രം കാർബൺഡൈയോക്സൈഡ് ബഹിർഗമനമേ നടത്തുന്നുള്ളു. ഇതിൽ നിന്നും മൊത്ത സംയോജനമൂല്യത്തിൽ കൂടുതൽ സംഭാവന നടത്തുന്ന മേഖലകളല്ല കൂടുതൽ കാർബൺ ബഹിർഗമനം നടത്തുന്നത്. എന്നാൽ മൊത്ത സംയോജിത മൂല്യത്തിൽ കൂടുതൽ കാർബൺ ബഹിർഗമനം നടത്തുന്ന വ്യവസായ മേഖലയുടെ സംഭാവന കുറവും, കുറച്ചു മാത്രം കാർബൺ ബഹിർഗമനം നടത്തുന്ന സേവന മേഖലയുടെ സംഭാവന കൂടുതലുമാണ്, ഇതുകൊണ്ട് നിയന്ത്രണം എളുപ്പമായിരിക്കും.

(തുടരും .....)



മിനിക്കഥ

ഉണ്ണി വാരിയത്ത് – 9867179480

## രക്ഷ

കാലം ലോകത്തെ വല്ലാതെ മാറ്റി മറിച്ചിരിക്കുന്നുവെന്ന് അയാൾക്കു തോന്നി.

എവിടെയും ചതിക്കുഴികളാണ്. ചതുപ്പുനിലങ്ങളും. ജീവിതയാത്ര അപകടകരമായിരിക്കുന്നു.

കണ്ണും കാതും തുറന്നുവെച്ചതുകൊണ്ടു മാത്രം കാര്യമില്ല. മനസ്സു തുറന്നു പ്രാർത്ഥിക്കണം. ദൈനംദിനം പ്രാർത്ഥന കൂടുതൽക്കൂടുതൽ ആഴപ്പെടണം. അല്ലാതില്ലൊരു രക്ഷ അയാൾ തിരിച്ചറിയുന്നു.

# *ദൃഗ് ദൃശ്യ വിവേകം* (*29*)

സി. നാരായണൻ – 9819456012

പ്രതിഭാസിക ജീവോ യഃ
തത് ജഗത് പ്രതിഭാസികം
വാസ്തവം മന്യതേ യസ്തു
മിഥ്യേതി വ്യാവഹാരികഃ (40)

പ്രതിഭാസിക ജീവ = സ്വപ്നത്തിലെ ജീവൻ
പ്രതിഭാസികം ജഗത് = സ്വപ്നത്തിലെ ലോകം
വാസ്തവം = ശരിക്കുമുള്ളത്
മാന്യതേ = കണക്കാക്കുന്നു
തു = എന്നാൽ
വ്യാവഹാരിക = ജാഗ്രത്തിൽ ഉള്ള
മിഥ്യ ഇത് = ശരിക്കും ഇല്ലാത്തത് എന്ന്

(പ്രതിഭാസിക ജീവൻ സ്വപ്നലോകത്തെ ശരിക്കും ഉള്ളതെന്നു കരുതുന്നു. എന്നാൽ ജാഗ്രതയിലേക്ക് കടക്കുമ്പോൾ സ്വപ്നത്തിൽ കണ്ടതെല്ലാം മിഥ്യയാണെന്ന് മനസ്സിലാക്കുന്നു)

വ്യാവഹാരിക ജീവോ യഃ
തസ്തജ്ജഗദ്വ്യാവഹാരികം
സത്യം പ്രത്യേതി മിഥ്യേതി
മാന്യതേ പാരമാർത്ഥികഃ (41)

യഃ = യാതൊരു
വ്യാവഹാരിക ജീവഃ = ജാഗ്രതാവസ്ഥയിലെ ജീവൻ
വ്യാവഹാരികം = ജാഗ്രതാവസ്ഥയിലെ
ജഗത്ത് = ലോകം
പ്രത്യേതി = ശരിയായെടുക്കുന്നു
പരമാർത്ഥിക = ജ്ഞാനി
മിഥ്യ = ശരിക്കും ഇല്ലാത്തത്
ഇതി മന്യതേ = എന്ന് കരുതുന്നു

(ജാഗ്രതവസ്ഥയിലെ ജീവൻ, ജാഗ്രത്തിൽ കാണപ്പെടുന്ന ലോകം യഥാർത്ഥമാണെന്ന് വിശ്വസിക്കുന്നു. എന്നാൽ ജ്ഞാനി അത് മിഥ്യയാണെന്ന് മനസ്സിലാക്കുന്നു.)

കഴിഞ്ഞ ഏതാനും ശ്ലോകങ്ങളായി ആചാര്യൻ വ്യാവഹാരിക ജീവൻ പ്രാതിഭാസിക ജീവനെ പോലെത്തന്നെ മിഥ്യയാണെന്നു നമുക്കു മനസ്സിലാക്കി തരാൻ ശ്രമിക്കുകയാണല്ലോ. അന്തഃകരണത്തിൽ നിന്ന് വിട്ടിട്ട് രണ്ടിനും അസ്തിത്വമില്ല. സ്വപ്നത്തിലുണ്ടായിരുന്ന ഞാനും, സ്വപ്നത്തിൽ ഞാൻ വ്യവഹരിച്ച ലോകവും മിഥ്യകളായിരുന്നുവെന്നു ഇപ്പോൾ ജാഗ്രതാവസ്ഥയിലിരിക്കുന്ന എനിക്കറിയാം. പക്ഷേ സ്വപ്നത്തിലായിരുന്നപ്പോൾ സ്വപ്നപുരുഷനും, സ്വപ്നത്തിൽ കണ്ട ലോകവും എനിക്കു സത്യമായിരുന്നു 40, 41 എന്നീ ശ്ലോകങ്ങളിൽ സ്വപ്നത്തിലെ ജഗത്ത് സ്വപ്നത്തിലെ ജീവനു സത്യമെന്നു തോന്നിയത് പോലെത്തന്നെയാണ്, ജാഗ്രത്തിലെ ജീവന് ജാഗ്രത്തിലെ ലോകം സത്യമായി തോന്നുന്നതെന്നു പ്രസ്താവിക്കുന്നു. കാരണം, സ്വപ്ന പുരുഷനെ പോലെ ജാഗ്രത്തിലെ പുരുഷനും മിഥ്യയാണ്. പ്രമാതാ തന്നെ മിഥ്യയാണെങ്കിൽ പ്രമേയവും മിഥ്യയായിരിക്കണമല്ലോ.

ന്യായശാസ്ത്രത്തിൽ ഒരു കാര്യം സ്ഥാപിക്കാൻ അഞ്ചു വാദമുഖങ്ങൾ അവതരിപ്പിക്കുന്ന രീതി എല്ലാവർക്കും സ്വീകാര്യമാണ്. പ്രതിജ്ഞ, ഹേതു, ദൃഷ്ടാന്തം, ഹേതൂപനയം, നിഗമനം എന്നിവയാണ് ആ അഞ്ചു വാദമുഖങ്ങൾ. പ്രതിജ്ഞ എന്നാൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന വസ്തുത. ഇവിടെ ജാഗ്രത്തിൽ കാണുന്ന വസ്തുക്കൾ അസത്യങ്ങളാകുന്നുവെന്നാണ് സ്ഥാപിക്കാനുദ്ദേശിക്കുന്ന വസ്തുത. ദൃശ്യത്വം എന്നത് ഹേതു. സ്വപ്നത്തിലെ പദാർത്ഥങ്ങൾ എന്ന പോലെ എന്നത് ദൃഷ്ടാന്തം. സ്വപ്നത്തിലെ പദാർത്ഥങ്ങൾ അസത്യങ്ങളായിരുന്നു എന്നത് ഹേതൂപനയം. ജാ

ഗ്രത് പദാർത്ഥങ്ങൾ അസത്യങ്ങൾ ആണെന്ന് നിഗമനം.

ദൃശ്യത്വം, അനിത്യത്വം എന്ന രണ്ടും ജാഗ്രത്തിലെയും സ്വപ്നത്തിലെയും പദാർത്ഥങ്ങൾക്ക് തുല്യമാണ്. ഗ്രാഹ്യ ഗ്രാഹകഭാവവും രണ്ടിലും ഒരുപോലെയാണ്. അനുഭവിക്കുന്ന സമയത്തല്ലാതെ പൂർവാപരകാലങ്ങളിൽ രണ്ടും ഇല്ലാതാകുന്നു. അതുകൊണ്ട് സ്വപ്നവും ജാഗ്രത്വവും തുല്യമാണെന്ന് പറയാം എന്ന കാര്യത്തിൽ സംശയമില്ല .ജാഗ്രത്തിനേയും സ്വപ്നമായി തന്നെ കണക്കാക്കാം

ജാഗ്രതാവസ്ഥ സ്വപ്നം പോലെതന്നെ അസത്യമാണെന്നത് അംഗീകരിക്കാൻ പലരും തയ്യാറാവാറില്ല. അവർ പറയുന്ന വാദങ്ങൾ ഇങ്ങനെയൊക്കെയാണ്

**1)** സ്വപ്നത്തിലെ വിഷയത്തെ ഒരാൾ മാത്രം കാണുന്നു. എന്നാൽ ജാഗ്രത്തിലെ വിഷയങ്ങൾ ഒരാൾ മാത്രമല്ല കാണുന്നത്. ഉദാഹരണത്തിന് വഴിയിലൂടെ ഒരു ആന നടന്നു പോകുമ്പോൾ ആ ആനയെ ഒരാൾ മാത്രമല്ല പലരും കാണുന്നുണ്ട്. പക്ഷേ സ്വപ്നത്തിൽ ഒരാനയെ കാണുമ്പോൾ സ്വപ്നം കാണുന്നവൻ മാത്രമാണ് കാണുന്നത്. അതുകൊണ്ട് അതിന് യാഥാർത്ഥ്യമില്ല (അതിനുത്തരം, ജാഗ്രത്തിലെ ആനയെ ജാഗ്രത്തിലെ പലരും കണ്ടതുപോലെ സ്വപ്നത്തിലെ ആനയെ സ്വപ്നത്തിലുള്ള പലരും കാണുന്നുണ്ടല്ലോ. സത്യത്വം രണ്ടാനകൾക്കും തുല്യം തന്നെ)

**2)** രണ്ടാമത്തെ വാദമുഖം, സ്വപ്നത്തിലെ പദാർത്ഥങ്ങളെ കൊണ്ട് പ്രയോജനമില്ല. ഉദാഹരണത്തിന് സ്വപ്നത്തിൽ ഞാനൊരുകോടി രൂപയുടെ ലോട്ടറി അടിച്ചു എന്നിരിക്കട്ടെ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. അത് ബാങ്കിൽ നിക്ഷേപിക്കാനോ പിന്നീട് ഉപയോഗിക്കാനോ ഉതകുന്നില്ല. എന്നാൽ ജാഗ്രത്തിൽ സമ്പാദിക്കുന്ന വസ്തു പ്രയോജനകരങ്ങളാണ് (ആ വാദവും ശരിയല്ല. കാരണം, ഒരവസ്ഥയിലെ പദാർത്ഥങ്ങൾ ആ അവസ്ഥയിൽ മാത്രം പ്രയോജനകരങ്ങളായിരിക്കുന്നു. സ്വപ്നത്തിൽ വിശപ്പ് മാറ്റാൻ സ്വപ്നത്തിലെ ആഹാരം തന്നെ വേണം. നിങ്ങൾ പറയുന്ന ജാഗ്രത്തിന്റെ സത്യമായ ഒരു വസ്തുവും സ്വപ്നത്തിൽ തീരെ നിരുപയോഗപ്രദമാണ്. വീട്ടിൽ രണ്ടു കാറുകളുണ്ടെങ്കിലും സ്വപ്നത്തിൽ ചിലപ്പോൾ അവശനായി മൈലുകളോളം നടക്കേണ്ടിവന്നേക്കും)

**3)** ജാഗ്രത്തിലെ പദാർത്ഥങ്ങൾ ദീർഘകാലം നിലനിൽക്കുന്നു സ്വപ്നത്തിലെ വസ്തുക്കൾ കുറച്ചുകാലം മാത്രമേ നിലനിൽക്കുന്നുള്ളൂ (ആ വാദത്തിലും വലിയ കഴമ്പൊന്നുമില്ല. സ്വപ്നത്തിൽ ചിലപ്പോഴൊക്കെ വർഷങ്ങൾ ജീവിക്കുന്നതായി അനുഭവപ്പെടാറുണ്ട്)

**4)** സ്വപ്നത്തിലെ പദാർത്ഥങ്ങൾക്ക് സ്പുടതയില്ല. അവ തെളിഞ്ഞു കാണുന്നില്ല. ജാഗ്രത്തിൽ എല്ലാം വ്യക്തമായി കാണാൻ സാധിക്കുന്നു (പക്ഷേ സ്വപ്നത്തിൽ ആയിരിക്കുമ്പോൾ നമുക്കങ്ങനെ തോന്നാറില്ലല്ലോ. സ്വപ്നത്തിൽ നാം എപ്പോഴെങ്കിലും ഒരു വസ്തു വ്യക്തമായി കാണുന്നില്ല, അതുകൊണ്ട് അത് സ്വപ്നവസ്തു ആയിരിക്കണം എന്ന് വിചാരിച്ചു തള്ളിക്കളഞ്ഞിട്ടുണ്ടോ?)

5) സ്വപ്നത്തിൽ വിചിത്ര വസ്തുക്കളെ കാണാം, ചിലപ്പോൾ നാല് കൊമ്പുള്ള ആനയേയും മറ്റും. എന്നാൽ ജാഗ്രത്തിൽ എപ്പോളും സാധാരണ വസ്തുക്കളെ മാത്രമേ കാണുന്നുള്ളൂ. ആയതിനാൽ ജാഗ്രത് സത്യവും സ്വപ്നം അസത്യവുമാണ്. (സാധാരണം, അസാധാരണം എന്നുള്ളത് തികച്ചും ആപേക്ഷികമാണ്. ഉദാഹരണത്തിന് കടലിനടിയിൽ മനുഷ്യൻ ഇതുവരെ കടന്നു ചെന്നിട്ടില്ലാത്ത സ്ഥലങ്ങളുണ്ട് . അവിടെ ചിലപ്പോൾ വിചിത്രമായ വസ്തുക്കളെ കണ്ടെന്നിരിക്കും. അക്കാരണത്താൽ അതിനെ സത്യമല്ലന്ന് പറഞ്ഞ് തള്ളിക്കളയാമോ? ഓരോ ലോകത്തും, ഓരോ വസ്തുക്കൾ ആയിരിക്കും സാധാരണം. സ്വർഗ്ഗലോകത്തിലെ ഇന്ദ്രന് ആയിരം കണ്ണുകൾ ഉണ്ടെന്നു പറയുന്നു. വേദത്തിൽ വിശ്വസിക്കുന്ന ഒരു ആസ്തികൻ

അതിൽ ഒരു അസാധാരണത്വവും കാണില്ല)

ജാഗ്രത്തിലെ അനുഭവവും സ്വപ്നത്തിലെ അനുഭവവും സമാനങ്ങളാണെന്ന് തെളിയിക്കാൻ ചെറിയൊരു പരീക്ഷണം നടത്തിയാൽ മതി. കൈകൾ രണ്ടും കൂട്ടിയടിക്കുക. അപ്പോൾ ഒരു ശബ്ദം കേൾക്കുമല്ലോ. ഉടനടി കണ്ണുകളടച്ച് ആ ശബ്ദം മനസ്സിൽ ഓർക്കുക. ആ ശബ്ദം അതേപോലെതന്നെ മനസ്സിൽ കേൾക്കാം. ആദ്യം കൈകൾ തമ്മിലടിച്ചപ്പോൾ കേട്ട ശബ്ദം ജാഗ്രത്തിനെയും, മനസ്സിൽ അത് പുനഃസൃഷ്ടിച്ചത് സ്വപ്നത്തെയും കുറിക്കുന്നു. അവ രണ്ടും തമ്മിൽ വലിയ വ്യത്യാസമൈന്നുമില്ലെന്ന് മനസ്സിലാക്കാം എന്നിൽ നിന്ന് വേറിട്ട് മറ്റൊന്നിനെ കണ്ടില്ലെങ്കിൽ പിന്നെ വ്യവഹാരം സാദ്ധ്യമല്ല. എന്നിൽ നിന്ന് വേറിട്ട് മറ്റൊരു വസ്തുവിനെ കാണുന്ന ദ്വൈതം മായയുടെ ചെയ്തിയാണെന്ന് ശ്രീ ഗൗഡപാദാചാര്യർ ഇങ്ങനെ പ്രസ്താവിക്കുന്നു

'യഥാ സ്വപ്നേ ദ്വയാഭാസം
ചിത്തം ചലതി മായയാ
തഥാ ജാഗ്രദ് ദ്വയാഭാസം
ചിത്തം ചലതി മായയാ'

(സ്വപ്നത്തിൽ മനസ്സ് മായ കൊണ്ട് രണ്ടുണ്ടെന്ന് തോന്നത്തക്ക വിധത്തിൽ ചലിക്കുന്നത് പോലെ ജാഗ്രത്തിലും മനസ്സ് മായ കൊണ്ട് ഗ്രാഹ്യമെന്നും ഗ്രാഹകമെന്നും രണ്ടുണ്ടെന്ന് തോന്നുന്ന വിധത്തിൽ ചലിക്കുന്നു) 42 -ാം മത്തെ ശ്ലോകത്തിന്റെ അവസാനത്തെ വരിയിൽ പറയുന്നു,

"പരമാർത്ഥികഃ
വ്യാവഹാരികം ജഗദ്
മിഥ്യേതി മന്യതേ"

(ജ്ഞാനി വ്യവഹാരിക ജഗത്തിനേയും മിത്ഥ്യയായി അറിയുന്നു) ഇവിടെ പാരമാർത്ഥികഃ എന്നു പറഞ്ഞിട്ടുള്ളത് ജ്ഞാനിയെയാണ്. അതായത് പാരമാർത്ഥിക ദൃഷ്ടിയുള്ളവൻ.

ഇതുവരെ പറഞ്ഞതിൽ നിന്ന് ഒരാളുടെ ദൃഷ്ടിയനുസരിച്ചാണ് സത്യത്തിന്റെ അനുഭവം എന്ന് വ്യക്തമാകുന്നുണ്ടല്ലോ. അർദ്ധവികസിതമായ അഹങ്കാരത്തോടു താദാത്മ്യം പ്രാപിക്കുമ്പോൾ ജീവൻ സ്വപ്ന പുരുഷനായി തീരുന്നു. അവന്റെ ദൃഷ്ടിയിൽ സത്യം സ്വപ്നമായി കാണപ്പെടുന്നു.

പൂർണ്ണ വികസിതമായ അഹങ്കാരത്തോടെ ചേരുമ്പോൾ ജീവൻ ജാഗ്രദാവസ്ഥയെ പ്രാപിക്കുന്നു. ഈ അവസ്ഥയിലെ ദൃഷ്ടിയിൽ ജീവൻ ബ്രഹ്മത്തെ വ്യാവഹാരികലോകമായി കാണുന്നു. ഈ രണ്ടവസ്ഥയിലും ജീവൻ തന്റെ പാരമാർത്ഥികത മനസ്സിലാക്കുന്നില്ല. എന്നാൽ ജ്ഞാനലബ്ധിയിൽ ജീവൻ അഹങ്കാരത്തിൽ നിന്ന് മോചിതനായിത്തീരുന്നു. അവൻ തന്റെ പരമാർത്ഥസത്യം കണ്ടെത്തുന്നു.

അദ്ദേഹത്തെയാണ് ഈ ശ്ലോകത്തിൽ പരമാർത്ഥികഃ എന്നു വിശേഷിപ്പിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ വ്യാവഹാരിക ജഗത്ത് വെറും മിഥ്യയാണ്. അപ്പോൾ പ്രതിഭാസിക ജഗത്തിന്റെ കാര്യം പറയാനുണ്ടോ?

(തുടരും.....)


## 14-ാം ചരമവാർഷികം

**04-10-2025**



**പാരിജാതം ജി. മേനോൻ**

'മേലങ്ങത്ത്'

ആലപ്പാട്ട് റോഡ്, രവിപുരം, കൊച്ചി-682016

*സന്തപ്ത കുടുംബാംഗങ്ങൾ*

കഥ

# അപാല

പ്രൊഫസർ അംബുജാക്ഷി, ആലുവ – 9447577652

നീർച്ചാലുകൾ ഏറെയുള്ള ഒരു ൾക്കാട്. നിബിഡമായ വനം. തളിർത്തും, പൂത്തും, കായ്ച്ചും നിൽക്കുന്ന വൃക്ഷലതാദികൾ. ദണ്ഡകാരണ്യത്തിലെ ഒരുൾപ്രദേശം. എന്നാൽ പക്ഷികളും ശലഭങ്ങളും ചില നിരുപദ്രവികളായ കൊച്ചുമൃഗങ്ങളുമൊഴികെ മറ്റൊന്നും ഇവിടെ കാണുന്നില്ല. ഒരു സാത്വിക പ്രഭാവമുള്ള കുളിരും നിശബ്ദതയും എന്നാൽ ഇതിനപ്പുറം കാണുന്ന ഒരു സമതലപ്രദേശം ഉണ്ട്. എന്റെ പിതാവിന്റെ കൃഷിഭൂമി. അവിടെ മാത്രം ഒട്ടും ഫലഭുയിഷ്ടമല്ലാത്ത വരണ്ട മണ്ണാണ്.

എന്റെ പിതാവ് അത്രിമഹർഷി അദ്ദേഹം ഒരു വൈദീക മുനിയാണ്. ഒട്ടേറെ വേദസൂക്തങ്ങൾ കണ്ടെത്തിയ മഹാതാപസൻ. എന്റെ അമ്മയോ? കുടുംബജീവിതമെന്ന മഹായജ്ഞത്തിലൂടെ വിശ്വപ്രസിദ്ധയായ അനസൂയാദേവിയും. ഞങ്ങൾ നാലുമക്കൾ.

ബ്രഹ്മചൈതന്യം തുളുമ്പുന്ന പരമ സുന്ദരനും സൗമ്യനുമായ സോമൻ, വൈഷ്ണവ പ്രഭാവം സ്ഫുരിക്കുന്ന ദത്താത്രേയൻ, പിന്നെ ഇത്തിരി മുൻകോപക്കാരനും ശിവഭക്തനുമായ ദുർവ്വാസാവ്. എല്ലാവരും ഒന്നിനൊന്നു കേമന്മാർ. വേദമന്ത്രങ്ങളും അനുഷ്ഠാനങ്ങളും നന്നായറിയാം. കൊച്ചനുജത്തി എന്ന വാത്സല്യത്തോടെ എല്ലാ കർമ്മങ്ങളിലും എന്നെ പങ്കെടുപ്പിക്കാറുണ്ട്. അതുകൊണ്ടാവാം അവയൊക്കെ ഹൃദിസ്ഥമാക്കാനും പുതിയ പുതിയ മന്ത്രങ്ങളും വിധികളും കണ്ടുപിടിക്കാനും അവ പ്രയോഗിക്കാനും എനിക്ക് നല്ല പ്രാവീണ്യമുണ്ടായത്.

ഈ ഞാൻ ആരാണ് എന്നല്ലേ? ഞാനിപ്പോൾ 'അപാല'യാണ്. എനിക്കിട്ടപേര് ശുഭാത്രേയി എന്നായിരുന്നു. ശുഭ എന്നു പേരുള്ള അത്രി പുത്രി. ആ പേര് ഞാൻ മറന്നു തുടങ്ങിയിരിക്കുന്നു. കുട്ടിക്കാലത്ത് എന്നെ പലരും അബാല – മുടിയില്ലാത്തവൾ–ചർമ്മരോഗി എന്നൊക്കെ കളിയാക്കുമായിരുന്നു. അന്നൊക്കെ കുറച്ചു വിഷമമുണ്ടായിരുന്നുവെങ്കിലും പിന്നെപ്പിന്നെ ആ വിളികൾ ഞാൻ ഇഷ്ടപ്പെട്ടു തുടങ്ങി. എന്തുവിളിച്ചാലും ഞാൻ വിളികേൾക്കും. കാരണം ഞാൻ അത്രി മഹർഷിയുടെയും ഗൃഹസ്ഥതാപസിയായ അനസൂയാദേവിയുടെയും മകളാണ്. ബ്രഹ്മവാദിനിയായ അപാല.

വേദപഠനം പോലെ എനിക്കിഷ്ടമാണ് കൊടുംകാട്ടിലൂടെയുള്ള സഞ്ചാരവും. എന്തും ചെയ്യാനുള്ള ദേഹബലവും മനോബലവും നല്ലവണ്ണം ഉണ്ട്. കാരണം ഞാൻ മൂന്ന് കെങ്കേമന്മാരുടെ കുഞ്ഞിപ്പെങ്ങൾ ആണല്ലോ. മൂന്ന് ഏട്ടന്മാരും മൂന്ന് സ്വഭാവക്കാരാണ്. ഒരാൾക്കിഷ്ടം ബ്രഹ്മദേവനോട്. പതിഞ്ഞ സ്വഭാവക്കാരനായ സോമൻ എല്ലാവരോടും സൗമ്യമായേ പെരുമാറു. ആ ജേഷ്ഠൻ നല്ല തേജസ്വിയാണ്.

രണ്ടാമത്തെ ഏട്ടൻ ദത്താത്രേയൻ. ഏട്ടന് ഭക്തി വിഷ്ണു ഭഗവാനോടാണ്. നല്ല തേജസ്സും വീര്യവും. എല്ലാവർക്കും കൈകൂപ്പിത്തൊഴാൻ തോന്നിക്കുന്ന ഒരസാധാരണ വ്യക്തിത്വം

ചെറിയേട്ടൻ ഇത്തിരി ദേഷ്യക്കാരനാണ്. നല്ല ജ്ഞാനിയും. പക്ഷെ കോപം അടക്കാൻ, നിയന്ത്രിക്കാൻ സാധിക്കാത്തതാണ് ഏട്ടന്റെ ഒരേ ഒരു കുറവ്. വായിൽനിന്നു വീഴുന്ന വാക്കുകളൊക്കെ ലോഹക്കഷണം പോലെ ശക്തവും സത്യവും ആയിരിക്കും. അതുകൊണ്ടു തന്നെ എല്ലാവർക്കും ക്ഷിപ്രകോപിയായ, ശിവഭക്തനായ ദുർവ്വാസാവിനോട് അടുക്കാൻ പേടിയാണ്.

ഇനി ഞാൻ എന്നെപ്പറ്റി പറയാം എന്റെ മുന്നേട്ടന്മാരുടെ കഴിവും എനിക്കുമുണ്ട്. നന്നായി

വേദപാഠങ്ങൾ ചൊല്ലാം. ശിഷ്യരെ പഠിപ്പിക്കാം. പിന്നെ ആശ്രമത്തിലെ എല്ലാ പണികളും അനായാസം ചെയ്യാം. അതിഥികളെ ശുശ്രൂഷിക്കാനും അവർക്കുവേണ്ടത് ഒരുക്കിക്കൊടുക്കാനും സന്തോഷിപ്പിക്കാനും എനിക്കേറെ ഇഷ്ടമാണ്.

എന്നാൽ എന്നെ ഏറ്റവുമധികം സന്തോഷിപ്പിക്കുന്ന കാര്യം കാടും കാട്ടുമരങ്ങളും ചെടികളുമായി സല്ലപിക്കലാണ്. നേരം കിട്ടിയാൽ ഞാൻ കാട്ടിലേക്കോടും കുഞ്ഞരുവികളോടും ഇളം കാറ്റിനോടുമൊക്കെ കിന്നാരം പറയുന്ന ഒരു കൊച്ചു പെൺകുട്ടിയായി ശുഭാത്രേയി മാറും

ഞാൻ ശുഭാത്രേയി. കാണാൻ വലിയ സുന്ദരിയല്ല. അമ്മ അനസൂയയുടെ മഹിമയോ, തേജസ്സോ ഒന്നും ഞാൻ അവകാശപ്പെടുന്നില്ല. അതൊക്കെ ഏട്ടന്മാർക്ക് സമൃദ്ധമായി കിട്ടിയിട്ടുണ്ട്. എനിക്ക് സാമ്യം അച്ഛനായ അത്രി മഹർഷിയോടാണ്. കുട്ടിക്കാലത്ത് അച്ഛന്റെ കഷണ്ടിത്തലയിൽ ഞാൻ കുഞ്ഞു വിരലുകളോടിച്ച് രസിക്കുമായിരുന്നു. പരുപരുത്ത കൈവിരലുകളും ഒരു കൗതുകമായിരുന്നു.

സുന്ദരിയൊന്നുമല്ലെങ്കിലും എന്റെ അറിവും അധ്വാനശീലവും നിമിത്തം എല്ലാവർക്കും എന്നോട് വലിയ മതിപ്പായിരുന്നു. എന്തിനും എന്റെ സഹായം വേണം. മുനികുമാരിയാണെന്ന ഒരു നിയന്ത്രണവും ഇല്ല. എപ്പോൾ വേണമെങ്കിലും എവിടേക്കും പോവുകയോ വരികയോ ആകാം.

അരുവികളും ജലാശയങ്ങളും നിറഞ്ഞ ദണ്ഡകാരണ്യം എന്റെ കളിവീടാണ്. സമയം കിട്ടുമ്പോഴൊക്കെ ഞാൻ ആ കാട്ടുവഴികളിലൂടെ അലസമായി നടക്കും. കാട്ടുവള്ളികളിൽ ഊഞ്ഞാലാടും, ഇലകൾ നുള്ളിയെടുക്കും ചിലപ്പോൾ ചവച്ചരയ്ക്കും... അങ്ങനെ ഒരു സ്വപ്നാടനം.

ഒരിക്കൽ ഞാൻ അലസമായി നടന്നു പോകുകയായിരുന്നു. പെട്ടന്ന് ഒരു മുനികുമാരൻ എന്റെ മുമ്പിൽ, 'ശുഭാത്രേയി' ആ വിളികേട്ടാണ് ഞാൻ സ്വപ്നാടനത്തിൽ നിന്ന് ഉണർന്നത്. 'നമസ്കാരം, മുനികുമാരാ. അങ്ങ് ആരാണ്'?

'ഞാൻ കൃശാനു ഭവതിയുടെ പിതാവിന്റെ അന്തേവാസി. ഒരു സാധാരണ മുനികുമാരൻ'.

'ഭവാനെ ഞാൻ കണ്ടിട്ടില്ല. ആശ്രമത്തിൽ എനിക്കെപ്പോഴും തിരക്കാണല്ലോ. പിന്നെ, അച്ഛനേയും ഏട്ടന്മാരേയും ഹോമവിധികളിൽ സഹായിക്കണം. ചിലപ്പോൾ വേദാധ്യയനം വേണ്ടിവരും. അതൊക്കെ വലിയ ഏകാഗ്രതയോടെ ചെയ്യേണ്ടതുകൊണ്ട് മറ്റൊന്നും ഞാൻ ശ്രദ്ധിക്കാറില്ല.' ഞാൻ പറഞ്ഞു.

'എന്നാൽ ഞാൻ ഭവതിയെ കാണാറുണ്ട്. ആ ഉത്സാഹവും പാണ്ഡിത്യവും എന്നെ വല്ലാതെ ആകർഷിച്ചിട്ടുമുണ്ട്.' ഒരു മൗനത്തിനുശേഷം മുനികുമാരൻ തുടർന്നു. 'വേദാധ്യയനം കഴിഞ്ഞ് ഗ്രാമത്തിലേക്ക് തിരിച്ചു പോകുമ്പോൾ'... ഒരു സംശയത്തോടെ എന്നെ നോക്കികൊണ്ട് പതുക്കെ പറഞ്ഞു. 'ഭവതിയെക്കൂടി കൊണ്ടുപോയി ഗ്രഹസ്ഥാശ്രമം നയിക്കണമെന്ന് തോന്നി. പ്രതീക്ഷയോടെ അദ്ദേഹം എന്നെ നോക്കി. കന്യകയാണെങ്കിലും അതുകേട്ട് എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല.

'അച്ഛനോട് ചോദിക്കു. അച്ഛനും അമ്മയും ഏട്ടന്മാരുമൊക്കെ അനുവദിച്ചാൽപ്പിന്നെ മറ്റൊന്നും എനിക്ക് പറയാനില്ല. പിന്നെ എന്റെ ഈ മങ്ങിയ പരുക്കനായ ശരീരവും കനം കുറഞ്ഞ അഞ്ചാറ് മുടിയിഴകളുമൊക്കെ അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ'. എനിക്ക് മറച്ചുവെയ്ക്കാൻ ഒന്നുമില്ല.

'ഭവതിയുടെ അറിവും ഉത്സാഹവുമാണ് എന്നെ മോഹിപ്പിച്ചത്. അല്ലാതെ ശരീരസൗന്ദര്യമല്ല.'

'ഈ വാക്കുകൾ സത്യമായിരിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ഏതായാലും ആശ്രമത്തിൽച്ചെന്ന് അച്ഛനെ കാണൂ'. മറുപടിക്ക് കാത്ത് നിൽക്കാതെ ഞാൻ നീങ്ങി. പൊന്തപ്പടർപ്പിൽക്കൂടി നീങ്ങുമ്പോൾ ചില വള്ളികളും ഇലകളും ഒക്കെ ദേഹത്തിൽ ഉരയുന്നുണ്ടായിരുന്നു. വീണ്ടും എന്റെ അലസഗമനം. വഴിയിലുള്ള കാട്ടിലകൾ പൊട്ടിച്ച് ചവയ്ക്കുന്ന ശീലം എനിക്കുണ്ടല്ലോ. കാണുമ്പോഴൊക്കെ അച്ഛൻ താക്കിത്

ചെയ്യും. 'മകളെ, എല്ലാ ഇലകളും മരുന്നല്ല ചിലതു വിഷമാണ്. ചില മരങ്ങൾക്കും ചെടികൾക്കും വലിയ പകയാണ്. സ്വരക്ഷക്കുവേണ്ടി കിട്ടിയ അനുഗ്രഹമായിരിക്കും അതൊക്കെ. അവയുടെ സമീപം ചെന്നാൽപ്പോലും നമുക്ക് വ്രണവും ചൊറിച്ചിലും ഉണ്ടാകും. കാടിനെ നല്ലതുപോലെ അറിയണം. ശ്രദ്ധാപൂർവ്വമുള്ള നിരീക്ഷണത്തിൽക്കൂടി മാത്രമേ അവയുടെ ഔഷധഗുണവും വിഷണധയും അറിയാൻ സാധിക്കുകയുള്ളു. ഒരു ചെറിയ അശ്രദ്ധ മതി, നാം ഒരു നിത്യരോഗിയായിമാറാൻ.

ചിലപ്പോൾ നമ്മൾ അങ്ങനെയാണ് എല്ലാം അറിയാമെങ്കിലും ഒരു ചെറിയ അശ്രദ്ധ മതി. അതിൽ തകർന്നു പോകുന്ന ഒരു ജീവിതം... അതിന്റെ ഫലമോ?... അതീവ ഗുരുതരവും.

അങ്ങനെയുള്ള ഒരബദ്ധമാകാം എനിക്കും സംഭവിച്ചത്. ഏതോ ഒരു കാട്ടുചെടിയുടെ പൂവ്! അതെന്നെ മാടി വിളിക്കുന്നതുപോലെ തോന്നി. നല്ല കൗതുകം. മഞ്ഞ നിറത്തിൽ ചുവന്ന പുള്ളികൾ. നല്ല മണവും. നിയന്ത്രിക്കാനായില്ല. ഒരു പൂ ഇറുത്തെടുത്തു. മണത്തപ്പോൾ പൂവിതൾ എന്റെ മൂക്കിൽത്തട്ടി. നല്ല മണം! ഒരിതൾ നുള്ളിയടർത്തി എന്റെ ദുർബ്ബലമായ മുടിയിൽവെച്ചു. അലങ്കാരങ്ങളൊന്നും പതിവില്ലാത്തതാണ്. പിന്നെങ്ങനെ? ഒരു പക്ഷെ, കൃശാനു കുമാരന്റെ വാക്കുകേട്ടപ്പോൾ ഉണ്ടായ മാറ്റമാണോ?.

ഒരില നുള്ളി ചവച്ചുതുപ്പി, കയ്പും ചവർപ്പും... അരുവിയിലെ വെള്ളമെടുത്ത് വായ് കഴുകി. പലപ്രാവശ്യം കഴുകിയിട്ടും കയ്പ്പും ചവർപ്പും വിട്ടുപോയില്ല. ഒരങ്കലാപ്പോടെ ഞാൻ ആശ്രമത്തിലേക്കു തിരിച്ചുപോയി മേലാകെ ചൊറിയുന്നു. നല്ല തലവേദന ഒന്നും പറയാതെ ഞാൻ എന്റെ കടമകളിൽ മുഴുകി.

ഇതിനിടെ കൃശാനുകുമാരൻ ആശ്രമത്തിൽ എത്തിയിരുന്നു. അദ്ദേഹം അച്ഛനോടെല്ലാം പറഞ്ഞിരുന്നു. ആരും എതിരൊന്നും പറഞ്ഞിട്ടില്ല. അങ്ങനെ ഞങ്ങളുടെ വിവാഹം നടന്നു. കൃശാനു എന്റെ ഭർത്താവായി. പരസ്പരം അംഗീകരിച്ചുകൊണ്ടുള്ള. ഒരു സാധാരണ ജീവിതം അച്ഛന്റെ ആശ്രമത്തിലെ തിരക്കൊന്നുമില്ല. പിന്നെ എപ്പോഴാണ് താളം തെറ്റിയത്? ഞാൻ കൃത്യമായും ഓർക്കുന്നു. ആ കാട്ടുചെടിയുടെ സ്പർശം, തലയിൽ ചൂടിയ പൂവിതൾ.... ഇതൊക്കെ എന്റെ ശരീരത്തിൽ മാറ്റം ഉണ്ടാക്കാൻ തുടങ്ങിയിരിക്കുന്നു.... ഉള്ള അഞ്ചാറിഴകൂടി തലയിൽ നിന്ന് കൊഴിഞ്ഞുപോയിരിക്കുന്നു. ശരീര സൗന്ദര്യത്തിന്റെ കാര്യത്തിൽ ഞാനൊരിക്കലും വേവലാതിപ്പെടാറില്ല. പക്ഷെ... ഇപ്പോൾ ഞാൻ അസ്വസ്ഥയായിത്തുടങ്ങിയിരിക്കുന്നു. എന്റെ ശിരസ്സും അച്ഛന്റേതുപോലെ കഷണ്ടിയാകുമോ?

'ഇപ്പോൾ ദേവി ശുഭാത്രേയിയല്ല. 'അബാല'യാണ്. മുടിയില്ലാത്തവൾ'. ഒരു പരിഹാസച്ചിരിയോടെ  കൃശാനു തുടർന്നു. അച്ഛന്റെ മകൾ തന്നെ. എന്റെ ഈ കുറവ് അച്ഛനിൽ ചാരിയത് എനിക്കൊട്ടും ഇഷ്ടമായില്ല. 'അങ്ങെന്റെ  പിതാവിനെ അപമാനിക്കരുത്. അദ്ദേഹം ആരാധ്യനായ ഒരു മഹർഷിയാണ്'.

ഒരുപക്ഷെ... അതായിരിക്കാം തുടക്കം. ഞങ്ങൾ തമ്മിൽ സ്വരച്ചേർച്ചയില്ലാതായി. പിന്നെപ്പിന്നെ എന്റെ ദേഹമാസകലം ചൊറിച്ചിൽ തുടങ്ങി. പതുക്കെപ്പതുക്കെ പഴുപ്പും വ്രണങ്ങളും... എന്നാലും പല്ലിനുമാത്രം നല്ല ബലം. ചില വിഷസസ്യങ്ങൾ അങ്ങനെയാണെന്ന് അച്ഛൻ പറഞ്ഞിട്ടുണ്ടായിരുന്നു. എന്നിട്ടും എനിക്കെന്തേ അങ്ങനെ തോന്നിയത്?

വ്രണങ്ങളുടെ ദുർഗന്ധം നിമിത്തം ഭർത്താവ് അടുത്തുവരുന്നതേയില്ല. നോക്കുകയോ, സംസാരിക്കുകയോ ചെയ്യുന്നില്ല. എനിക്കും മടുത്തു. വേദപാഠങ്ങളിൽപ്പോലും ശ്രദ്ധിക്കാനാകുന്നില്ല. ഒരു ദിവസം, ഞാനവിടെ നിന്ന് ഇറങ്ങി. എങ്ങോട്ടുപോകണം എന്ന് സംശയമൊന്നും ഉണ്ടായില്ല. പിതാവിന്റെ ആശ്രമത്തിലേക്ക് ചെല്ലാനും തോന്നിയില്ല. ഞാനിപ്പോൾ 'അപാലയാണ്' ആരും പാലിക്കാനില്ലാത്ത ഒരനാഥ. അങ്ങനെ ശുഭാത്രേയിക്ക് മറ്റൊരു പേരും കൂടി!

(തുടരും.....)

# കൂടിയാട്ടം

## *ലോകകലാപൈതൃകത്തിന് കേരളത്തിന്റെ സംഭാവന*

എം. ആർ. എസ്. മേനോൻ - 9037126220

ലോക പൈതൃകത്തിൽ സംരക്ഷിക്കപ്പെടേണ്ട മഹത്തായ കലാരൂപമായി 2002- ൽ യുനെസ്കോ കൂടിയാട്ടത്തെ പ്രഖ്യാപിച്ചത് ഭാരതത്തിന്റെ കലാചരിത്രത്തിലെ ഒരു മഹാസംഭവമായിരുന്നു. കൂടിയാട്ടത്തിന്റെ സൂക്ഷ്മമായ അഭിനയ രീതി നാട്യ ലോകത്തിന് വിസ്മയമായിരുന്നു. അഭിനയത്തിന്റെ സൂക്ഷ്മതലങ്ങളെ ആദ്യമായിട്ടാണ് ആധുനിക ലോകം അനുഭവിച്ചത്.

**കൂടിയാട്ടത്തിന്റെ പഴമ**

ചേരമാൻ പെരുമാൾ ചേരൻ ചെങ്കുട്ടവന്റെ സഹോദരനായ ഇളങ്കോവടികൾ രചിച്ച തമിഴ് മഹാകാവ്യമായ ചിലപ്പതികാരത്തിൽ പറവൂർ ചാക്യാർ അഭിനയച്ച ശിവപാർവ്വതി നൃത്തത്തിന്റെ വർണ്ണനയുണ്ട്. ഇപ്പോഴും കൂടിയാട്ടത്തിന്റെ പുറപ്പാട് ദിവസം നിത്യക്രിയകളിൽ ശിവപാർവ്വതി കേശാദിപാദവർണ്ണനം ഉണ്ട്. ഇതനുസരിച്ച് കൂടിയാട്ടത്തിന് ഏതാണ്ട് രണ്ടായിരം വർഷത്തെ പഴക്കം ഉണ്ടെന്ന് അനുമാനിക്കാം. പക്ഷേ അന്ന് നിലവിരുന്ന കൂടിയാട്ടത്തെപ്പറ്റി നമുക്ക് യാതൊരു തെളിവുകളും ഇല്ല. ആറാം നൂറ്റാണ്ടിലെ ഉണ്ണുനീലി സന്ദേശത്തിലും കണ്ണശ്ശരാമായണത്തിലും കൂടിയാട്ടത്തെപ്പറ്റി പരാമർശങ്ങൾ ഉണ്ട്. BC അഞ്ചാം നൂറ്റാണ്ട് മുതൽ AD അഞ്ചാം നൂറ്റാണ്ട് വരെയുള്ള കാലഘട്ടം ഭാരതീയ നാട്യപാരമ്പര്യത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നു. ഭാസൻ, കാളിദാസൻ, ശൂദ്രകൻ തുടങ്ങിയ പ്രഗത്ഭരുടെ കാലഘട്ടം. പക്ഷേ ആ കാലഘട്ടത്തിൽ സംസ്കൃത നാടക പാരമ്പര്യത്തിന്റെ സ്വാധീനം കേരളത്തിൽ നിലനിന്നതായി നമുക്ക് തെളിവുകൾ ഇല്ല. എ.ഡി. എട്ടാം നൂറ്റാണ്ടിലെ കേരളീയനായ ശക്തിഭദ്രന്റെ ആശ്ചര്യചൂഡാമണി ആണ് ആദ്യത്തെ സംസ്കൃത നാടകം. തുടർന്ന് ഒമ്പതാം നൂറ്റാണ്ടിലെ നീലകണ്ഠകവിയുടെ കല്യാണസൗഗന്ധികം, പത്താം നൂറ്റാണ്ടിലെ കുലശേഖരന്റെ സുഭദ്രാധനഞ്ജയം, തപതീസംവരണം എന്നീ രചനകളും ശ്രദ്ധേയങ്ങളായ രചനകളാണ്. പക്ഷേ പത്താം നൂറ്റാണ്ടിലെ കുലശേഖരപ്പെരുമാളാണ് ഈ നാടകങ്ങളെ അതിന്റെ മൂലകൃതിയിൽ നിന്ന് മോചിപ്പിച്ച് സ്വതന്ത്രമായ രംഗാവിഷ്കാരം സാധ്യമാക്കിയത്. സംസ്കൃതനാടകങ്ങൾ അതേപടി അവതരിപ്പിക്കാതെ അവതരണത്തിന് വേണ്ടി തയ്യാറാക്കിയ രൂപമാണ് വ്യംഗ്യ വ്യാഖ്യാ. ഇതാണ് ഇന്ന് കാണുന്ന കൂടിയാട്ടത്തിന്റെ ആദ്യ രൂപം. നിലനിന്നിരുന്ന നാടകാവതരണ രീതിയുമായി കൂടിയാട്ടത്തിന് യാതൊരു ബന്ധവുമില്ല

കേരളത്തിലെ ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ ചാക്യാർ സമുദായത്തിൽ പെട്ടവരാണ് ഈ കല അവതരിപ്പിച്ചിരുന്നത്. കേരളത്തിൽ നൂറു കണക്കിന് ആളുകൾ മാത്രം അവശേഷിച്ചിട്ടുള്ള ഏറ്റവും ചെറിയ ഒരു സമുദായമാണ് ചാക്യാന്മാർ. കേരളത്തിലെ തെക്കും വടക്കും ഭാഗങ്ങളിൽ നിരവധി ക്ഷേത്രങ്ങളിൽ കൂത്തമ്പലങ്ങളോ, കൂത്തമ്പലങ്ങളുടെ അവശിഷ്ടങ്ങളോ കാണാമെന്നതിനാൽ കേരളമൊട്ടാകെ ഈ കലക്ക് സ്ഥാനം ഉണ്ടായിരുന്നെന്ന് വ്യക്തം. ഭരതമുനിയുടെ നാട്യശാസ്ത്ര വിധിപ്രകാരമുള്ള നിർമ്മിതികളാണ് ഇവ. പിന്നിൽ അണിയറ, അണിയറക്ക് മുന്നിൽ രംഗവേദി അതിന് മുന്നിൽ കാണികൾക്ക് ഇരിക്കാനുള്ള സ്ഥലം ഇങ്ങിനെയാണ് കൂത്തമ്പലത്തിലെ വ്യവസ്ഥ. പ്രാചീന കാലത്തെ കൂത്തമ്പലങ്ങളിൽ ഇന്ന്

നിലവിലുള്ളവ തിരുമാന്ധാംകുന്ന്, തിരുവാർപ്പ്, തിരുവാലത്തൂർ, ഗുരുവായൂർ, ആർപ്പൂക്കര, കിടങ്ങൂർ, തിരുവേഗപ്പുറ, തിരുമൂഴിക്കുളം, തിരുനക്കര, ഹരിപ്പാട്, ഇരിങ്ങാലക്കുട, തൃശ്ശൂർ വടക്കുന്നാഥൻ, പെരുവനം എന്നിവയാണ്. ചെങ്ങന്നൂർ, പന്നിയൂർ, തളി, ഗോവിന്ദപുരം തൃപ്പങ്ങോട്ട്, വന്നേരി, തളിപ്പറമ്പ് എന്നിവടങ്ങളിൽ കൂത്തമ്പലത്തിന്റെ അവശിഷ്ടങ്ങൾ ഉണ്ട്. കൊട്ടിയൂർ വൈശാഖ മഹോത്സവത്തിന് താൽക്കാലിക കൂത്തമ്പലമാണ് പതിവ്. കൂത്തമ്പലം ഇല്ലാത്ത ക്ഷേത്രങ്ങളിലും കൂടിയാട്ടം അവതരിപ്പിക്കുന്നുണ്ട്. കൂത്തിനും കൂടിയാട്ടത്തിനും ഏറ്റവും പ്രാധാന്യം ഉള്ള തൃപ്പൂണിത്തുറയിൽ കൂത്തമ്പലം ഇല്ല എന്നത് ഒരു വൈരുദ്ധ്യമായി തോന്നാം. കേരളമൊട്ടാകെ കൂടിയാട്ടത്തിന് പ്രാധാന്യം ഉണ്ടായിരുന്നു എന്ന് വ്യക്തം. ഏതാണ്ട് പന്ത്രണ്ടാം നൂറ്റാണ്ടിലാണ് ഇന്ന് കാണുന്ന രീതിയിലുള്ള കൂടിയാട്ടം രൂപം കൊണ്ടത് എന്ന് കരുതാം. ആയിരക്കണക്കിന് വർഷങ്ങളായി ലോകോത്തരമായ ഈ കലാരൂപത്തെ സംരക്ഷിച്ച് നിർത്തിയതിന് നാം ചാക്യാർ സമുദായത്തോട് കടപ്പെട്ടിരിക്കുന്നു.

**കൂടിയാട്ടവും കഥകളിയും**

കൂടിയാട്ടവുമായി താരതമ്യം ചെയ്യുമ്പോൾ ആധുനികമായ ഒരു കലാരൂപമാണ് കഥകളി. ആംഗികം, വാചികം, സാത്വികം, ആഹാര്യം എന്നീ ചതുർവിധാഭിനയമാണ് കഥകളിക്കും കൂടിയാട്ടത്തിനും. വാദ്യമേളങ്ങൾ, സംഗീതം, വേഷഭംഗി, മനോഹരമായ നൃത്തം എന്നിവ കൊണ്ട് കഥകളി വർണ്ണ ഭംഗിയിൽ കൂടിയാട്ടത്തേക്കാളും മുന്നിൽ തന്നെയാണ്. അതിനാൽ കഥകളി കൂടിയാട്ടത്തെക്കാളും ജനപ്രീതിയാർജിച്ചതിൽ അതിശയമില്ല. പക്ഷേ വിസ്തരിച്ച രസാഭിനയത്തിന്റെ കാര്യത്തിൽ കൂടിയാട്ടത്തോട് കിട നിൽക്കാവുന്ന ഒരു കലാരൂപവും ലോകത്ത് ഇന്ന് നിലനിൽക്കുന്നില്ല എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇന്ന് ലോക നാടക വേദി സൂക്ഷ്മമായ അഭിനയ പഠനത്തിന് കൂടിയാട്ടത്തെയാണ് ആശ്രയിക്കുന്നത്. കൂടിയാട്ടത്തിന് ഇന്ന് ലോക കലാചരിത്രത്തിൽ ഉള്ള സ്ഥാനം അഭിനയത്തിന്റെ ഏറ്റവും ഉന്നതമായ മാതൃക എന്നത് തന്നെയാണ്. ഹസ്തലക്ഷണദീപികയിലെ 24 മുദ്രകളാണ് കഥകളിക്കും കൂടിയാട്ടത്തിനും ഉപയോഗിക്കുന്നത്. മുദ്രകൾ പിടിക്കുന്ന രീതിയിൽ കഥകളിയും കൂടിയാട്ടവും തമ്മിൽ ചില വ്യത്യാസങ്ങൾ കാണാറുണ്ട്. കഥകളി പോലെ കലാശങ്ങൾക്ക് കൂടിയാട്ടത്തിൽ പ്രാധാന്യം ഇല്ല. കലാശങ്ങൾക്കു പകരം ചാരികൾ ആണ് കൂടിയാട്ടത്തിന്റെ ചുവടുകൾ. കിരീടത്തിനും ഉടുത്തുകെട്ടുകൾക്കും വ്യത്യാസങ്ങൾ ഉണ്ടെങ്കിലും പച്ച , പഴുപ്പ്, കറുത്ത താടി, ചുവന്ന താടി, വെളുത്ത താടി, കത്തി എന്നീ വേഷ വൈവിധ്യങ്ങൾ കൂടിയാട്ടത്തിലും ഉണ്ട്. സ്ത്രീവേഷത്തിന് എല്ലാ കഥാപാത്രങ്ങൾക്കും ഒരേ വേഷം തന്നെ. (കാർത്യായനി പുറപ്പാടിൽ കാർത്യായനിക്ക് തേച്ച വേഷമാണ്) ഇന്ന് കാണുന്ന മനോഹരമായ സ്ത്രീവേഷം കലാമണ്ഡലത്തിൽ പൈങ്കുളം രാമചാക്യാർ രൂപകൽപ്പന ചെയ്തതാണ്. വിദൂഷകന്മാരിൽ ശാണ്ഡില്യനും വസന്തകനും വേറെ വേഷങ്ങൾ ആണ്.

**കൂടിയാട്ടത്തിലെ വാദ്യങ്ങൾ**

മിഴാവ്, കുഴിത്താളം, ഇടക്ക, ശംഖ്, കുഴൽ ഇവയാണ് കൂടിയാട്ടത്തിലെ വാദ്യങ്ങൾ. (കുഴൽ ഇപ്പോൾ സാധാരണ ഉപയോഗിക്കാറില്ല. മാർഗ്ഗി തിമില ഉപയോഗിച്ചിരുന്നതും ഇപ്പോൾ പതിവില്ല. ചെമ്പ് കൊണ്ടുള്ള വലിയ കുടമാണ് മിഴാവ് (മുമ്പ് ഓട് കരിങ്കല്ല് ഇവ കൊണ്ടും മിഴാവ് ഉണ്ടാക്കിയിരുന്നുവത്രേ?) കുടത്തിന്റെ വായ തോല് കൊണ്ട് വലിഞ്ഞ് മുറുക്കിയാൽ മിഴാവായി. മിഴാവ് കൊട്ടുന്നത് നമ്പ്യാർ സമുദായത്തിൽപ്പെട്ടവരാണ്. മിഴാവ് കൈകൊണ്ട്

കൊട്ടുന്നതിനാൽ നമ്പ്യാർക്ക് പാണിവാദൻ എന്നും പറയാറുണ്ട്. വാസ്തവത്തിൽ ചാക്യാരുടെ അഭിനയത്തിന് ബലം നൽകുന്നത് മിഴാവാണ്. പിൻവശത്താണ് അഴിക്കൂടുകളിൽ മിഴാവിന്റെ സ്ഥാനം. വലത്തെ മിഴാവിന് മുന്നിൽ വലത്തോട്ട് നീങ്ങിയാണ് നങ്ങ്യാർ കുഴിത്താളം പിടിക്കുന്നത്. ഇടക്ക വായിക്കുന്നതും ശംഖ് വിളിക്കുന്നതും ഇടത്തെ മിഴാവിനോട് ചേർന്നാണ്. കുലവാഴ, കുരുത്തോല, ഇളനീർക്കുല, നിറപറ തുടങ്ങിയ അലങ്കാരങ്ങൾ ഉണ്ടാവും. വേഷങ്ങൾ പ്രവേശിക്കുന്നതിന് മുമ്പ് ചെറിയ ഒരു തിരശ്ശീല പിടിക്കും. കൂടിയാട്ടത്തിനേക്കാൾ ഏറെ പഴക്കമുള്ള മുടിയേറ്റിനും കൂടിയാട്ടത്തിന് ശേഷം രൂപം കൊണ്ട് കഥകളിക്കും കൃഷ്ണനാട്ടത്തിനും തിരശ്ശീല പതിവുള്ളതിനാൽ കേരളീയ നാട്യ സമ്പ്രദായത്തിന്റെ ഭാഗമാണ് കർട്ടന്റെ മുന്നോടിയായ തിരശ്ശീല എന്ന് കരുതാം.

**കൂടിയാട്ടം അവതരണരീതി**

സംസ്കൃതനാടകങ്ങൾ അതേപടി കൂടിയാട്ടത്തിന്റെ ആവിഷ്കാരത്തിന് ഉപയോഗിക്കുകയല്ല പതിവ്. നാടകങ്ങൾ കൂടിയാട്ടത്തിന് വേണ്ടി ചിട്ടപ്പെടുത്തുകയാണ് ചെയ്യാറ്. AD ഏഴാം നൂറ്റാണ്ടിൽ കാഞ്ചിപുരം വാണിരുന്ന പല്ലവ രാജാവ് രചിച്ച മത്തവിലാസവും ബോധായന കവി രചിച്ച ഭഗവദജ്ജുകവും സംസ്കൃതത്തിലെ പ്രഹസനങ്ങളാണ്. ഇവ രണ്ടും കൂടിയാട്ടം ഉൾകൊണ്ടിട്ടുണ്ട്. ഭഗവദജ്ജുകിയം 35 ദിവസം കൊണ്ട് അവതരിപ്പിച്ചിരുന്നത് അഞ്ചു മണിക്കൂർ കൊണ്ട് അവതരിപ്പിക്കുന്ന വിധം കലാമണ്ഡലത്തിന് വേണ്ടി പൈങ്കുളം രാമചാക്യാർ ചിട്ടപ്പെടുത്തിയിട്ടുണ്ട്.

കുലശേഖരന്റെ സുഭദ്രാധനഞ്ജയം, തപതീസംവരണം, നീലകണ്ഠകവിയുടെ കല്യാണസൗഗന്ധികം എന്നിവയും കൂടിയാട്ട രീതിയിൽ ആവിഷ്കരിച്ച നാടകങ്ങളാണ്. ശങ്കരാചാര്യരുടെ സമകാലികനായിരുന്ന ശക്തിഭദ്രൻ രചിച്ച ആശ്ചര്യചൂഡാമണി എന്ന രാമായണ നാടകത്തിന് പർണ്ണശാലാങ്കം, ശൂർപ്പണഖാങ്കം. മായാസീതാങ്കം ജടായുവധം, അശോക വനികാങ്കം, അംഗുലീയാങ്കം, അഗ്നിപ്രവേശം എന്ന് ഏഴ് അങ്കങ്ങൾ ഉണ്ട്. ഇവ ഇപ്പോൾ പൂർണ്ണമായി അവതരിപ്പിക്കാൻ 86 രാത്രികൾ വേണം. മാർഗ്ഗിയിൽ ശ്രീ. ഡി. അപ്പുക്കുട്ടൻ നായരുടെ നേതൃത്വത്തിൽ 108 ദിവസം കൊണ്ടാണ് ആശ്ചര്യചൂഡാമണി അവതരിപ്പിച്ചത്. ഈ ദീർഘാവതരണത്തിന്റെ പാരമ്പര്യം നേപഥ്യ തുടരുന്നുണ്ട്. ജറുസലേമിലെ ഹീബ്രു സർവ്വകലാശാലയിലെ ഡേവിഡ് ഷൂൽമാന്റെ താൽപര്യപ്രകാരം ഇത്തരം ദീർഘാവതരണങ്ങൾ എല്ലാ വർഷവും നടത്തിവരുന്നുണ്ട്. 29 രാത്രികൾ കൊണ്ടാണ് അംഗുലീയാങ്കം അവതരിപ്പിച്ചത്. എല്ലാ വർഷവും ഇവ കാണാൻ അദ്ദേഹം കുട്ടികളുമായി ഇവിടെ എത്താറുണ്ട്. ഭാവിയിൽ ഇത്തരം രംഗങ്ങളെപ്പറ്റി പഠിക്കാൻ നാം അവരെ ആശ്രയിക്കേണ്ടി വരും. ഏഴാം നൂറ്റാണ്ടിൽ ശ്രീഹർഷൻ രചിച്ച ജീമൂതവാഹനന്റെ കഥയായ നാഗാനന്ദവും (ഇതിലാണ് ഗരുഡൻ പറന്ന് വന്ന് സർപ്പത്തെ കൊത്തിയെടുക്കുന്ന പറക്കും കൂത്ത് അവതരിപ്പിക്കുന്നത്) അവതരിപ്പിച്ചു വരുന്നു. ശാകുന്തളം ലോകോത്തര നാടകമാണെങ്കിലും കൂടിയാട്ടത്തിന്റെ സങ്കേതത്തിന് യോജിച്ചതല്ല അതിന്റെ രചന. പക്ഷേ പ്രസിദ്ധ കലാസംവിധായകനും കൂടിയാട്ട കലാകാരനുമായ ശ്രീ. വേണുജി നാലു രാത്രികൾ കൊണ്ട് അവതരിപ്പിക്കാൻ പറ്റും വിധം ചിട്ടപ്പെടുത്തിയിട്ടുണ്ട്. മൃച്ഛകടികവും കൂടിയാട്ടത്തിന്റെ സാധ്യതകളെയും ഉൾപ്പെടുത്തി വേണുജി ചിട്ടപ്പെടുത്തിയിട്ടുണ്ട്.

**പകർന്നാട്ടം നിർവ്വഹണം**

കൂടിയാട്ടത്തിൽ നാടകം മുഴുവനായി അവതരിപ്പിക്കാറില്ല എന്ന് മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്. നാടകസന്ദർഭങ്ങളുടെ വിസ്തരിച്ചുള്ള അഭി


നയമാണ് കൂടിയാട്ടം. നാടകത്തെയല്ല നാടക ആട്ടപ്രകാരത്തെയാണ് നടൻ ആശ്രയിക്കുന്നത്. കൂടിയാട്ടത്തിലൂടെയും പിന്നീട് കഥകളിയിലൂടെയും വികസിപ്പിച്ചെടു ത്ത ആഖ്യാനരീതിയാണ് പകർന്നാട്ടം. അശോ കവനികാങ്കം, ആശ്ചര്യചൂഡാമണി നാടകത്തി ന്റെ അഞ്ചാമത്തെ അങ്കമാണ്. 15 ദിവസം കൊണ്ടാണ് ഇത് രംഗത്ത് അവതരിപ്പിക്കുന്നത്. രാവണൻ സീതയെ അശോകവനികയിൽ കാണുന്നതാണ് സന്ദർഭം. ഒരു സാധാരണ നാടകത്തിൽ പരമാവധി അരമണിക്കൂർ കൊണ്ട് അവതരിപ്പിക്കാവുന്ന രംഗമാണ് 15 ദിവസം കൊണ്ട് അവതരിപ്പിക്കുന്നത്. ആദ്യത്തെ 12 ദിവസം രാവണന്റെ നിർവ്വഹണമാണ്. ഈ ദിവസങ്ങളിൽ രാവണൻ മാത്രമാണ് അരങ്ങിൽ. രാവണൻ തന്റെ പൂർവ്വകഥകൾ ചിന്തിക്കുന്നതാണ് നിർവഹണം. ഈ ആവിഷ്കാരങ്ങളിൽ നടൻ തന്നെ പല കഥാപാത്രങ്ങളായി മാറുന്നു. ഇവിടെയാണ് കേരളത്തിന്റെ അഭിനയ സങ്കേതമായ പകർന്നാട്ടത്തിന്റെ സവിശേഷത. എല്ലാ നാടകങ്ങൾക്കും നായകന്റെ പൂർവ്വകഥാഭിനയമാണ് പകർന്നാട്ടം. ഇതാണ് കൂടിയാട്ടത്തിന്റെ ജീവൻ. വാസ്തവത്തിൽ കൂടിയാട്ടത്തിൽ നാടകത്തെക്കാൾ പ്രാധാന്യം അഭിനയ മുഹൂർത്തങ്ങൾക്കാണ്. കാറ്റ് നിറച്ച ഒരു ബലൂണിന്റെ വലുപ്പത്തിൽ റബ്ബറിന്റെ അംശം കുറവും കാറ്റ് കൂടുതലും ആണല്ലോ. അതേ പോലെ ചെറിയ നാടക സന്ദർഭങ്ങളെ അഭിനയം കൊ ണ്ട് ഊതി നിറക്കലാണ് കൂടിയാട്ടത്തിന്റെ സവിശേഷത. വാസ്തവത്തിൽ നാടകത്തെക്കാൾ നിർവ്വഹണമാണ് കൂടിയാട്ടത്തിൽ പ്രധാനം.

**പറക്കും കൂത്ത്**

ഇന്ന് രംഗാവതരണം തീരെ ഇല്ലാതായ ഒന്നാണ് പറക്കും കൂത്ത്. ഹർഷദേവന്റെ നാഗാനന്ദം നാടകത്തിന്റെ നാലാം അങ്കത്തിൽ ഗരുഡൻ ഒരു കുന്നിന്റെ മുകളിൽ നിന്ന് പറന്ന് വന്ന് താഴേ കിടക്കുന്ന ജീമൂതവാഹനനെ കൊത്തിയെടുത്ത് കുന്നിൻ മുകളിലേക്ക് പറന്ന് പോകുന്ന ഒരു ഭാഗമാണ് പറക്കും കൂത്ത്. ഇതിനായി അരങ്ങിന് പുറത്ത് അറുപത്തിനാല് കോൽ ഉയരത്തിൽ മറ്റൊരരങ്ങ് കെട്ടിയുണ്ടാക്കും. ഈ അരങ്ങത്തും മിഴാവും നമ്പ്യാരും നങ്ങ്യാരും ഉണ്ടാവും. നാടകത്തിലെ കുന്നിന്റെ സ്ഥാനത്താണ് ഗരുഡവേഷധാരിയായ ചാക്യാർ പ്രവേശിക്കുക. ഗരുഡന്റെ ഉടുപ്പിൽ അറുപത്തിനാല് സ്ഥാനങ്ങളിൽ ബലത്തിൽ ചരടുകൾ ബന്ധിച്ചിരിക്കും ഗരുഡൻ പറക്കാൻ തുടങ്ങുമ്പോൾ ജീമൂതവാഹനൻ താഴേ അരങ്ങത്ത് കിടക്കുന്നുണ്ടാവും. ഗരുഡൻ പറക്കുമ്പോൾ ചരടുകൾ പിടിക്കുക വിദഗ്ധനായ ഒരു നമ്പ്യാരായിരിക്കും. ചരട് പിടിക്കുന്നതിൽ തകരാറ് സംഭവിച്ചാൽ ഗരുഡന്റെ അന്ത്യമാവും ഫലം. ഗരുഡൻ പറന്ന് വന്ന് ജീമൂത വാഹന്റെ തലയിൽ ചൂടിയ ചെത്തിമാല കൊത്തിയെടുത്ത് കുന്നിന്റെ മുകളിൽ എത്തുന്നു. തൃപ്പൂണിത്തുറയിൽ വച്ച് നടന്ന ഇട്ടിയമ്മൻ ചാക്യാർ നടത്തിയ പറക്കും കൂത്തിൽ കുഞ്ചൻ നമ്പ്യാരാണ് ചരട് പിടിച്ചിരുന്നതെന്ന് ചാച്ചു ചാക്യരുടെ ജീവചരിത്രത്തിൽ കെ. ടി. രാമവർമ്മ രേഖപ്പെടുത്തിയിട്ടുണ്ട്.

(തുടരും.....)

**2025 സെപ്റ്റംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ**



**എൻ.കെ. നാരായണൻകുട്ടി (L/0657),** നിത്യ, മാറയിൽ കൃഷ്ണൻമേനോൻ ലൈൻ, പുല്ലേപ്പടി, കൊച്ചി-18



**കമാക്ഷി ബാലകൃഷ്ണ (L/1679),** പാർവ്വതി നിവാസ്, ദിവാൻസ് റോഡ്, കൊച്ചി-16

# സോപാന സംഗീതം

കല്പകം സോമരാജൻ – 9895453072

സോപാന സംഗീതം എന്ന സംഗീതശൈലി അനാദിയാണ്. എന്നാൽ ഈ പേരിൽ ആ ശൈലി വ്യവഹരിക്കപ്പെട്ടിരുന്നില്ല. ആദിമ മലയാളത്തിൽ കാവുകളും, ഗുഹകളും മറ്റുമായിരുന്നു ആരാധനാസ്ഥലങ്ങൾ. 8–ാം നൂറ്റാണ്ടോടെ ആര്യാധിനിവേശത്തിനു ശേഷം കുലശേഖര വർമ്മൻ എന്ന രാജാവിന്റെ കാലത്താണ് ഇന്ന് കാണുന്ന രീതിയിലുള്ള ക്ഷേത്ര നിർമ്മിതി ഇവിടെ ഉണ്ടായതെന്ന് ചില ഏടുകളിൽ കാണുന്നു.

ക്ഷേത്രത്തിന്റെ ഗർഭഗ്രഹത്തിലേക്ക് കയറുന്നതിനുള്ള പടികളെയാണ് സോപാനം എന്ന വാക്കുകൊണ്ട് വിവക്ഷിക്കുന്നത്. ഇങ്ങനെ സോപാനം ഉണ്ടാകുന്നതിന് മുൻപും ഭക്തിരസ പ്രധാനങ്ങളായ അനേകം കീർത്തനങ്ങൾ മലയാളത്തിൽ ഉണ്ടായിരുന്നു എന്ന് ചരിത്രാന്വേഷകർ. ജാതി സംഗീതം എന്നറിയപ്പെട്ടിരുന്ന ആ സംഗീത ശൈലിയാണ് സോപാനസംഗീതത്തിന്റെ ആദിമരൂപം.

ആദിയിൽ ദൈവീകാരാധനക്കായിട്ടാണ് ഗാനങ്ങൾ ഉടലെടുത്തിരുന്നത് എന്ന് കാണാം. ആ അദൃശ്യ ശക്തിയെ വിളിച്ചു പാടുമ്പോൾ, അത് കൂടുതൽ ശ്രവണ സുന്ദരമായിരുന്നാൽ , മൂർത്തി പെട്ടന്ന് പ്രസാദിക്കും എന്നുള്ള ധാരണയാകാം ഒരു പക്ഷെ ഈ പാട്ടാരാധനക്ക് പിന്നിലുള്ള പ്രേരകഘടകം. ഈ ജാതി സംഗീതത്തിന് കാലക്രമേണ ചില ചിട്ടവട്ടങ്ങൾ വന്നു. ത്രയോദശലക്ഷണങ്ങൾ എന്ന് ഈ രീതിക്ക് പേര് പറഞ്ഞു കാണുന്നു. ന്യാസം, അംശം, ജീവസ്വയം എന്നീ ത്രയോലക്ഷണങ്ങൾ കൊണ്ടു പാടി ഉറപ്പിക്കുന്ന രീതി ജാതി സംഗീതത്തിന് ചട്ടക്കൂടായി വന്നു. അങ്ങനെ ഭക്തിരസ പ്രധാനമായ ഈ സംഗീത ശൈലി നിലവിൽ വന്നതായി കാണുന്നു. ജനങ്ങൾ ഒത്തുച്ചേരുന്ന ക്ഷേത്രസന്നിധിയിൽ ഈ ഗാനശൈലി പ്രാമുഖ്യത്തിൽ വന്നു. പുതിയ പേരോടെ അങ്ങനെ സോപാനസംഗീതം എന്ന പേര് ആവിർഭവിച്ചു എന്ന് കാണുന്നു.

സംഗീതപരമായി സോപാനസംഗീതത്തിന് മറ്റൊരു വ്യാഖ്യാനം കൂടി കാണുന്നു. ഒരു രാഗത്തിന്റെ അല്ലെങ്കിൽ ഗാനത്തിന്റെ ആരോഹണാവരോഹണങ്ങൾ സോപാനം പോലെയാണ്. ചില സ്വരങ്ങളെ സ്ഥായിയായി സ്വീകരിച്ച് ചിലവയെ ഒഴിവാക്കി വിളംബിതമായ പതിഞ്ഞ രാഗത്തിൽ പാടി തുടങ്ങി മെല്ലെ പടിപടിയായി ഉച്ചസ്ഥായിയിൽ എത്തി ക്രമേണ താഴേക്കുപാ ടികൊണ്ടുവരുന്ന ശൈലിയാണ് ഈ വ്യാഖ്യാനത്തിന്റെ അടിസ്ഥാനം.

നടഅടച്ചു പൂജ കേരളത്തിന്റെ മാത്രം പ്രത്യേകതയാണ്. ഈ പൂജാസമയത്ത് സോപാനത്തിന്റെ അരികെ നിന്ന് ഇടക്കയുടെ മധുസ്വരത്തിൽ ശ്രുതിപിടിച്ച് ക്ഷേത്രമൂർത്തിയെ തന്റെ ഗാനത്തിലൂടെ ആവിഷ്കരിക്കുകയാണ് ഗായകൻ ചെയ്യുന്നത്. തൊഴുതുനിൽക്കുന്ന ഭക്തരെ ഭഗവാനിലേക്കെത്തിക്കുന്ന ദൗത്യമാണ് ഇദ്ദേഹം നിർവഹിക്കുന്നത്.

നമ്മുടെ ക്ഷേത്രങ്ങളിൽ ചില ചിട്ടകളോടെയാണ് പൂജകൾ ചെയ്യുന്നത്. ഈ പൂജകൾക്ക് പൂരകങ്ങളായിട്ടാണ് വിവിധതരത്തിലുള്ള വാദ്യങ്ങൾ ഉപയോഗിക്കുന്നത്. പൂജയിൽ ഉരുക്കഴിക്കുന്ന മന്ത്രങ്ങളും വാദ്യങ്ങളിൽ നിന്നുതിരുന്ന ശബ്ദതരംഗങ്ങളും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇതിന്റെ പ്രയോക്താക്കളിൽ ആർക്ക് പിഴച്ചാലും മറ്റേ ആൾക്ക് അറിയാൻ കഴിയും എന്ന് ചുരുക്കം.

ക്ഷേത്രങ്ങളിൽ അഞ്ചു പൂജകളാണ് പ്രധാനമായും ഉള്ളത്. ഉദയാസ്തമയങ്ങളെ അടിസ്ഥാനമാക്കി യാമങ്ങളെ കണക്കാക്കി അതിനനുസരിച്ചാണ് ഈ പൂജകൾ നിശ്ചയിക്കപ്പെട്ടിരിക്കുന്നത്. ആദ്യ ചടങ്ങ് പള്ളിയുണർത്തൽ ശംഖാണ് ഉപയോഗിക്കുന്നത്. 9 തവണ ശംഖൂതും 8 എണ്ണം ദിക്പാലകന്മാരെ ഉണർത്താനും ഒരെണ്ണം മൂർത്തിയെ ഉണർത്താനും എന്ന് വിശ്വാസം. ഇതിനുശേഷം നിർമ്മാല്യം നീക്കി ഉഷഃപൂജയാണ്. ഉദയത്തിന് മുൻപേ ഉഷഃപൂജ, സൂര്യൻ ഉദിച്ച് എതിരെ വരുമ്പോൾ എതിർത്തു പൂജ, പന്ത്രണ്ടടി ഉയരുമ്പോൾ പന്തീരടി, ഉച്ചക്ക് ഉച്ചപ്പൂജ, അസ്തമയശേഷം അത്താഴ പൂജ. ഇതാണ് ക്രമം. ഇതിനിടക്ക് ദീപാരാധനയുമുണ്ട്.

പൂജക്കായി നട അടച്ചാൽ സോപാനം ചേർന്ന് നിന്ന് അവകാശിയായ വാദ്യക്കാരൻ ഇടക്കയിൽ ശ്രുതിപിടിച്ച് പാടുന്നു. ഇതിനാലാകാം ഈ രീതിക്ക് കൊട്ടിപ്പാടിസേവ എന്ന പേര് വന്നത്. ഇടക്ക എന്ന ഈ വാദ്യത്തിൽ എല്ലാ ശ്രുതികളും വായിക്കാം. പൂജാസമയത്ത് ഇടക്കയിൽ ശ്രുതിപിടിച്ച് പാടുന്നതിനും ചില നിയമങ്ങളൊക്കെയുണ്ട്. ആദ്യം സപസ കൊട്ടുന്നു തുടർന്ന് ഗണപതി കൊട്ടുന്നു. ചൊല്ല് എന്നും ഇതിന് പറയുന്നു. ഇത് കഴിഞ്ഞാൽ കൂറ് കൊട്ടുന്ന രീതിയുണ്ട്. പിന്നീട് 'അ' കാരത്തിൽ നിന്നും രാഗം പാടുന്നു. ഇതിനുശേഷം ധ്യാണി ധ്യാനി കൊട്ടുന്നു. ഇന്ന് ഈ വാക്ക് ധ്യാനി എന്ന് മാത്രമാണ് പറയുന്നത്. ഇതെല്ലാം നിയമങ്ങളാണ് കൊട്ടിയിരിക്കണം. ഇല്ലെങ്കിൽ ദോഷഫലം എന്ന് വിശ്വാസം. ഗുരുനാഥന്മാരിൽ നിന്ന് കൈമാറിവരുന്ന ഈ അറിവുകളാണ് സോപാന സംഗീതത്തിനടിസ്ഥാനം. പുതുതലമുറയും ഇതൊക്കെ കാത്തുസൂക്ഷിക്കുന്നു എന്നത് ആശ്വാസവും അഭിനന്ദനാർഹവുമാണ്. മാരാർ, പൊതുവാൾ എന്നീ സമുദായക്കാരാണ് ക്ഷേത്രങ്ങളിൽ സോപാനത്ത് കൊട്ടുന്നതിന് അവകാശികൾ. മൂർത്തിയെ വർണ്ണിക്കലാണ് ഭക്തിരസപ്രധാനങ്ങളായ ഇവരുടെ കീർത്തനങ്ങൾക്ക് അടിസ്ഥാനം. വർണ്ണിക്കൽ, ദേവതയോട് അപേക്ഷിക്കൽ, യാചിക്കൽ, സ്വയം സമർപ്പിക്കൽ എന്നീ ശൈലിയിലാണ് സോപാനസംഗീതം പാടുന്നത്.

പതിനൊന്ന് നിതാന രാഗങ്ങളാണ് കൊട്ടിപ്പാടിസേവക്ക് അവലംബം. മൂർത്തി ചൈതന്യം വർദ്ധിപ്പിക്കുന്നതിനാണ് പൂജകൾ. നൃത്തം, വാദ്യം, ഗീതം എന്ന ത്രികലകളിൽ കൂടി അർപ്പിക്കുമ്പോഴാണ് ഒരു പൂജ പൂർണ്ണമാകുന്നത് നൃത്തമിദം, ഗീതമിദം, വാദ്യമിദം സമർപ്പയാമി എന്നതിൽ നൃത്തമിദം പൂജാരിയും മറ്റുരണ്ടും കൊട്ടിപ്പാടി സേവക്കാരനും സമർപ്പിക്കുന്നു. താന്ത്രികക്രിയകളിലൊക്കെ അർപ്പിക്കുന്നത് കൈക്രിയകളോടെ ആണെന്ന് നാം കണ്ടിരിക്കും.

യാമങ്ങൾക്കനുസൃതമായി കൊട്ടിപ്പാടുന്ന രാഗങ്ങൾക്കും വ്യത്യാസങ്ങളുണ്ട്. ഉഷഃപൂജക്ക് മൃദുരാഗങ്ങളായ ആനന്ദഭൈരവി, മോഹനം ഇവയെല്ലാമാണത്രെ പാടുന്നത്. യാമങ്ങൾ പോകെ രാഗങ്ങൾക്കും വ്യത്യാസം വരും. അത്താഴപൂജക്ക് ഖന രാഗങ്ങളായ നിട്ട, ഭ്രുഹളം എന്നിവയെല്ലാം പാടുന്നു. ഏതു രാഗമായാലും യാമത്തിന്റെ ഭാവം അനുഭൂതിയായി ഗായകനിൽ നിറയുമെന്ന് അനുഭവജ്ഞർ പറയുന്നു. ക്ഷേത്രമൂർത്തിയല്ലാതെ മറ്റൊന്നും ആ സമയം ആ ഗായകനിൽ ഉണ്ടാവുകയില്ലത്രെ. അതാണ് അനുഭൂതി എന്ന് അവർ പറയുന്നത്.

ക്ഷേത്രവാദ്യങ്ങളായ ദേവ, അസുര വാദ്യങ്ങളിൽ പെടാത്ത ഏക അർച്ചനാവാദ്യമാണ് ഇടക്ക. ഇത് മലയാളത്തിന്റെ സ്വന്തമാണ്. ഭൂതഗണങ്ങൾ ശാസ്ത്രവിധിപ്രകാരം നിർമ്മിച്ച വാദ്യമാണിതെന്ന് ഇടക്കയുടെ ഉത്ഭവത്തെക്കുറിച്ചുള്ള ഐതീഹ്യം. പവിത്രമായ ഈ വാദ്യം താഴെ വെയ്ക്കാറില്ല. താഴത്തുവെക്കാൻ കഴിയാത്ത രീതിയിലാണ് ഇതിന്റെ നിർമ്മിതി.

ഇന്ന് സോപാനസംഗീതത്തിൽ പാടുന്ന കീർത്തനങ്ങളെല്ലാം തന്നെ ശാസ്ത്രീയ സംഗീ

തവുമായി ബന്ധപ്പെട്ടവയാണ്. സാമൂതിരിരാജയുടെയും, സ്വാതിതിരുനാളിന്റെയും എല്ലാം അനേകം കീർത്തനങ്ങൾ സോപാന സംഗീതത്തിനായി ഉപയോഗിക്കുന്നു. കർണ്ണാടക സംഗീതത്തിന്റെയും അഷ്ടപതിയുടെയും സ്വാധീനം സോപാനഗാനശൈലിയെ വളരെ സ്വാധീനിച്ചിട്ടുണ്ട്. ഈ ഗാനശൈലിയിലെല്ലാം തന്നെ ഭക്തിരസത്തിനാണ് പ്രാധാന്യം. അഷ്ടപതിയിലെ ധാരാളം ഗാനങ്ങൾ സോപാനസംഗീതജ്ഞർ പാടുന്നുണ്ട്. ശ്രീജയദേവ കൃതിയായ ഗീതാഗോവിന്ദമാണ് അഷ്ടപതിക്ക് നിദാനം. ഇതിൽ ശ്രീകൃഷ്ണപരമാത്മാവിനോ ടുള്ള ജീവാത്മാക്കളുടെ അതുല്യ പ്രണയമാണ് ആവിഷ്കരിച്ചിരിക്കുന്നത്. ഗീതാഗോവിന്ദത്തിലെ 24 കാവ്യങ്ങൾ അഷ്ടപതി എന്ന പേരിൽ അറിയപ്പെടുന്നു. ഇത് എവിടെ ആലാപനം ചെയ്താലും അവിടെ ഭഗവൽ സാന്നിധ്യം സുനിശ്ചിതമെന്ന് ദൃഢവിശ്വാസം.

മാരാർ, പൊതുവാൾ സമുദായക്കാരാണ് ക്ഷേത്രങ്ങളിൽ സോപാനസംഗീതം പാടുന്നത്. ഇത് അവരുടെ അവകാശമായി കണക്കാക്കുന്നു. ഞെരളത്ത് രാമപൊതുവാൾ എന്ന വിശ്രുത സംഗീതജ്ഞനാണ് സോപാനസംഗീതത്തെ നാലമ്പലത്തിനകത്തുനിന്ന് അരങ്ങത്തേക്ക് ആനയിച്ചത്. 'ജനനിതസോപാനം' എന്ന ജനകീയരൂപം തന്നെ ഇതിനായി അദ്ദേഹം ആവിഷ്കരിച്ചിട്ടുണ്ട്. ഞെരളത്ത് കലാഗ്രാമത്തിൽ 'ഞെരളത്ത് രാമപൊതുവാൾ സ്മാരക കേരള സംഗീതോത്സവം' നടത്താറുണ്ട്. ഇതിൽ പ്രമുഖരായ എല്ലാ സംഗീതജ്ഞരും പങ്കെടുക്കുന്നുണ്ട്. എന്നാണറിവ്. – (ഈ അറിവുകൾ ഒരു കലാകാരനിൽ നിന്നാണ് ലഭിച്ചത്. ആധികാരികമല്ല.) ■

ഗാന്ധി സൂക്തം

## നിർഭയത്വം

യാത്രക്കിടയിൽ ഞാൻ ശ്രദ്ധിച്ചൊരു കാര്യമുണ്ട്. ഇന്ത്യാക്കാർ, പ്രത്യേകിച്ച് വിദ്യാസമ്പന്നരായ ഇന്ത്യാക്കാർ ഭയന്നു മരവിച്ചിരിക്കുകയാണ്. നാം ഒന്നും തുറന്നു പറയുന്നില്ല. ഒക്കെ രഹസ്യമായി മാത്രം. ഇനി പൊതുവേദിയിൽ പറയുന്നതോ, നാം വിശ്വസിക്കാത്ത കാര്യങ്ങളും. നിശബ്ദരായിരിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിൽ എനിക്കൊരു പരാതിയും ഉണ്ടാകുമായിരുന്നില്ല. എന്തിനാണീഭയം? ഭയപ്പെടേണ്ട ഒരേയൊരു ജീവിയേയുള്ളു – ജീവി എന്ന പദം ഉപയോഗിക്കുന്നത് ശരിയാണെങ്കിൽ – ഈശ്വരനെ മാത്രം. ഈശ്വരനെ ഭയമുണ്ടെങ്കിൽ മനുഷ്യനെ ഭയമില്ലാതാവും. ഇനി അവൻ എത്ര വലിയവനായാൽ കൂടി. സത്യം ദീക്ഷിക്കണമെന്നുണ്ടെങ്കിൽ ഭയമരുത്. ഭഗവത്ഗീതയിൽ പറയുന്നത് കേൾക്കൂ – മനുഷ്യന്റെ ഏറ്റവും വലിയ ഗുണം നിർഭയത്വമാകുന്നു. അനന്തരഫലങ്ങളെക്കുറിച്ചോർത്തു വിഷമിച്ച് സത്യം പറയാൻ നാം മടിക്കുന്നു. മതമെന്തെന്ന് മനസ്സിലാക്കുന്നതിനു മുമ്പ്, ഇന്ത്യയുടെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്നതിന് മുമ്പ്, നാം നിർഭയത്വമെന്ന സ്വഭാവം സ്വീകരിക്കേണ്ടതല്ലേ? അതല്ലെങ്കിൽ നാട്ടുകാരെ നാം കൂടുതൽ ദീനരാക്കുകയാവും ഫലം. നിർഭയത്വം വളരെ പ്രാധാന്യമർഹിക്കുന്നു.

**എം. കെ. ഗാന്ധി** **ആശ്രമനിഷ്ഠകൾ, (1959)**

### എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 സെപ്റ്റംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | ബാലാജി കൃഷ്ണൻ, No. 25, Capital Gardens, ഗുരുവായൂർ റോഡ്, തൃശ്ശൂർ | 5,000 |
| 2 | എം. ജെ. കൃഷ്ണൻ | 5,000 |
| 3 | ഡോ. നന്ദിനി നായർ, Cutis Clinic, S1, Netage Arcade, ചർച്ച് ലാൻഡ് റോഡ്, കൊച്ചി–16 | 5,000 |

# സഞ്ജയൻ എന്ന സാരഥി

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

ഇതിഹാസങ്ങളും പുരാണങ്ങളും ജീവിതസ്പർശിയായി പ്രായോഗിക സിദ്ധാന്തങ്ങളെ പരിചയപ്പെടുത്തുന്ന വിജ്ഞാനകോശമായ മഹാഭാരതമെന്ന കൃതിയിലൂടെ, ധർമ്മത്തിനും നീതിക്കും ഉയർന്ന സ്ഥാനം കൽപ്പിച്ച്, കർമ്മയോഗത്തേയും ജ്ഞാനയോഗത്തേയും സംയോജിപ്പിച്ച്, രാജ്യതന്ത്രജ്ഞനും സാധാരണക്കാരനും ഒരുപോലെ അവമനസ്സിലാക്കാൻ ഈ കൃതിയിലൂടെ രചനയിലൂടെ വ്യാസൻ എന്ന ഗുരുശ്രേഷ്ഠന് സാധിച്ചു. ജനനം മുതൽ മരണം വരെ ഒരു സാധാരണ വ്യക്തിയായാലും രാജാവായാലും, മഹാത്മാവായാലും വ്യത്യസ്ത സാഹചര്യങ്ങൾക്ക് പരിഹാരം കാണാനും ധർമ്മത്തെ രക്ഷിക്കുവാനും വ്യാസൻ പഠിപ്പിക്കുന്നു. ശാന്തമായി ഒഴുകുന്ന നദിയിൽ ഓളങ്ങളും മലവെള്ളപ്പാച്ചിലുകളും ഉണ്ടാകുന്നതിനെ നേരിട്ട്, ചരിത്രപരമായ ധാർമ്മികബോധം വായിക്കുന്നവരിലും കേൾക്കുന്നവരിലും അതിനുവേണ്ട അറിവ് ലഭിക്കുന്ന വിധത്തിലാണ് വിവരിച്ചിട്ടുള്ളത്. വ്യാസന്റ പാത്രസൃഷ്ടിയെല്ലാം തന്നെ ചരിത്രപരവും ബുദ്ധിയെ ഉത്തേജിപ്പിക്കുന്നവയുമാണ്. ഒരു വ്യക്തിയെന്ന പ്രതിഭാസത്തെ വളർത്തി ഗുണാംശങ്ങൾ അയാളിൽ വളർന്നു തുടങ്ങുമ്പോൾ അയാൾ മനുഷ്യന്റെ ഗുണാംശങ്ങളിലേക്കെത്തപ്പെടുന്നു. വെറും ഒരു സാക്ഷിയായി നിന്നുകൊണ്ട് തന്റെ യജമാനന്റെ നന്മക്കുവേണ്ടി ദൃഢമായ വിശ്വാസത്താൽ അധിഷ്ഠിതമായ മനസ്സിനെ പരമസത്യത്തിലേക്ക് ഉയർത്താൻ ശ്രീ വേദവ്യാസൻ വരച്ചുകാണിച്ച ഒരു വ്യക്തിത്വമാണ് സഞ്ജയൻ ഗാവൽഗന എന്ന സൂതൻ

സഞ്ജയൻ എന്നാൽ വിജയി, ഒരു ഉപദേശ കന്റെ കടമകളും ഉത്തരവാദിത്തങ്ങളും തികച്ചും പ്രദർശിപ്പിക്കാൻ കഴിവുള്ള ധാർമ്മിഷ്ഠനായ ഈ ഉപദേശകൻ വരും നൂറ്റാണ്ടിന് അത്ഭുതമാണ്. വേണ്ട സമയത്തെല്ലാം നേർവഴി നടക്കാനുള്ള സഞ്ജയന്റെ വാക്കുകൾ ഈ നൂറ്റാണ്ടിന്റെ തലമുറക്ക് പഠിക്കേണ്ട ഒന്നാണ്. സ്വർത്ഥതാല്പര്യമില്ലാതെ ധർമ്മത്തിനുവേണ്ടി നിലകൊണ്ട സഞ്ജയൻ വ്യാസന്റ ശിഷ്യനാണ്. ആപൽഘട്ടങ്ങളിലെല്ലാം സഹായിച്ചു സ്വർഗ്ഗാരോഹണ സമയംവരെ തന്റെ രാജാവിന്റെ സന്തതസഹചാരിയായിരുന്ന സഞ്ജയൻ ഗാവൽഗന മഹാഭാരത യുദ്ധം കണ്ടു നമുക്ക് വിവരിച്ചു തന്ന വ്യക്തിത്വം.

കൗരവസഭയിൽ കള്ളചൂതുകളിയിൽ പാണ്ഡവരെ ദാസന്മാരാക്കി അവരുടെ പ്രിയപത്നി പാഞ്ചാലിയെ വസ്ത്രാക്ഷേപം വരെ നടത്തി, പതിവൃതയും ഗുണവതിയുമായ ഒരു സ്ത്രീയെ സഭാമദ്ധ്യത്തിൽ ഉപദ്രവിക്കുമ്പോൾ ഉണ്ടാകുന്ന അധാർമ്മികതയെ ചോദ്യം ചെയ്യാൻ ഒരു ഗുരുക്കന്മാരും ഉണ്ടായില്ല. ഞാൻ ദാസിയോ, അദാസിയോ, ജിതയോ, അജിതയോ? ഈ ചോദ്യത്തിന് ഇന്നുവരെ ഉത്തരം ലഭിക്കുന്നില്ല. വിദുരർ തുടങ്ങിയ മഹാത്മാക്കളുടെ വാക്കുകൾ ധൃതരാഷ്ട്രരിൽ വേദനയുണ്ടാക്കി. ആ സമയം അവിടെയെത്തിയ നാരദർ 14 വർഷത്തിന് ശേഷം അർജ്ജുനനും ഭീമനും കൂടി കൗരവരെ നശിപ്പിക്കുമെന്ന് പറഞ്ഞു. വൈശമ്പായനൻ പറയുന്നത്, ഇതിനുശേഷം ധൃതരാഷ്ട്രർ ദുഃഖിതനായി മാറിയെന്നാണ്. അവസാനം ധൃതരാഷ്ട്രർ സഞ്ജയനോട് പറയുന്ന ഗാവൽഗനന്റെ പുത്രാ! വിദുരർ ധർമ്മത്തെക്കുറിച്ച് സംസാരിച്ചു പക്ഷെ. എന്റെ പുത്രന്മാരോടുള്ള സ്നേഹം കാരണം ഇതൊന്നും അംഗീകരിക്കാൻ എനിക്ക് കഴിയുന്നില്ല.

ഇതാണ് യഥാർത്ഥ ധൃതരാഷ്ട്രർ. ഇവിടെ ധൃതരാഷ്ട്രർക്ക് മനസ്സ് തുറക്കാനുള്ള ഒരു സന്തത സഹചാരിയായിട്ടാണ് ആദ്യം സഞ്ജയനെ കാണുന്നത്. മഹാഭാരതത്തിൽ ഉദ്യോഗപർവ്വത്തിലാണ് വീണ്ടും നാം സഞ്ജയനെ കാണുന്നത്. പാണ്ഡവരുടെ അജ്ഞാതവാസക്കാലത്ത് അവർ വിരാടരാജധാനിയിൽ ഒളിച്ച് താമസിച്ചുവെങ്കിലും അവസാന ദിവസം വിരാടരാജാവും കൗരവരും തമ്മിലുള്ള യുദ്ധത്തിൽ രാജാവിനെ സഹായിച്ച് കൗരവരെ തോൽപ്പിച്ചു. അജ്ഞാതവാസം കഴിഞ്ഞ് ഉത്തരയും അഭിമന്യുവുമായുള്ള വിവാഹം നടന്നു. അന്നവിടെ കൂടിയ കൃഷ്ണനും ബലരാമനും മറ്റും യുദ്ധത്തേക്കുറിച്ചു നടത്തിയ ചർച്ചയിൽ ദ്രുപദൻ തന്റെ പുരോഹിതനെ ദൂതനായി ഹസ്തിനപുരത്തേക്കയക്കാൻ തീരുമാനിച്ചു. ഹസ്തിനപുരത്തെത്തിയ ദൂതൻ സഭയിൽ താൻ എന്തിനു വന്നുവെന്ന കാര്യം പറഞ്ഞു. ഭീഷ്മർ പാണ്ഡവരെ പ്രകീർത്തിച്ചത് കർണ്ണനിഷ്ടമായില്ല അവസാനം അന്ധനായ ധൃതരാഷ്ട്രർ തന്റെ സാരഥിയും വിശ്വസ്ത ഉപദേശകനുമായ സഞ്ജയനെ ദൂതിനായി അയക്കാമെന്ന് പറയുമ്പോഴാണ് സഞ്ജയൻ എന്ന പേര് മഹാഭാരതത്തിൽ തുടർച്ചയായി ഉയർന്നു കേൾക്കാൻ തുടങ്ങിയത്.

ധൃതരാഷ്ട്രർ ബുദ്ധിമാനായ സഞ്ജയനെ ധർമ്മപുത്രരുടെ സഭയിൽ ചെന്ന് പറയേണ്ടതിനേക്കുറിച്ച് വിശദമായി പറഞ്ഞു പഠിപ്പിച്ചു, പാണ്ഡവരെ വേദനിപ്പിക്കാതെ സന്തോഷിപ്പിച്ച് യുദ്ധം ഇല്ലാതാക്കാൻ ശ്രമിക്കണം. സഞ്ജയൻ പറഞ്ഞാൽ എല്ലാവരും കേൾക്കും എന്നു കൂടി രാജാവ് പറഞ്ഞു. സഞ്ജയൻ ധർമ്മപുത്രരുടെ സഭയിൽ എത്തി വിവരങ്ങൾ വിശദമായി ധരിപ്പിച്ചു. പാണ്ഡവരുടെ ധർമ്മബോധത്തെക്കുറിച്ചും, യാചിക്കുന്നവർക്ക് എന്തും ദാനം ചെയ്യുമെന്നുള്ള സ്വഭാവവൈശിഷ്ട്യവും ഒക്കെ എടുത്തു പറഞ്ഞു. നിങ്ങൾ സർവ്വ ശത്രുക്കളേയും വധിച്ചാൽ ഭാവിയിൽ അത് അപരാധമായി മാറും യുദ്ധം കൊണ്ടുണ്ടാകുന്ന അനർത്ഥങ്ങൾ വിവരിച്ചു. യുദ്ധം കൊണ്ട് രാജ്യം നേടുന്നതിനേക്കാൾ നല്ലത് ഭിക്ഷാടനം കൊണ്ട് ശ്രേഷ്ഠമായ ജീവിതം നയിക്കുന്നതാണെന്നും ധർമ്മനിഷ്ഠൻ സൂര്യനേപ്പോലെയും ധർമ്മഹീനൻ ഭൂമി മുഴുവൻ നേടിയാലും താഴേക്ക് പോകുമെന്നും പറഞ്ഞു. ഇതെല്ലാം കേട്ട ശ്രീകൃഷ്ണൻ വളരെ വ്യക്തമായി കൗരവർ പാണ്ഡവരോട് ചെയ്തതെല്ലാം പറഞ്ഞു. ദേഷ്യം കൊണ്ട് ഭഗവാൻ പറഞ്ഞ വാക്കുകൾ സഞ്ജയനെ ഭയപ്പെടുത്തി. താൻ വെറുമൊരു ദൂതനാണെന്നു പറഞ്ഞ് ക്ഷമ ചോദിച്ചു മടങ്ങുന്ന സഞ്ജയനെയാണ് നാമിവിടെ കാണുന്നത്. സഞ്ജയൻ ഹസ്തിനപുരത്തെത്തി പാണ്ഡവരുടെ യുദ്ധവീരപരാക്രമങ്ങൾ വിവരിച്ചു. വിശദവിവരം പറയാതെ പോയ സഞ്ജയന്റെ വാക്കുകൾ എന്തായിരിക്കാമെന്ന ചിന്തയിൽ ധൃതരാഷ്ട്രർ വിഷണ്ണനായി. ഇവിടെ നമുക്ക് വിദുരരുടെയും സനൽസുജാത മഹർഷിയുടേയും വിവരണങ്ങൾ ധർമ്മവും ധർമ്മോപദേശവുമായി കാണാം.

പിറ്റേദിവസം സഞ്ജയൻ സഭയിൽ വിശദ വിവരണം കൊടുത്തു. യുദ്ധത്തിൽ പാണ്ഡവരുടെ സാമർത്ഥ്യവും അവരുമായി സന്ധിയാണ് നല്ലതെന്നും പറഞ്ഞു. സഞ്ജയന്റെ വാക്കുകൾ എല്ലാവരേയും സ്തബ്ധരാക്കി. ഭീമന്റെ കയ്യാൽ പുത്രന്മാർ മരണപ്പെടുമല്ലോ എന്ന് തിരിച്ചറിഞ്ഞ ധൃതരാഷ്ട്രർ സങ്കടപ്പെട്ടു. ഈ സമയം സഞ്ജയൻ ധൃതരാഷ്ട്രരുടേയും മക്കളുടെയും തെറ്റുകൾ ചൂണ്ടിക്കാണിക്കുകയും ധർമ്മസംസ്ഥാപനത്തിനായി പിറവിയെടുത്ത കൃഷ്ണന്റെ ശക്തിയും സഞ്ജയൻ വിശദീകരിച്ചു. ആ സമയം ധൃതരാഷ്ട്രർക്കൊരു സംശയം. തന്നെക്കാൾ കൂടുതൽ കൃഷ്ണമാഹാത്മ്യം സഞ്ജയനെങ്ങനെ കിട്ടി? കൃഷ്ണതത്ത്വത്തെ അറിയാൻ പറ്റുന്ന ആത്മവിദ്യ രാജാവിന് പ്രകാശിച്ചിട്ടില്ലെന്നും സഞ്ജയന് ആത്മവിദ്യ ഉണ്ടെന്നും കൂടിപ്പറഞ്ഞു. താൻ എല്ലാം ഫലം ഇച്ഛിക്കാതെ ശ്രീകൃഷ്ണനിൽ അർപ്പിച്ചുകൊണ്ടാണ് ജീവിക്കുന്നതെന്നും ശു

ദ്ധമായ മനസ്സുള്ളവർക്ക് മാത്രമേ കൃഷ്ണ നെ ശരണം പ്രാപിക്കാൻ സാധിക്കുകയുള്ളൂ വെന്നും സഞ്ജയൻ പറഞ്ഞു.

ഇവിടെ നമ്മൾ വാക്കുകളുടെ ശക്തിയേ ക്കുറിച്ച് ഒന്ന് ചിന്തിക്കണം. സഞ്ജയൻ പാ ണ്ഡവസഭയിൽ പോയി സംസാരിച്ച പല കാ ര്യങ്ങളും ബന്ധുമിത്രദികളെ കൊന്നാലുണ്ടാ കുന്ന ഫലം നരകമാണെന്നും യുദ്ധംകൊണ്ട് രാജ്യം നേടുന്നതിനേക്കാൾ നല്ലത് ഭിക്ഷാടന മാണെന്നൊക്കെയുള്ള വാക്കുകൾ യുധിഷ്ഠി രന്റെയും മറ്റും മനസ്സിൽ തുളച്ചുകയറിയിരുന്നു. അതുകൊണ്ട് സഞ്ജയൻ മടങ്ങിപോയതിന് ശേഷം ധർമ്മപുത്രർ പറഞ്ഞത് യുദ്ധം ഒഴിവാ ക്കാൻ എന്തെങ്കിലും ചെയ്യണമെന്നാണ്. ഭീമൻ പോലും ധർമ്മത്തിന്റെ വാക്കുകൾ പറഞ്ഞു. അവസാനം ഭഗവാൻ ദൂതുമായിപ്പോയി. സം സാരത്തിനിടയിൽ കോപാകുലനായ ദുര്യോധ നൻ ശ്രീകൃഷ്ണനെ പിടിച്ചുകെട്ടാനാഗ്രഹിച്ചു. ആ സമയം ഭഗവാനിൽ കണ്ട അത്ഭുതത്തെ കാണാൻ സാധിക്കാതെ പലരും ഇറങ്ങി ഓടി, ബോധം കെട്ടു. പക്ഷെ ഭീഷ്മരും, ധൃതരാഷ്ട്ര രും, വിദുരരും, സഞ്ജയനുമൊക്കെ ഭഗവാന്റെ മുൻപിൽ വണങ്ങി.

യുദ്ധം സമാഗതമായി. ഈ സമയം പാണ്ഡ വരെയും കൃഷ്ണനേയും അപമാനിക്കാൻ ദു ര്യോധനൻ ഉല്ലുകനെന്ന ക്ഷത്രിയനെ പാണ്ഡ വസന്നിധിയിലേക്കയച്ചു. വളരെ തരംതാഴ് ത്തിയുള്ള സംഭാഷണവും വിശ്വരൂപദർശനം പോലും വേഷം കെട്ടലാണെന്നുള്ള തരത്തി ലുള്ള പുഛമായ വാക്കുകൾ എത്രമാത്രം മാ നസികമായി തകർക്കാമോ അത്രയും നീച മായ വാക്കുകൾ ഉല്ലുകൻ പ്രയോഗിച്ചു. പക്ഷെ ദൂതനായതുകൊണ്ട് ആരും ഉപദ്രവിച്ചില്ല.

യുദ്ധദിവസം അടുത്തു. ധൃതരാഷ്ട്രർ അന്ധ നാണ്, കുശാഗ്രബുദ്ധിയാണ്. അമിതമായ മക്ക ൾ സ്നേഹം. യുദ്ധം ചെയ്താൽ മക്കൾ നശി ക്കും, ചെയ്തില്ലെങ്കിൽ രാജ്യം നഷ്ടപ്പെടും. രാജാവ് ആകെ അസ്വസ്ഥനായിരിക്കുമ്പോൾ വ്യാസൻ അവിടേക്ക് വന്നു. അധർമ്മത്തിന് ധർമ്മത്തിന്റെ വിജയമാണാവശ്യം. ധൃതരാഷ്ട്ര ർക്ക് ഈ യുദ്ധം കാണണമെങ്കിൽ അതിനുള്ള കാര്യങ്ങൾ ചെയ്യാമെന്നും അതല്ല കേൾക്കുക മാത്രം ചെയ്താൽ മതിയെങ്കിൽ സഞ്ജയന് ദിവ്യശക്തി നൽകാമെന്നും വ്യാസൻ പറഞ്ഞു. അന്നത്തെ കാലത്ത് തപഃശക്തികൊണ്ട് മന സ്സിനേയും പ്രപഞ്ചത്തേയും തന്റെ കാൽക്കീ ഴിൽ കൊണ്ടുവരാൻ ശക്തിയുള്ള മഹർഷി മാർ ഉണ്ടായിരുന്നു. അവരിൽ അഗ്രഗണ്യനും ഗുരുവുമായിരുന്ന വ്യാസന് സാധിക്കാൻ പറ്റാ ത്തതായി പ്രപഞ്ചത്തിൽ ഒന്നുമില്ലായിരുന്നു. അതികഠിനമായി ശ്രമിച്ചാൽ ആഗ്രഹിക്കുന്നത് നേടാമെന്ന പോസിറ്റീവ് മെന്റൽ മെക്കാനിസം. അനേകവർഷം കൊണ്ട് ആർജ്ജിച്ച ശക്തി വി ശേഷവും, ഭഗവാനിലും വ്യാസനിലുമുള്ള അദ മ്യമായ ഭക്തിയും സഞ്ജയന്റെ വാക്കുകളിലൂടെ വേദാന്തരഹസ്യങ്ങളെ സാധാരണക്കാരിലേ ക്കെത്തിക്കാൻ വേദവ്യാസൻ ശ്രമിച്ചുവെന്ന താണ് സത്യം. സഞ്ജയൻ പറയുകയാണ്, അർജ്ജുനൻ പറഞ്ഞതുപോലെ ഇരുസേനക ളുടേയും ഇടയിൽ രഥത്തെ നിർത്തി. വ്യാസൻ സഞ്ജയനെക്കൊണ്ട് ദൂരെനിന്നു കാണുന്ന യുദ്ധവും അവിടുത്തെ സംഭാഷണവുമെല്ലാം, ഇന്ന് നാം ടെലിവിഷനിൽ വാർത്താഅവതര ണം വഴി കാണുന്നതുപോലെ ധൃതരാഷ്ട്രരുടെ മനോമുകുരത്തിലും പിന്നീട് സാധാരണക്കാ രായ മനുഷ്യർക്ക് വായിക്കുകയും ഗോചരമാ വുകയും ചെയ്യിച്ചു എന്ന് തിരിച്ചറിയുമ്പോൾ സഞ്ജയൻ എന്ന വ്യക്തിയുടെ നിശ്ചയദാർഢ്യ വും ഭക്തിയും എത്രത്തോളമാണെന്നറിയുക. വ്യാസന്റ മനുഷ്യരാശിക്കുള്ള ഈ വാക്കുകൾ സഞ്ജയനിലൂടെ "അന്ധനും കുശാഗ്രബുദ്ധിയു മായ ധൃതരാഷ്ട്രർക്ക് വിവരിച്ചു കൊടുക്കുന്നത് ഇങ്ങനെയാണ്. അവിടെയുണ്ടായ ശംഖുനാദം തന്നെ ആകാശത്തേയും ഭൂമിയേയും മാറ്റൊലി കൊള്ളിച്ചു. ദുര്യോദനാധികളുടെ ഹൃദയത്തെ പിളർന്നു" എന്നാണ്.

➡

താൻ അർജ്ജുനന്റെ ഉപബോധമനസ്സിൽ കൊടുത്തത് മനഃശാസ്ത്രപരമായ ഒരു സമീപനമാണെന്ന് ശരിക്കറിയാമെങ്കിലും സഞ്ജയൻ അർജ്ജുനൻ ചോദിക്കുന്നതായി പറയുന്നു. "എല്ലാം നശിച്ചിട്ട് രാജ്യം കൊണ്ടെന്ത് പ്രയോജനം?"

"നഃ രാജ്യം സുഖാനി ച
കിം തോ രാജ്യേന ഗോവി"

ഇത്തരം മനസികാവസ്ഥയുണ്ടാക്കിയാൽ അർജ്ജുനന് ബലഹീനത ഉണ്ടാകുമെന്ന കുബുദ്ധി ധൃതരാഷ്ട്രർ ഇവിടെ സഞ്ജയനിലൂടെ അർജ്ജുനനിലേക്ക് കുത്തിവെക്കുകയാണ് ചെയ്യുന്നത്. ധാർമ്മിഷ്ഠനാണ് സഞ്ജയനെങ്കിലും യജമാനഭക്തി വേണ്ടുവോളമുണ്ട്. ഭീഷ്മർ പറയുന്നതുപോലെ "ദുര്യോധനന്റെ ആഹാരം കഴിക്കുക വഴി മ്ലേഛരക്തമാണല്ലോ ശരീരത്തിലൂടെ ഓടുന്നത്" സഞ്ജയന്റെ വാക്കുകൾ ഒരുപക്ഷെ അർജ്ജുനനെ സ്വാധീനിച്ചിരിക്കാം. അതായിരിക്കും അർജ്ജുനൻ കാർപ്പണ്യദോഷം ബാധിച്ച് യുദ്ധത്തിൽ നിന്നും പിന്മാറാൻ തയാറായത്. വില്ലാളിവീരനായ അർജ്ജുനനെ തന്റെ കർത്തവ്യനിർവ്വഹണത്തിന് പ്രാപ്തനാക്കിയതെങ്ങനെയെന്നും സൗഖ്യ യോഗ, കർമ്മയോഗ, ആത്മസംയമന, ജ്ഞാനവിജ്ഞാനയോഗ, അക്ഷരബ്രഹ്മ തുടങ്ങി മോക്ഷസംന്യാസയോഗം വരെ വ്യക്തമായും ശ്രദ്ധയോടെയും കേൾക്കാൻ സഞ്ജയന് കഴിഞ്ഞു.

അസ്വസ്ഥനായിരുന്ന ധൃതരാഷ്ട്രർ താൻ ധർമ്മം തന്നെയാണോ ചെയ്യുന്നതെന്ന് പലപ്രാവശ്യം ചോദിക്കുന്നുണ്ട്. രാജാവ് ചെയ്ത തെറ്റുകളെക്കുറിച്ച് രാജാവിനെ ബോധവാനാക്കിയും തിരുത്തേണ്ടിടത്ത് തിരുത്തിയും ഉപദേശിച്ചും സഞ്ജയൻ തന്റെ കൃത്യനിർവഹണം നടത്തുന്നു. 700 ശ്ലോകങ്ങളുള്ള ഭഗവദ്ഗീത കൃഷ്ണന്റെ വാക്കുകളിലൂടെ ശ്രവിക്കുവാനുള്ള ഭാഗ്യം ലഭിച്ച സഞ്ജയൻ പാണ്ഡവരോട് കൂറുള്ളവനായിരുന്നു. അതുകൊണ്ടാണ് ധൃതരാഷ്ട്രർക്ക് വിവേകമുണ്ടാകുകയില്ലെന്നറിയാമായിരുന്നിട്ടും കൃഷ്ണന്റെ മഹത്വം കൂടെക്കൂടെ പറയിപ്പിച്ചത്. "കൃഷ്ണൻ ഒരു സാധാരണ മനുഷ്യനല്ലായെന്നും ജഗദീശ്വരനാണെന്നും, സർവ്വശക്തനായ നിന്തിരുവടി പാണ്ഡവപക്ഷത്തുണ്ടെന്ന്" ഇനിയെങ്കിലും മനസ്സിലാക്കു എന്നും ദൃതരാഷ്ട്രരോട് പലപ്പോഴും പറയുന്നുണ്ട്.

ഭഗവദ്ഗീത പഠിക്കുന്ന മനുഷ്യന് മാത്രമല്ല, പഠിപ്പിക്കുന്ന ആൾക്കും പരമാത്മാവിൽ ഭക്തിയുണ്ടാകുമെന്നും പരമരഹസ്യമായ ഈ ശാസ്ത്രം ആരാണോ പരമനിഷ്ഠയോടെ എന്റെ ഭക്തന്മാർക്ക് വ്യാഖ്യാനിച്ച് കൊടുക്കുന്നത് അവർ തീർച്ചയായും എന്നെ പ്രാപിക്കുമെന്നും കൃഷ്ണൻ പറയുന്നു. സഞ്ജയൻ പറയുന്നതിപ്രകാരമാണ്. സർവ്വാത്മാവായ കൃഷ്ണന്റേയും മഹാത്മാവായ അർജ്ജുനന്റേയും സംഭാഷണം കേൾക്കുകയുണ്ടായി. ശ്രീ വ്യാസഭഗവാന്റെ അനുഗ്രഹത്താൽ അതീവരഹസ്യമായ ഈ യോഗം ഞാനും കേട്ടു. ഒന്നുകൂടി കടന്ന് പറഞ്ഞു, മഹാരാജാവേ! ഈ അത്ഭുതകരമായ സംവാദം ഓർക്കുമ്പോൾ ഞാൻ ആനന്ദഭരിതനാകുന്നു. അല്ലയോ രാജാവേ! വിഷ്ണുവിന്റെ അത്ഭുതകരമായ രൂപം ഓർക്കുന്തോറും ഞാൻ വിസ്മയം കൊണ്ടും ആനന്ദം കൊണ്ടും പുളകിതനാവുകയും ചെയ്യുന്നു. യോഗേശ്വരനായ ഭഗവാൻ ശ്രീകൃഷ്ണനും ധനുർധാരിയായ അർജ്ജുനനും ഉള്ളിടത്ത് അഭിവൃദ്ധിയും ഐശ്വര്യവും വിജയവും അചഞ്ചലമായ നീതിയും ഉണ്ടായിരിക്കും എന്നതാണെന്റെ അഭിപ്രായം. സഞ്ജയന്റെ വാക്കുകൾ എത്രമാത്രം ആത്മാർത്ഥതയും ആത്മീയതയും നിറഞ്ഞതാണ്.

ആദ്യം കൗരവസഭയിൽ ഭഗവാന്റെ ശക്തമായ കോപംവന്ന രൂപവും പിന്നീട് സതീർത്ഥ്യനെ താനാരാണെന്ന് മനസ്സിലാക്കിക്കാനുള്ള രൂപവും കണ്ണുകൊണ്ട് കണ്ട് സായുജ്യമടയാൻ സാധിച്ച ഭക്തനാണ് സഞ്ജയൻ. ദുര്യോധനന്റെ മരണത്തോടുകൂടി സഞ്ജയന്റെ

ദിവ്യമായ കാഴ്ചയില്ലാതായി.

യുധിഷ്ഠിരന്റെ രാജഭരണകാലത്ത് 15 വർഷം ധൃതരാഷ്ട്രരുടെ സാരഥിയായി കഴിഞ്ഞു. വ്യാസന്റ മഹാഭാരതത്തിലെ ആശ്രമവാസിക പർവ്വത്തിൽ ധൃതരാഷ്ട്രരുടെ വനവാസത്തിൽ ധൃതരാഷ്ട്രർ തന്റെ യാത്രയുടെ വിവരമറിയിക്കാൻ പാണ്ഡവരെ വിളിച്ചുവരുത്തി എന്ന് വിവരിക്കുന്നു. രാജകീയ വേഷവിധാനങ്ങൾ മാറ്റി ഗാന്ധാരിയും പരിവാരങ്ങളുമായി യാത്ര പോകാൻ തീരുമാനിച്ചു. പാണ്ഡവർക്ക് വിഷമമായി. അവരുടെ മാതാവ് കുന്തിയും ധൃതരാഷ്ട്രരെ അനുഗമിച്ചു. വിദുരരും സഞ്ജയനും മറ്റുമായി നഗരത്തിൽ നിന്നും കുറച്ചകലെ ഭഗീരഥി നദിതീരത്ത് ആദ്യ ദിവസം കഴിച്ചുകൂട്ടി. ദിനകർമ്മങ്ങൾക്ക് ശേഷം പറയുന്നത്, സഞ്ജയനും വിദുരരും ചേർന്ന് പുല്ലുകൊണ്ട് കിടക്കയുണ്ടാക്കി കൊടുത്തുവെന്നും രാജാവിന്റെ അടുത്തുതന്നെ ഗാന്ധാരിക്കും കിടക്കയുണ്ടാക്കിയെന്നും അതിനടുത്തായി കുന്തിക്കും, കുറച്ചകലെയായി വിദുരരും സഞ്ജയനും കിടന്നുവെന്നും വിവരിക്കുന്നു.

നാരദർ തുടങ്ങിയ ഋഷിവര്യന്മാർ രാജാവിനെ കാണാനെത്തി. അവർ സന്തോഷമായി വർത്തമാനം പറഞ്ഞു. സന്തോഷമായി പിരിഞ്ഞു. പിന്നീട് യുധീഷ്ഠിരൻ അദ്ദേഹത്തിന്റെ ആൾക്കാരുമായി ധൃതരാഷ്ട്രരെ കാണാൻ വന്നു. ഈ വിവരമെല്ലാം വർണ്ണനാതീതമാണ്. വ്യാസന്റ വരവും അറിവുകൾ പകർന്നതുമെല്ലാം രണ്ടു കൂട്ടർക്കും സന്തോഷം നൽകി. വ്യാസൻ ധൃതരാഷ്ട്രരെ സമാധാനപ്പെടുത്തി. അനുഗ്രഹത്തോടുകൂടി എല്ലാവരും ഹസ്തിനപുരത്തേക്ക് യാത്രയായി. രണ്ടു വർഷം കഴിഞ്ഞു. ധൃതരാഷ്ട്രർ താൻ ചെയ്ത തെറ്റുകളെ തിരിച്ചറിഞ്ഞു. അദ്ദേഹം ഗാന്ധാരിയും, കുന്തിയും സഞ്ജയനും ആയി കഠിന തപസ്സിന് തയ്യാറായി. ഇവിടെ വ്യാസഭാരതത്തിൽ പറയുന്നത്, ധൃതരാഷ്ട്രർ അസ്ഥികൂടമായി മാറിയെന്നാണ്. ഗാന്ധാരി വെള്ളം മാത്രം കുടിച്ചും, കുന്തി അല്പാഹാരം കഴിച്ചും കഴിഞ്ഞു. ആറ് ദിവസം കൂടുമ്പോൾ ഒരിക്കൽ ആഹാരമെന്ന മട്ടിൽ സഞ്ജയനും. അവർക്ക് സ്ഥിരമായ സ്ഥലമില്ല, അലഞ്ഞുതിരിഞ്ഞുള്ള നടത്തം. കല്ലിലും മുള്ളിലും കൂടി സഞ്ജയൻ വഴികാട്ടിയായി. ഗംഗയുടെ തീരത്ത് സ്നാനം നടത്തി തിരികെ വരുമ്പോൾ ശക്തമായ കറ്റിലുണ്ടായ തീയിലകപ്പെട്ടു. തീ വരുന്നത് കണ്ടപ്പോൾ രാജാവ് പറഞ്ഞു സഞ്ജയാ, നീ അഗ്നി വരാത്ത സ്ഥലത്തേക്ക് രക്ഷപ്പെടുക. നാം പശ്ചാത്താപത്തിനായി എല്ലാം ചെയ്തു കഴിഞ്ഞു. അതുകൊണ്ട് നീ രക്ഷപ്പെടുക സഞ്ജയൻ രാജാവിനോട് ധ്യാനിക്കാൻ അപേക്ഷിച്ചു. അവർ അഗ്നിക്കിരയായി സഞ്ജയൻ രക്ഷപ്പെട്ടു. ഈ വിവരങ്ങളെല്ലാം യുധിഷ്ഠിരനോട് പറയുന്നത് നാരദരാണ്. ഞാൻ ഗംഗയുടെ തീരത്തു വെച്ച് സഞ്ജയനെ കണ്ടുവെന്നും അദ്ദേഹം ഹിമാലയത്തിലേക്ക് പോയിയെന്നും നാരദർ പറയുന്നു. ഇതുതന്നെയാണ് കിളിപ്പാട്ടിലും പറയുന്നത്.

വിശദമതി വിദുരരോട് ഗാന്ധാരി കുന്തിയും
വീറുള്ള സഞ്ജയൻ താനും പുറപ്പെട്ടു.

പിന്നീട്

ഇതിമുനിവരൻ നൃപൻ തന്നോടു ചൊന്നവയെല്ലാം
മുനികൾക്കു സൂതനും ചൊല്ലിനാൻ.

ഇതിൽ നിന്നും ധൃതരാഷ്ട്രരുടെ അന്ത്യകാലത്ത് സഞ്ജയൻ കൂടെയുണ്ടായിരുന്നു എന്ന് കാണാം.

മനുഷ്യ മനസ്സിന്റെ പരിണാമവും പ്രതിസന്ധി എങ്ങനെ തരണം ചെയ്യണമെന്നും യജമാന തുല്യരായ ആളുകളെ ആ രൂപത്തിൽ നിന്നും തിരിച്ച് എങ്ങനെ രക്ഷിക്കണമെന്നും വരും തലമുറക്ക് പഠിപ്പിക്കുവാൻ വ്യാസന്റെ സഞ്ജയൻ എന്ന കഥാപാത്രസൃഷ്ടിയിലൂടെ കഴിഞ്ഞു. കൃഷ്ണൻ ഗീതയിൽ പറയുന്നതുപോലെ എന്നിൽ മനസ്സുറപ്പിക്കുക. നിശ്ചയമായും നീ എന്നെ പ്രാപിക്കും അതേ, സഞ്ജയൻ എന്ന സാരഥി തീർച്ചയായും ഭഗവദ്പാദത്തിങ്കൽ എത്തിക്കാണും. ■

# പഴയ വിശ്വാസങ്ങൾ

യു. എസ്. രവീന്ദ്രൻ – 9496120978

പക്ഷി മൃഗാദികളുടെയും വൃക്ഷലതാദികളുടെയും കൂടെ സഹവസിച്ച് ചിട്ടപ്പെടുത്തിയ ഒരു ആവാസവ്യവസ്ഥയിൽ നിന്ന് ഇന്ന് നാം ഏറെ മുന്നോട്ട് പോയിരിക്കുന്നു. ദിവസം ചെല്ലും തോറും മൃഗമനുഷ്യആവാസവ്യവസ്ഥകളെ പരസ്പരം ലംഘിച്ച് മൃഗങ്ങളും മനുഷ്യരും ബദ്ധവൈരികളായി തീർന്നിരിക്കുന്നു. ഈ കാണുന്ന പ്രപഞ്ചം മനുഷ്യന്റെ ആവശ്യത്തിന് വേണ്ടി മാത്രം സൃഷ്ടിച്ചതാണെന്ന ബോധത്താൽ യാതൊരു തത്ത്വദീക്ഷയുമില്ലാതെ പ്രകൃതിയെ ചൂഷണം ചെയ്യുന്ന അവസ്ഥയിലേക്കാണ് നാമൊക്കെ "പുരോഗമിച്ചത്". ഇന്നലെയുടെ നാട്ടറിവുകൾ വെറും അറിവുകൾ മാത്രമല്ല, ഒരു ജനതയുടെ സാംസ്കാരിക കൂട്ടായ്മ രൂപപ്പെടുത്തിയ നിരീക്ഷണങ്ങളുടെ കലവറയാണ്. അന്ധവിശ്വാസങ്ങൾ എന്ന് പറഞ്ഞു തള്ളിക്കളയാൻ ഇടയുള്ള നിരവധി അറിവുകൾ നമുക്കിടയിൽ പ്രചരിക്കുന്നുണ്ട്. അവ മുഴുവൻ ശാസ്ത്രിയമല്ലെങ്കിലും വെറും ജല്പനങ്ങളുമല്ല. അവയിൽ അടങ്ങിയിരിക്കു ന്ന സത്യാംശങ്ങൾ കണ്ടെത്തുക രസകരമാണ്.

സൂര്യോദയത്തിന് മുൻപ് വീട്ടിലെ പെണ്ണുങ്ങൾ ഉണർന്നിരിക്കണമെന്നാണ് പണ്ടത്തെ ശാസനം. ഉണർന്നാൽ പോരാ; വീട്ടിലെ കാരണവർ എണീക്കും മുൻപേ മുറ്റമടി നടത്തിയിരിക്കണം  ഇല്ലെങ്കിൽ ഐശ്വര്യക്കേടാണ്. അതിനും ഉണ്ട് നിബന്ധനകൾ. ആദ്യം അടിക്കുന്നത് വടക്കുഭാഗത്തെ മുറ്റമായിരിക്കണമത്രേ. അല്ലെങ്കിൽ കിഴക്കുപുറത്ത് വസിക്കുന്ന ലക്ഷ്മീദേവി പടിയിറങ്ങി പോകും എന്നാണ് വിശ്വാസം. മുറ്റമടി കഴിഞ്ഞാൽ ചൂല് കിടത്തിവയ്ക്കണം. കുത്തി നിറുത്തരുത് എന്നാണ് ചിലയിടങ്ങളിലെ വിശ്വാസം. എന്നാൽ അകം അടിക്കുന്ന ചൂല് തുമ്പ് കീഴോട്ട് ആക്കി ചാരി വയ്ക്കണമത്രേ. മാത്രവുമല്ല ചൂലിന്റെ തുമ്പ് തെക്കോട്ട് വെയ്ക്കരുത് എന്നും പറയുന്നു. മുറ്റമടിച്ചു കഴിഞ്ഞാൽ പിന്നെ തളിക്കണം. ഇല്ലങ്കിൽ 'ചേട്ട' കടന്നുകൂടും. ഒരു പക്ഷേ പൊടിപറക്കുന്നത് തടയുന്നതായിരിക്കാം ലക്ഷ്യം.

അടുപ്പിലെ വെണ്ണീറ് വാരി വെള്ളം തളിച്ച ശേഷമേ തീപൂട്ടാൻ പാടുള്ളു. കഞ്ഞിക്കലം അടുപ്പത്ത് വയ്ക്കുമ്പോൾ കലം ചരിഞ്ഞിരിക്കാൻ പാടില്ല. അടുപ്പിൻകല്ല് ചരിഞ്ഞിരുന്നാൽ ദോഷം വരുമത്രേ. പണ്ടത്തെ 'ആ കാ' പാട്ടുകൾ നോക്കുക

കാഞ്ഞിരം വിറകിനാകാ
കരിങ്കല്ലടുപ്പിനാകാ
കളികളികാര്യമാകാ
കുട്ടികളോടൊട്ടുമാകാ

അടുക്കളയിൽ ശ്രദ്ധിക്കേണ്ട ഒരുപാട് പെരുമാറ്റരീതികളുണ്ട് അമ്മുമ്മയറിവിൽ.

കറിവെയ്ക്കാൻ തേങ്ങാ ചിരകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം. ചെരുകിയ തേങ്ങ വാരിത്തിന്നാൽ കല്യാണത്തിന് മഴ പെയ്യും എന്നാണ് പറച്ചിൽ. തേങ്ങ അരച്ചുകഴിഞ്ഞാൽ അമ്മി ഉടനെ കഴുകിയിടണം. അമ്മി എരിഞ്ഞാൽ വീടിന് ദോഷമാണ്. ഭർത്താവിനാണ് വിഷമം വരിക. അരി പേറാൻ മുറമെടുക്കുമ്പോഴും സൂക്ഷിക്കണമത്രേ കുട്ടികൾ എങ്ങാനും മുറത്തി ൽ ചവിട്ടിപ്പോയാൽ 'മുറ്റം നിറയെ പെൺകുട്ടികളെ പെറ്റുകൂട്ടും' എന്ന് അമ്മുമ്മ പറയുന്നത് കേൾക്കാം. അമ്മിക്കലും അടുപ്പുകല്ലും അടുത്ത് വെച്ചാലും ദോഷം തന്നെ. പണ്ടൊക്കെ അമ്മിക്കല്ല് പുറത്തുമാത്രമേ വെ

ക്കാറുള്ളു. ഇന്ന് അമ്മി വീട്ടിൽനിന്നുതന്നെ പുറത്തായിരിക്കുന്നു.

ചോറുണ്ടാക്കാൻ അരി അളക്കുമ്പോൾ നാഴി കൊണ്ട് അരിപ്പാത്രത്തിൽ നിന്നും കോരിയെടുക്കാൻ പാടില്ലത്രേ. കൈകൊണ്ടെടുത്ത് നാഴിയിൽ നിറച്ചു വേണം അരി അളക്കുവാൻ അന്നത്തോടുള്ള ബഹുമാനം കാണിക്കാനുള്ള പാഠമാണത്രേ. അരിയുടെ വേവ് നോക്കാൻ ഇളക്കുമ്പോൾ വറ്റ് വെള്ളത്തിന് മുകളിൽ നിന്നാൽ വിരുന്നുകാര് വരും എന്ന വിശ്വാസവുമുണ്ട്.

കുളിക്കുന്നത് ഏറ്റവും ഉത്തമം രാവിലെയാണ്. 'ഉച്ചക്കുളി പിച്ചക്കുളി' എന്നാണ് പ്രമാണം. നല്ല ചൂടുള്ള സമയത്ത് വിയർത്തിരിക്കുമ്പോൾ കുളിക്കുന്നത് ആരോഗ്യത്തിന് ഹാനികരമാണെന്നുള്ളത് ശാസ്ത്ര സമ്മതമാണല്ലോ. എന്നാൽ രാത്രിക്കുളി സുഖക്കുളിയാണെന്നും പ റയാറുണ്ട്. 'ഉണ്ടിട്ട് കുളിക്കുന്നവനെ കണ്ടാൽ കുളിക്കണം' എന്നും വിശ്വാസമുണ്ട്. കുളിച്ചു വരുന്നത് പെണ്ണാണെങ്കിൽ നിബന്ധനകൾ വേറെയുമുണ്ട്. മുടി ഒഴുകരുത്. മുടിയിൽ നിന്നും വെള്ളം ഇറ്റ് തറയിൽ വീണാൽ വീണിടം മുടിയും എന്നാണ് വിശ്വാസം. അതുകൊണ്ട് തലയിൽ എന്തെങ്കിലും തുണി കെട്ടി വെള്ളം വീഴാതെ നോക്കണം. പെണ്ണിന്റെ ഒച്ച പുരപ്പുറം കേൾക്കാൻ പാടില്ല. മിണ്ടിയാൽ കരയുന്ന പെണ്ണും അന്തിക്ക് കരയുന്ന പെണ്ണും ഐശ്വര്യക്കേടാണ്. ആടിയകാലും പാടിയനാവും നിക്കില്ലെന്നാണ് വിശ്വാസം. പെണ്ണിന്റെ സ്വാതന്ത്ര്യത്തിന് കടിഞ്ഞാണിടാൻ ഉദ്ദേശിച്ചുതന്നെയാണത്. പെണ്ണൊരുമ്പെട്ടാൽ ബ്രഹ്മനും തടുത്തുകൂടാ എന്നറിയാവുന്നവരാണ് പൂർവ്വികർ. 'നാരി നടിച്ചിടും, നാരകം നട്ടീടം, കൂവളം കെട്ടീടം' എല്ലാം ദോഷം തന്നെ.

ഉണർന്നെഴുന്നേറ്റാൽ കിടക്ക മടക്കിവച്ചില്ലെങ്കിൽ രോഗം ഒഴിയില്ലെന്നാണ് പണ്ടത്തെ വിശ്വാസം കിടപ്പിനുമുണ്ട് ഒരു ശാസ്ത്രം. 'കിടന്നുറങ്ങരുത് ഉറക്കം വരുമ്പോഴേ കിടക്കാവു. അല്ലാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന് ഉറക്കം വരാതെ കഷ്ടപ്പെടേണ്ട കാര്യമില്ല. അത്താഴം കഴിഞ്ഞ് - അതും അത്തിപ്പഴത്തോളം മാത്രം അരക്കാതം നടന്ന് ഉറക്കം വരുമ്പോൾ കിടന്നുറങ്ങിയവരായിരുന്നു നമ്മുടെ കാരണവന്മാർ. കിടക്കുമ്പോൾ തലവയ്ക്കേണ്ടത് എങ്ങോട്ടെന്ന് ശാസ്ത്രം പറയുന്നു 'ആകാം കിഴക്കോട്ട്, അരുതേ പടിഞ്ഞാട്ട്, വേണ്ടില്ല തെക്കോട്ട്, വേണ്ടേ വടക്കോട്ട്' എന്ന് മുത്തശ്ശിമാർ പറയാറുണ്ട്. വടക്കോട്ട് തല വെച്ചുക്കിടക്കുന്നത് ദോഷമാണെന്ന് ഇന്ന് ശാസ്ത്രദൃഷ്ട്യാ തെളിഞ്ഞിട്ടുണ്ട്.

സന്ധ്യക്ക് ഭക്ഷണം കഴിക്കരുത്. ഹിരണ്യകശിപുവിനെ പ്രഹ്ലാദൻ കൊന്നത് സന്ധ്യാസമയത്തായിരുന്നു. അതുപോലെ കട്ടിളപ്പടിയിൽ ഇരിക്കരുത്, കാരണം അകത്തും പുറത്തും അല്ലാത്ത ഈയിടത്തിൽ വച്ചായിരുന്നു ഹിരണ്യ കശിപുവിനെ വധിച്ചത്. സത്യത്തിൽ സന്ധ്യാസമയത്ത് സൂര്യകിരണങ്ങൾക്കുണ്ടാകുന്ന അവസ്ഥാഭേദം ദോഷകരമായി ബാധിക്കുമെന്ന അറിവുതന്നെയാണ് സന്ധ്യക്ക് ഭക്ഷണം വിഷം എന്ന വിശ്വാസത്തിന്റെ കാതൽ

കുട്ടികളെ വളർത്തുമ്പോൾ അവരെ നേരെയാക്കാൻ ശ്രദ്ധിക്കണം. അതിനായി 'ചൊല്ലിക്കൊട്, തല്ലിക്കൊട്, തള്ളിക്കള' എന്നാണ് നിർദ്ദേശം. ആദ്യം ഉപദേശം തന്നെ. അത് ഫലിച്ചില്ലെങ്കിൽ ചില്ലറ ഭേദമുറകളാകാം, അതും പരാജയപ്പെട്ടാലോ എല്ലാം ഈശ്വരനിൽ അർപ്പിക്കുക തന്നെ.

വിളക്ക് കൊളുത്തുന്നത് നറുനെയ്യിലായാൽ ഐശ്വര്യം തന്നെ. എണ്ണയാണ് പിന്നെ നല്ലത്. വെളിച്ചെണ്ണ അത്ര ഉത്തമമല്ല എന്നാണ് വിശ്വാസം. വെളിച്ചെണ്ണ വേഗത്തിൽ വറ്റിപ്പോകും എന്നതാകാം കാരണം. എന്നാൽ വിളക്കിലെ എണ്ണതീർന്ന് കരിന്തിരി കത്തിയാൽ വീടിന് ദോഷം തന്നെ.

സന്ധ്യക്ക് കാലും മുഖവും കഴുകുന്നത്

ഒരു നിത്യ ചടങ്ങാണ്. എന്നാൽ കാല് കഴുകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കണം കാലിന്റെ മടമ്പിൽ എവിടെയെങ്കിലും വെള്ളം നനയാതിരുന്നാൽ ദോഷമാണ്. അതിലൂടെ കലികയറുമത്രേ. നളനെ കലി ആവേശിച്ചത് ഇങ്ങനെ തെറ്റ് പറ്റിയപ്പോഴാണ്. തുടർന്നുണ്ടായ കഷ്ടനഷ്ടങ്ങൾ എല്ലാവർക്കും അറിയാമല്ലോ.

വെയിലും മഴയും മാറിമാറി വന്നാൽ അന്ന് കുറുക്കന്റെ കല്യാണമാണ്. പക്ഷിമൃഗാദികളുമായി ബന്ധപ്പെട്ട് ഇത്തരം നിരവധി വിശ്വാസങ്ങളുണ്ട് 'മഞ്ഞക്കിളിയെ കണ്ടാൽ മധുരം തിന്നാം'. എന്നാൽ രണ്ടു കിളികളെ ഒരുമിച്ച് കാണണം. അവ ശിവനും പാർവ്വതിയുമാണത്രേ. അങ്ങനെ രണ്ടിനെയും ഒന്നിച്ചുകണ്ടാൽ വേണ്ടപ്പെട്ടവരുടെ സാമീപ്യം ഉണ്ടാകുമത്രേ. ഒന്നിനെ മാത്രം കണ്ടാൽ ദുഃഖം തന്നെ. പുത്താം കീരിയെന്നും, ചവറ്റുക്കിളിയെന്നും അറിയപ്പെടുന്ന ഒരിനം ചെറിയ കിളിയുണ്ട് അത് ചിലച്ചാൽ വീട്ടിൽ കലഹമുണ്ടാകുമെന്നാണ് പഴയ വിശ്വാസം നെടുളാൻ കരഞ്ഞാൽ കാലന്റെ സാമീപ്യമുണ്ടെന്നാണ് വിശ്വാസം. നമ്മുടെ വീട്ടുമുറ്റത്തിരിക്കുന്ന കാക്കയും സന്തോഷവാഹകൻ തന്നെ കാക്ക കുറുകിയാൽ വിരുന്നുകാർ വരുമത്രേ. 'കദളിവാഴ കയ്യിലിരുന്നു കാക്കയിന്നു വിരുന്നുവിളിച്ചു' എന്ന പ്രസിദ്ധമായ സിനിമാഗാനം ഈ വിശ്വാസത്തെ ആസ്പദമാക്കി രൂപപ്പെടുത്തിയിട്ടുള്ളതാണ്. കാക്ക ബക്കറ്റിലോ കുട്ട കത്തിലോ നിറച്ചു വെച്ചിട്ടുള്ള വെള്ളത്തിൽ കുളിച്ചാൽ പുലകുളിക്കുവാനുള്ള സാധ്യതയാണത്രേ സൂചന. കോഴി സന്ധ്യക്ക് കൂകിയാൽ പിറ്റേന്നുതന്നെ അതിനെ കൊന്നുകറിയാക്കും ഇല്ലെങ്കിൽ ദോഷം തന്നെ. യാത്ര പുറപ്പെടുമ്പോൾ ചെമ്പോത്തിനെ കണ്ടാൽ ശുഭശകുനം 'ചാലേ വലത്തോട്ടൊഴിഞ്ഞ ചകോരാദിപക്ഷികളുടെ കോലാഹലവും കേട്ടു കൊണ്ടാണല്ലോ കുചേലൻ പോയത്. ആ യാത്ര സമ്പൽസമൃദ്ധിയിലേക്കായിരുന്നല്ലോ. മൃഗങ്ങളും മോശക്കാരല്ല. നായ്ക്കൾക്ക് അദൃശ്യ ശക്തികളെ കാണാനാകും. അവ ഓരിയിടുന്നത് ദുഃഖസൂചനയാണ്. അന്തിക്ക് കരയുന്ന പശുവിനെ അധികകാലം തൊഴുത്തിൽ നിർത്തുന്നതിൽ പണ്ടുള്ളവർക്ക് താല്പര്യം ഉണ്ടായിരുന്നില്ല. പൂച്ച മുഖമുഴിഞ്ഞാൽ വീട്ടിൽ വിരുന്നുകാർ വരുമെന്നാണ് പറച്ചിൽ എവിടെ നിന്നെങ്കിലും ഒരു പൂച്ച വീട്ടിൽ വന്നു കയറിയാൽ നെല്ല് വരുമെന്നാണ് വിശ്വാസം. ഇങ്ങനെ വരുന്നത് നായയാണെങ്കിൽ ദോഷമാണ്. നായ വെണ്ണീറിൽ കിടക്കാൻ ഇഷ്ടമുള്ള മൃഗമാണത്രേ. അതുകൊണ്ട് വീട്ടിൽ ഐശ്വര്യക്കേടാണ് ഫലം. പച്ചക്കുതിര ഭാഗ്യം കൊണ്ടുവരുമത്രേ. പക്ഷേ അതിനെകണ്ടാൽ അതിന്റെ പേര് പറയരുത്. ചെകുത്താൻ പാറ്റ വന്നാൽ രോഗം വരും. പൂച്ചകൾ കടിപിടി കൂടിയാലും കുട്ടികൾക്ക് രോഗം വരും. ചുവപ്പുനിറവും കറുപ്പ്നിറവും കലർന്ന ഒരു പ്രാണിയുണ്ട്. ഇവ വരിവരിയായി പോകുമ്പോൾ പറയും ദൈവത്തിന് എണ്ണകൊണ്ട് പോകുകയാണെന്ന്. അതിനെ ഉപദ്രവിക്കാൻ പാടില്ല അത്രേ. ചെറിയ കറുത്ത ഉറുമ്പുകൾ (കടിക്കാത്തവ) മുട്ടയുമായി വരിവരിയായി പോകുന്നതുകണ്ടാൽ നിറയെ കാശുവരുമെന്നാണ് വിശ്വാസം. ചുമരിലിരിക്കുന്ന പല്ലി ആരുടെയെങ്കിലും ശരീരത്തിലേക്ക് വീണാൽ ദോഷമാണത്രേ. കടവാവൽ വീട്ടിനകത്തേക്ക് പറന്നു വന്നാലും ദോഷമാണത്രേ.

ഓണത്തിനും വിഷുവിനുമൊക്കെ നാളികേരം ഉടയ്ക്കുന്ന പതിവുണ്ട്. ഓണത്തിന് തൃക്കാക്കരയപ്പനെ വയ്ക്കുന്നിടത്ത് നാളികേരം ഉടച്ച്വയ്ക്കും. അതുമായി ബന്ധപ്പെട്ട ചില വിശ്വാസങ്ങൾ ഉണ്ട്. നാളികേരത്തിന്റെ ആൺമുറി വലുതായാൽ അക്കൊല്ലം ആ വീട്ടിൽ ആൺഭരണവും മറിച്ചായാൽ പെൺഭരണവും ആയിരിക്കുമത്രേ (തേങ്ങയുടെ കണ്ണുള്ള മുറി ആൺമുറിയാണത്രേ) ഇങ്ങനെ തേങ്ങ മുറിക്കുമ്പോൾ തേങ്ങകണ്ണിലൂടെ തേങ്ങരണ്ടായി പിളർന്നാൽ ഒരു കൊല്ലത്തേക്ക് വലിയ ദോഷമാണ് ഫലം. ഇതേഫലം തന്നെ

യാണ് വിഷുവിനു കണിവയ്ക്കാനായി തേങ്ങ ഉടയ്ക്കുമ്പോഴും.

സന്ധ്യക്ക് വീട്ടിൽ വിളക്ക്വച്ചാൽ പിന്നെ കുറെ അരുതായ്മകൾ ഉണ്ട് .വിളക്കുവച്ചതിനുശേഷം ഒന്നും കടം കൊടുക്കരുത് എന്നതാണ് പ്രമാണം. പ്രത്യേകിച്ച് ചൊവ്വ, വെള്ളി ദിവസ ങ്ങളിൽ. ചൊവ്വയും വെള്ളിയും ദിവസങ്ങളിൽ വീട്ടിൽ നിന്നും പുറത്തു പോയാൽ അന്നുതന്നെ തിരിച്ചു വരണം. ഇല്ലെങ്കിൽ വീട്ടിലുള്ളവർക്ക് ദോഷമാണത്രേ. അതുപോലെ രാത്രി പോകുകയാണെങ്കിൽ 'ഞാൻ പോട്ടെ' എന്ന് യാത്ര ചോദിക്കരുത്. 'വരട്ടെ' എന്നാവാം

പരന്ന കാലടിയുള്ളവർ നടക്കുന്നിടം സ്വന്തമാക്കുമത്രേ . കാലിന്റെ തള്ളവിരലിനേക്കാൾ വലുപ്പം രണ്ടാം വിരലിനാണെങ്കിൽ ഭാഗ്യം തന്നെ. മുൻവശത്തെ രണ്ടു പല്ലുകൾക്കിടയിൽ അല്പം വിടവുണ്ടാകുന്നത് പെൺകുട്ടികൾക്ക് ഭാഗ്യമത്രേ. ഇടതു കൈയ്യിനടിയിലെ മറുക് ഭാഗ്യസൂചകം. ചെവിയുടെ തട്ട വലുതാണെങ്കിൽ അതും ഭാഗ്യസൂചകം. സ്ത്രീകൾക്ക് നെറ്റി നാലുവിരൾ വീതിയേക്കാൾ കുടുതലാണെങ്കിൽ സമാധാനം കിട്ടില്ലെന്നാണ് ഒരു പക്ഷം. നീണ്ട മൂക്ക് ഭാഗ്യവും പ്രശസ്തിയും നൽകുന്നു എന്നാൽ കൂട്ടുപുരികം ഉള്ളയാളെ വിശ്വസിക്കുന്നത് സൂക്ഷിച്ചുവേണം. കൈ നഖത്തിൽ വെളുത്ത കുത്തുകൾ കണ്ടാൽ കോടി ഉടുക്കാൻ ഭാഗ്യമുണ്ടാകും. നാവിന്റെ നിറം കറുത്തതാണെങ്കിൽ ആ കരിനാക്കുകൊണ്ട് പറയുന്നതൊക്കെ ഫലിക്കും.

നിഴലുനോക്കി കളിക്കരുത് എന്ന് പണ്ട് കുട്ടികളെ ശാസിക്കാറുണ്ട്. നിഴലും പ്രതിഫലനവും ആത്മാവായി കാണുന്ന പ്രാകൃത സംസ്കാരത്തിന്റെ ബാക്കിപത്രമായി ഇതിനെ കാണുന്നതിൽ തെറ്റില്ല.

ഉള്ളവന്റെ കയ്യിൽനിന്നും ഉരുള വാങ്ങണമെന്നും മോതിരക്കൈകൊണ്ടുവേണം അടിവാങ്ങുവാൻ എന്നുമൊക്കെ പറയാറുണ്ട്. അരയിൽ ചരടുകെട്ടിയില്ലെങ്കിൽ അരയിൽ പാമ്പ് ചുറ്റും എന്ന് പറഞ്ഞ് കുട്ടികളെ പേടിപ്പിക്കാറുണ്ട്. കുട്ടികളുടെ തലയിൽ ഇരട്ട ചുഴി കണ്ടാൽ വേറെ വീട്വച്ചു മാറും എന്നാണ് വിശ്വാസം. താടിയിലെ കുഴി പണക്കുഴിയാണ്. കവിളത്തെക്കുഴി നുണക്കുഴിയാണ്. പകലുറങ്ങുന്ന നാരിയേയും രാത്രി ഉറങ്ങുന്ന നായയേയും വാഴിക്കാൻ കൊള്ളില്ല എന്നതാണ് പ്രമാണം. 'കാവ് തീണ്ടരുത്' എന്ന വിശ്വാസം ഏറ്റവും ശാസ്ത്രിയ വിലക്കാണെന്ന് നമുക്കറിയാം.

ഗർഭിണിയായിരിക്കുമ്പോൾ ആഗ്രഹങ്ങൾ എല്ലാം നടത്തികൊടുത്തില്ലെങ്കിൽ കുട്ടി പൊട്ടനായിപോകുമത്രേ. ആ സമയത്ത് സ്ത്രീകൾക്കുവേണ്ട ശ്രദ്ധയും ശ്രുശ്രുഷയും കിട്ടാൻ ഏതെങ്കിലും മുത്തശ്ശിയുടെ ബുദ്ധിയിൽ ഉദിച്ചതാവാം ഈ ആശയം.

കണികണ്ടിറങ്ങുമ്പോൾ കറയുള്ള വൃക്ഷം നല്ലതാണെന്ന് വിശ്വസിച്ചവർ പ്ലാവോ, മാവോ, കറയുള്ള മറ്റു വൃക്ഷമോ വീടിന്റെ മുന്നിൽ നട്ടുവളർത്തിയിരുന്നു. ഇതേ വൃക്ഷം മുറിക്കും മുൻപേ തച്ചൻ വൃക്ഷത്തിനോട് അനുവാദം ചോദിച്ചു നമസ്കരിച്ചിരുന്നു.

ജീവിതത്തിന്റെ സമസ്തമേഖലകളേയും സ്പർശിച്ചുകൊണ്ടുള്ള ഇത്തരം അറിവുകൾക്കും അനുഷ്ഠാനങ്ങൾക്കും ശാസ്ത്രിയത ഇല്ല എന്ന് പറയുകയും വയ്യ.

രാമായണത്തോളം പഴക്കമുള്ള വിശ്വാസം ഇന്നും ജനങ്ങൾക്കിടയിൽ കാണാം. പണ്ട് ഹനുമാൻ ലങ്കയിൽ കാലുകുത്തുമ്പോൾ രാവണനും സീതയ്ക്കും ഇടതുവശം തുടിച്ചുവെന്നും എന്നാൽ രാമന് വലതുവശം തുടിച്ചുവെന്നും എഴുത്തച്ഛൻ സുന്ദരകാണ്ഡത്തിൽ പറയുന്നുണ്ട്. പെണ്ണുങ്ങൾക്ക് ഇടതുവശം തുടിക്കുന്നതും ഇടത്കണ്ണ് തുളുമ്പുന്നതും ശുഭ സൂചകമാണ്. എന്നാൽ ആണുങ്ങൾക്ക് അത് ദോഷകരമത്രേ പുരുഷന് ശുഭം വലതുഭാഗം തുടിക്കുന്നതും വലതുകണ്ണ് തുളുമ്പുന്നതുമാണ്.

(ശേഷം 48-ാം പേജിൽ)

യാത്രാ വിവരണം

# അസർബൈജാൻ യാത്ര...

ആരതി – 9388602778

*__മൂന്നാം ദിവസം__*

ഗോബുസ്താൻ എന്ന സ്ഥലത്തേക്കാണ് അന്ന് രാവിലെ ഞങ്ങൾ യാത്രതിരിച്ചത്. ബാക്കുവിൽ നിന്ന് 70 കിലോമീറ്റർ ദൂരമുള്ള സ്ഥലമാണത്. വളരെയധികം ഹിസ്റ്ററി പ്രാധാന്യമുള്ള സ്ഥലമാണിത്. ഇഷ്ടംപോലെ പെട്രോഗ്ലീസ് അല്ലെങ്കിൽ റോക്ക് കാർവിങ്സ് ഇവിടെയുണ്ട്. ആദി മനുഷ്യൻ നല്ല ഷാർപ്പായ ആയുധം കൊണ്ട് വരച്ച ഓരോ കാർവിങ്സും ആണ് അവിടെയുള്ളത് അത് കാണാനായിട്ടാണ് ഞങ്ങൾ പോയത്. രണ്ട് ടൈപ്പ് മ്യൂസിയങ്ങൾ ഉണ്ട് അവിടെ. ഒന്ന് ഓപ്പൺ എയർ മ്യൂസിയം അത് ഓപ്പൺ ആയിട്ടുള്ള, ആക്ചലായിട്ടുള്ള പെട്രോഗ്ലീസ് ഉള്ള സ്ഥലമാണ്. രണ്ടാമത്തെത് ഒരു മ്യൂസിയം ആണ് ആൻസെസ്സ്റ്റേഴ്സ് ഉപയോഗിച്ച സ്റ്റോൺസ്, അവർ ഉണ്ടാക്കിയ റോക്ക് കാർവിങ്സ എല്ലാമാണ് അവിടെയുള്ളത്. കൂടാതെ മറ്റു സ്ഥലങ്ങളിൽ നിന്നുമുള്ള വിശിഷ്ട വസ്തുക്കളും അവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഇതിനെല്ലാമുപരിയായി ഹിസ്റ്ററി ഓഫ് അസൈർബൈജാൻ എന്ന ഒരു വിഭാഗവുമുണ്ട്. അവരുടെ പൂർവ്വികർ ഉപയോഗിച്ചിരുന്ന സാധനങ്ങൾ, ആയുധങ്ങൾ തുടങ്ങിയവയും അവരുടെ താമസസ്ഥലങ്ങളുടെ രേഖാചിത്രങ്ങളും, വിവരണങ്ങളും ,അവിടെയൊക്കെയുള്ള പക്ഷി മൃഗാദികളെയും, വൃക്ഷലതാദികളെയും പറ്റിയുള്ള വിവരണങ്ങളും എല്ലാം അവിടെ ഉണ്ടായിരുന്നു. ഇതിൽ പഴയകാലത്ത് കാസ്പിയൻ സീയും ബാക്കുവും എങ്ങനെയാണ് നിലനിന്നിരുന്നതെന്ന ഭൂമിശാസ്ത്രപരമായ വിവരണവും ഉണ്ട്. അവിടെ ഒരുപാട് കുട്ടികളും വന്നിരുന്നു. സ്കൂൾ ടൂർ ആണെന്ന് തോന്നുന്നു. അവർക്ക് ടീച്ചേഴ്സ് എല്ലാം പറഞ്ഞു കൊടുക്കുന്നുണ്ടായിരുന്നു. ആദ്യം നമ്മൾ പോയത് ഇൻഡോർ മ്യൂസിയത്തിൽ ആയിരുന്നു. അവിടെയാണ് ഈ റോക്ക് പീസ് ഒക്കെയുള്ളത് അതൊക്കെ കണ്ട് രണ്ടു നിലയും കണ്ട് പുറത്തിറങ്ങിയാപ്പോൾ ഗൈഡ് വന്നു. ഇന്ന് നിഗാർ എന്നൊരു ലേഡി ഗൈഡ് ആയിരുന്നു ഞങ്ങളോടൊപ്പം വന്നത്. അവരാണ് പറഞ്ഞത് ഗോബുസ്ഥാൻ രണ്ടു മൂന്നു മലനിരകൾ കൂടിയതാണ് ചിഞ്ചുദാർ, ബോയ്ദാഷ്, കിച്ചക്കിദാഷ്, യാഷലി ഹിൽസ് എന്നിവയാണത്. അതിൽ ബോയ്ദാഷ്, കിച്ചക്കിദാഷ് എന്നീ മലനിരകളിലാണ് കൂടുതൽ റോക്ക് കാർവിങ്സ് ഉള്ളത്. വളരെ പഴയതാണ്. പഴയതെന്നുപറഞ്ഞാൽ 5000 മുതൽ 8000 വരെ വർഷം പഴക്കമുള്ളത്. യുനെസ്കോ വേൾഡ് ഹെറിറ്റേജ് സൈറ്റിൽ ഉൾപ്പെടുത്തിയതാണിത്. ആദിമമനുഷ്യൻ കൊത്തി വരച്ച ഒരുപാട് പടങ്ങൾ ഇവിടെക്കാണാം. അവിടേക്കാണ് ഞങ്ങളെ കൊണ്ടുപോയത്. അവിടെയാണ് ആദിമ മനുഷ്യൻ ചെയ്ത കാർവിങ്സ് കാണാൻ സാധിച്ചത്. ഗവൺമെന്റ് എസ്കവേറ്റ് ചെയ്ത്, ഓരോ റോക്സിനും പ്രത്യേകം പ്രത്യേകം നമ്പർ കൊടുത്തിട്ടുണ്ട്. അവിടെയാണ് ഷിപ്പിന്റെ പെയിന്റിംഗ് കണ്ടത് . അങ്ങനെയാണ് ആ കാലത്തും ഇവർ മെഡിറ്ററേനിയൻ സീയിലൂടെ കപ്പലിൽ മറ്റു രാജ്യങ്ങളുമായി വ്യാപാരം നടത്തിയിരുന്നു എന്ന് മനസ്സിലാക്കിയത്. പിന്നെ അവിടെ ചെറിയ ചെറിയ കുഴികൾ കണ്ടിരുന്നു. കാസ്പിയൻ സീ salty ആണ്. അപ്പോൾ നല്ലവെള്ളം സ്റ്റോർ ചെയ്യാനും, വെള്ളം കിട്ടിയില്ലെങ്കിൽ അനിമൽ ബ്ലഡ് സ്റ്റോർ ചെയ്യാനും ഒക്കെയാണ് ഈ കുഴികൾ ഉപയോഗിച്ചിരുന്നത്. ഇതൊക്കെയാണ് അവർ കുടിച്ചിരുന്നത്. ചെറിയ ചെറിയ കുഴികളിൽ പഴയ ആൾക്കാർ താമസിച്ചിരുന്ന ഗു

ഹകളും കാണുവാൻ സാധിച്ചു. അതിനുള്ളിലേക്ക് പോകാൻ പറ്റും. അവർ വരച്ചിരുന്ന റോക്ക് കാർവിങ്സിൽ ഇതെല്ലം കാണാൻ കഴിഞ്ഞു പിന്നീട് ഞങ്ങൾ നേരെ പോയത് മഡ് വോൾക്കാനോസ് എന്ന സ്ഥലത്തേക്ക് ആണ്. അങ്ങോട്ട് പോകണമെങ്കിൽ 4 ഗിയറുള്ള വണ്ടി തന്നെ വേണം. ഞങ്ങളുടെ വണ്ടി ഒരു സ്ഥലത്ത് ചെന്ന് പാർക്ക് ചെയ്തതിനു ശേഷം മറ്റൊരു വണ്ടിയിൽ (ഗിയർ ഒക്കെ പിടിപ്പിച്ച ഒരു പഴയ റഷ്യൻ വണ്ടി ആയിരുന്നു അതെന്നു തോന്നുന്നു.) അതിൽ കയറിയ ഞങ്ങളെ മഡ് വോൾക്കാനോസിന്റെ സ്ഥലത്തേക്ക് കൊണ്ടു പോയി. അസർബൈജാനിൽ എല്ലാ ലെവലുകളിലും മഡ് വോൾക്കനോസ് ഉണ്ടെന്നാണ് പറയുന്നത്. താഴെ നിന്ന് വെള്ളവും കുറച്ച് മിനറൽസും കൂടി മുകളിലേക്ക് വരും. അത് അങ്ങനെ കുമിളകൾ പോലെ ചിതറി തെറിച്ചുകൊണ്ടിരിക്കും. പലരും അത് കുപ്പിയിൽ ശേഖരിക്കുന്നുണ്ടായിരുന്നു സ്കിന്നിന് വളരെ നല്ലതാണ് ഇൻഫെക്ഷൻ ഒക്കെ മാറാൻ നല്ലതാണെന്ന് അറിയാനായി. ഇതും കൊണ്ട് പുറത്തേക്ക് വന്നാൽ 'ക്ലേ' പോലെ കട്ടിയാകും. അവിടെ കുറച്ചുനേരം സ്പെൻഡ് ചെയ്തു. അസർബൈജാനിൽ ഒരുപാട് നാച്ചുറൽ ഗ്യാസ് ഉണ്ട്. അതുപോലെ ബർണിങ് മൗണ്ടൻസുമുണ്ട്. അങ്ങനെ ഒരു ബർണിങ്ങ് സൈറ്റിലേക്ക് ഞങ്ങൾ പോയി. നമ്മൾ ലൈറ്റ് ചെയ്യുമ്പോൾ സ്വന്തമായി കത്തുന്ന ഫ്ളെയിംസ് ഉണ്ട് അവിടെ. അവിടെനിന്ന് തിരികെ പോന്നതും നാലു ഗിയർ വണ്ടിയിൽ തന്നെയായിരുന്നു. വണ്ടിയുടെ ഗ്ലാസ് ഒക്കെ മുകളിലോട്ട് കേറ്റിയില്ലെങ്കിൽ പൊടി മുഴുവൻ ഉള്ളിലേക്ക് കയറും. ഞങ്ങളുടെ ഡ്രൈവറിന് ഇംഗ്ലീഷ് തീരെ അറിയാത്ത ആളായിരുന്നു. അദ്ദേഹം എങ്ങനെയൊക്കെയോ കാര്യങ്ങൾ ആംഗ്യത്തിലൂടെ ഞങ്ങളെ പറഞ്ഞു മനസ്സിലാക്കി. ഗ്ലാസ് താഴ്ത്തരുത് എന്ന് ഞങ്ങളോട് ആദ്യമേ നിഗാർ പറഞ്ഞിരുന്നു. ഇവിടെ ഭയങ്കര സ്പീഡ് ആണ് എന്നും, നമ്മൾ അതിന് സമ്മതിക്കരുതെന്നുമൊക്കെ. ഡ്രൈവർ അത്യാവശ്യം വലിയ കുഴപ്പമൊന്നുമില്ലാതെ തിരിച്ചുകൊണ്ടുവന്ന് എത്തിച്ചശേഷം ടിപ് ചോദിച്ചു. അത് അവർ ചോദിക്കുമെങ്കിലും വേണമെന്നുള്ളവർ കൊടുത്താൽ മതി. പെയ്മെന്റ് ഓൾറെഡി നടത്തിക്കഴിഞ്ഞതായിരുന്നു. തിരികെ ബസ്സിൽ കയറി ലഞ്ചും കൂടി കഴിക്കാൻ പാകത്തിന് പാർക്ക് boulevard എന്ന മാളിൽ കൊണ്ടുപോവുകയാണ് ഉണ്ടായത്. അതിന്റെ അടുത്ത് തന്നെ കാർപേറ്റ് മ്യൂസിയവും ഒരു ചെറിയ വിനീസ് പോലെയുള്ള സ്ഥലവും ഉണ്ട്. നമുക്ക് ബോട്ട് ട്രിപ്പ് ഒക്കെ എടുക്കാം. ഒരു വലിയ ഏരിയയാണ്. പാർക്ക് ഒക്കെയുണ്ട് അവിടെ വെച്ച് ഞങ്ങൾ ബ്രേക്ക് ചെയ്തു. 'മീറ്റ് അറ്റ് എ പർട്ടിക്കുലർ പോയിന്റ്' എന്ന് പറഞ്ഞ് പിരിഞ്ഞു. അവിടെവച്ചാണ് ഞങ്ങൾ അസർബൈജാനിലെ കാറ്റിനെ കുറിച്ച് ശരിക്കും മനസ്സിലാക്കിയത്. ബാക്കുവിന്റെ ചേഞ്ച് ഓഫ് ക്ലൈമറ്റ് സിറ്റി ഓഫ് വിൻഡ് എന്നാണ് അറിയപ്പെടുന്നത്. ഈ മാൾ വലിയൊരു മാളാണ് എല്ലാവിധ ഫുഡ് കോർട്ടും ഉണ്ട്. താഴെ സൂപ്പർമാർക്കറ്റും ഉണ്ട് അതിൽ നിന്ന് സാധനങ്ങളൊക്കെ വാങ്ങാം ബാക്കു റിലേറ്റഡ് ആയിട്ടുള്ളവ ആവശ്യക്കാർക്ക് വാങ്ങാം. ഓയിൽ റിലേറ്റഡ് ആയിട്ടുള്ളതാണ് കുടുതലും.

പിന്നെ അവരുടെ കൃഷി എന്ന് പറയുന്നത് നട്ട്സ് ആണ്. ഇറങ്ങി കാർപെറ്റ് മ്യൂസിയത്തിൽ പോകാൻ നോക്കിയപ്പോഴാണ് ബാക്കുവിന്റെ വിൻഡ് ശരിക്കും മനസ്സിലായത്. വിൻഡ് എന്ന് പറഞ്ഞാൽ നമ്മളെ തന്നെ പറത്തിക്കൊണ്ടുപോകും. ലോക്കൽസ് ഒക്കെ സൈക്കിൾ ഒക്കെ നിർത്തിവെച്ച് മാളിന്റെ അകത്തേക്ക് കടന്നു നിൽക്കും അത്ര വിന്റിയാണ്. ചിലരൊക്കെ കാർപെറ്റ് മ്യൂസിയം കാണാൻ പോയി. ചിലർ പാർക്കിൽ പോയിരുന്നു. അവിടെ ലോക്കൽസ് വരുന്നതാണ്. അവർ കുട്ടികളെ കളിക്കാനൊക്കെ വിട്ടിട്ട് പുസ്തകം വായിച്ചു കൊണ്ടിരിക്കും. നമ്മൾ തണുപ്പിൽ നിന്ന് രക്ഷനേടാൻ നോക്കി നോക്കിനിന്നു. ചിലരൊക്കെ കോട്ട് എടുത്തിട്ടുണ്ടായിരുന്നില്ല. കാരണം രാവിലെ ഭയങ്കര വെയിൽ ആയിരുന്നു. ബസ് വന്നു അന്നത്തെ ടൂർ അവസാനിപ്പിച്ച് ഞങ്ങൾ ഹോട്ടലിലേക്ക് മടങ്ങി.

(തുടരും.....)

# കരൾ

ഡോ. പാർവ്വതി . കെ. എസ് – 9497791093

കരൾ മനുഷ്യശരീരത്തിലെ ഏറ്റവും വലിയ ഗ്രന്ഥിയും ഒരു പ്രധാനപ്പെട്ട ആന്തരിക അവയവുമാണ്. ശരീരത്തിന്റെ വലതുവശത്ത് ഡയഫ്രത്തിന് താഴെയും വാരിയെല്ലുകൾക്ക് അടിയിലുമായിട്ടാണ് കരളിന്റെ സ്ഥാനം.

കരളിന് രണ്ട് പ്രധാന രക്തഉറവിടങ്ങളിൽ നിന്നാണ് രക്തം ലഭിക്കുന്നത്. ഹെപ്പാറ്റിക് ധമനി (ഓക്സിജന്റെ ലഭ്യത ഉറപ്പാക്കുന്നു) എന്നും, ഹെപ്പാറ്റിക് പോർട്ടൽ സിര (ഭക്ഷണത്തിൽ നിന്നുള്ള പോഷകങ്ങൾ എത്തിക്കുന്നു) എന്നും അറിയപ്പെടുന്ന രണ്ടു രക്തക്കുഴലുകൾ. കരളിനുള്ളിൽ രക്തം ചെറിയ ഭാഗങ്ങളായ സൈനസോഡുകളിലൂടെ ഒഴുകി, പിന്നീട് ഹെപ്പാറ്റിക് സിരകളിലൂടെ ശരീരത്തിന്റെ വലിയ സിരയായ ഇൻഫീരിയർ വെനകാവയിലൂടെ (Inferior Vena Cava) പുറത്തേക്ക് പോകുന്നു.

**കരളിന്റെ രക്തവിവരണത്തിന്റെ പ്രധാന കാര്യങ്ങൾ: 2 പ്രധാന ഉറവിടങ്ങൾ**

**1. ഹെപ്പാറ്റിക് ധമനി (Hepatic Artery) :** ഇത് സാധാരണ രക്തചംക്രമണത്തിൽ നിന്നുള്ള ഓക്സിജൻ അടങ്ങിയ രക്തം കരളിലേക്ക് എത്തിക്കുന്നു.

**2. ഹെപ്പാറ്റിക് പോർട്ടൽ സിര (Hepatic Portal Vein) :** ചെറുകുടലിൽ നിന്നും മറ്റു ദഹനനാളങ്ങളിൽ നിന്നും വരുന്ന പോഷകങ്ങൾ അടങ്ങിയ രക്തം ഈ സിര വഴി കരളിലേയ്ക്ക് എത്തുന്നു.

**കരളിലെ രക്തപ്രവാഹം**

രണ്ട് ഉറവിടങ്ങളിൽ നിന്നുള്ള രക്തം കരളിനുള്ളിലെ കോശങ്ങൾക്കിടയിലുള്ള ചെറിയ രക്തകുഴലായ സൈനസോയിഡുകളിലൂടെ ഒഴുകുന്നു. കരൾ കോശങ്ങളുടെ (Hepatocytes) ഉപാചപയ പ്രവർത്തനങ്ങൾക്ക് ഈ രക്തം ആവശ്യമാണ്.

**കരളിലെരക്തം പുറത്തേക്ക് പോകുന്നത്:** ഈ രക്തം പിന്നീട് ഹെപ്പാറ്റിക് സിരകളിലൂടെ (Hepatic Veins) കരളിൽ നിന്ന് പുറത്തേക്ക് പോകുന്നു. ഈ ഹെപ്പാറ്റിക് സിരകൾ ഇൻഫീരിയർ വെനകാവയിലേയ്ക്ക് രക്തം എത്തിക്കുന്നു. ഇത് ഹൃദയത്തിന്റെ വലത് ഭാഗത്തേക്ക് കൊണ്ട് പോകുന്നു.

**കരളിന്റെ പ്രധാന ധർമ്മങ്ങൾ:–**

**വിഷവസ്തുക്കളെ നീക്കം ചെയ്യുക (Detoxification)–** ശരീരത്തിലെ ദോഷകരമായ വസ്തുക്കളേയും, മരുന്നുകളേയും തകർത്ത് പുറംതള്ളുന്നു.

**പിത്തരസം ഉത്പാദനം (Bile Production)–** ഭക്ഷണം ദഹിപ്പിക്കാൻ സഹായിക്കുന്ന പിത്തരസം ഉത്പാദിപ്പിക്കുന്നു.

**മെറ്റബോളിസം (Metabolism)–** ശരീരത്തിന് ഉയോഗിക്കാനായി പ്രോട്ടീനുകൾ, കാർബോഹൈഡ്രേറ്റുകൾ, കൊഴുപ്പുകൾ എന്നിവയുടെ മെറ്റബോളിസം നിയന്ത്രിക്കുന്നു രക്തം കട്ടപിടിക്കുന്നതിനെ സഹായിക്കുന്നു. (Clotting). രക്തം കട്ടപിടിക്കുന്നതിനെ സഹായിക്കുന്നു പ്രധാന പ്രോട്ടീനുകൾ ഉത്പാദിപ്പിക്കുന്നു

**ശേഖരണം (Storage)–** ശരീരത്തിന് പിന്നീട് ഉപയോഗിക്കാൻ ആവശ്യമായ ഗ്ലൈക്കോജൻ, വിറ്റാമിനുകൾ തുടങ്ങിയവ സംഭരിക്കുന്നു.

**രക്തത്തിന്റെ അളവ് നിയന്ത്രിക്കുന്നു ( Blood regulation)–** ശരീരത്തിലെ രക്തത്തിന്റെ അളവ് നിയന്ത്രിക്കുന്നു.

**പ്രോട്ടീൻ ഉത്പാദനം ( Protein Synthesis) –** ശരീരത്തിന് ആവശ്യമായ ആൽബുമിൻ, ഗ്ലോബുലിൻ, ഫൈബ്രിനോജൻ തുടങ്ങിയ മാംസ്യങ്ങൾ നിർമ്മിക്കുന്നു.

**ഗ്ലൂക്കോസ് നിയന്ത്രണം (Glucose regulation)–** ശരീരത്തിലെ ഗ്ലുക്കോസിന്റെ അളവ് തുലനം ചെയ്യാനും അധികമുള്ള ഗ്ലുക്കോസിനെ കൊഴുപ്പും, പ്രോട്ടീനുമായി സംഭരിക്കാനും സഹായിക്കുന്നു.

**ശരീരത്തിന്റെ രസതന്ത്ര ഫാക്ടറി–** ചെറുതും സങ്കീർണ്ണവുമായ ധാരാളം തന്മാത്രകളുടെ സമന്വയവും തകർച്ചയും ഉൾപ്പടെയുള്ള ആയിരക്കണക്കിന് രാസപ്രവർത്തനങ്ങൾ കരൾ നിയന്ത്രിക്കുന്നു. അതിനാലാണ് കരളിനെ ശരീരത്തിന്റെ കെമിക്കൽ ഫാക്ടറി എന്ന് വിളിക്കുന്നത്.

**കരളിന്റെ പ്രവർത്തനം വിശദമായി:–**

രക്തശുദ്ധികരണം: ദഹനനാളത്തിൽ നിന്ന് വരുന്ന രക്തം ശരീരത്തിന്റെ മറ്റ് ഭാഗങ്ങളിലേക്ക് പോകുന്നതിന് മുമ്പ് കരൾ ഫിൽട്ടർ ചെയ്യുകയും വിഷവിമുക്തമാക്കുകയും ചെയ്യുന്നു. വിഷ വസ്തുക്കൾ, ബാക്ടീരിയകൾ, മറ്റു ദോഷകരമായ വസ്തുക്കൾ എന്നിവ നീക്കം ചെയ്യാൻ ഈ പ്രക്രിയ സഹായിക്കുന്നു.

**വിഷവിമുക്തമാക്കൽ പ്രക്രിയ–** മയക്കുമരുന്ന്, മദ്യം, പാരിസ്ഥിതിക വിഷവസ്തുക്കൾ തുടങ്ങിയ ഹാനികരമായ വസ്തുക്കളെ തകർത്ത് നിർവീര്യമാക്കി കരൾ രക്തത്തെ വിഷവിമുക്തമാക്കുന്നു. ഈ വിഷാംശീകരണ പ്രക്രിയയിൽ സങ്കീർണ്ണമായ രാസപ്രവർത്തനങ്ങൾ ഉൾപ്പെടുന്നു. ഈ വിഷപദാർത്ഥങ്ങളെ ശരീരത്തിൽ നിന്ന് സുരക്ഷിതമായി ഇല്ലാതാക്കുവാൻ കഴിയുന്നവയായി മാറ്റുന്നു.

**പ്രധാന കരൾ രോഗങ്ങൾ:–**

ഹെപ്പറ്റൈറ്റിസ് (Hepatitis)
ഫാറ്റി ലിവർ (Fatty Liver)
സിറോസിസ് (Cirrhosis)
കരൾ കാൻസർ (Liver Cancer)

**മറ്റ് ജനിതക രോഗങ്ങൾ:–**

ഹീമോക്രോമറ്റോസിസ് (Hemochromatosis)
വിൽസൺസ് ഡിസീസ് (Wilson's Desease)
ഹെപ്പറ്റൈറ്റിസ് (Hepatitis)

മലയാളത്തിൽ ഹെപ്പറ്റൈറ്റിസ് എന്നാൽ കരളിന്റെ വീക്കം എന്നാണ് അർത്ഥമാക്കുന്നത്. ഇത് വൈറസ്, മദ്യം, മരുന്നുകൾ അല്ലെങ്കിൽ മറ്റ് ആരോഗ്യപ്രശ്നങ്ങൾ എന്നിവ കാരണം കരളിന് സംഭവിക്കുന്ന ഒരു വീക്കമാണ്. ഹെപ്പറ്റൈറ്റിസ് A, B, C, D, E എന്നിങ്ങനെ പ്രധാനമായും അഞ്ചു തരം ഹെപ്പറ്റൈറ്റിസ് ഉണ്ട്.

**വൈറസുകൾ**: ഹെപ്പറ്റൈറ്റിസ് A, B, C, D, E തുടങ്ങിയ വൈറസുകളാണ് സാധാരണയായി കാരണമാകുന്നത്.

**മദ്യപാനം:** അമിതമായ മദ്യപാനം കരളിന്റെ വീക്കത്തിന് കാരണമാകാം

**മരുന്നുകൾ:** ചില മരുന്നുകളും വിഷവസ്തുക്കൾ എന്നിവയും കരൾ വീക്കത്തിന് കാരണമാകും.

**ഓട്ടോ ഇമ്മ്യൂൺ രോഗങ്ങൾ:** ശരീരത്തിന്റെ പ്രതിരോധസംവിധാനം സ്വന്തം കരൾകോശങ്ങളെ ആക്രമിക്കുന്ന ഒരു അവസ്ഥയാണ് ഓട്ടോ ഇമ്മ്യൂൺ ഹെപ്പറ്റൈറ്റിസ്.

1. **ഹെപ്പറ്റൈറ്റിസ് A**

ഹെപ്പറ്റൈറ്റിസ് A വൈറൽ അണുബാധ കാരണം ഉണ്ടാകുന്നു. പ്രധാനമായും മലിനമായ ഭക്ഷണം, വെള്ളം, അണുബാധയുള്ള ആളുമായി അടുത്ത സമ്പർക്കം എന്നിവ മൂലം ഇത് പകരുന്നു. മലിനമായ വിസർജ്ജ്യത്തിൽ നിന്നും വായിലെത്തുന്ന അവസ്ഥ ഫ്രിക്കോ-ഓറൽ റൂട്ടിലൂടെയാണ് ഇത് സാധാരണയായി പകരുന്നത്

**ഹെപ്പറ്റൈറ്റിസ് A പകരുന്ന വിധം:–**

കൈ വൃത്തിയില്ലായ്മ: ടോയ്ലറ്റ് ഉപയോഗിച്ചതിന് ശേഷം കൈകൾ ശരിയായി കഴുകാത്ത അണുബാധയുള്ള ഒരാൾ കൈകാര്യം ചെയ്യുന്ന ഭക്ഷണം കഴിക്കുന്നതിലൂടെ ഇത് വരാം.

ഹോട്ടലുകൾ, തട്ടുകട മുതലായ സ്ഥലങ്ങളിൽ നിന്നും ഭക്ഷണം കഴിക്കുന്നവർക്ക് ഇത് പിടിപെടാൻ സാധ്യത കൂടുതലാണ്.

**മലിനമായ വെള്ളം:** അണുബാധയുള്ള വെള്ളം കുടിക്കുന്നതിലൂടെയോ, മലിനജലം ഉപയോഗിച്ച് ഉണ്ടാക്കുന്ന ഭക്ഷണം കഴിക്കുന്നതിലൂടെയോ ഇത് പകരാം

**അടുത്ത സമ്പർക്കം:** അണുബാധയുള്ള ഒരാളുമായി അടുത്തിടപഴകുന്നതിലൂടെ ഈ രോഗം പകരാം.

**ലക്ഷണങ്ങൾ:-**

**ക്ഷീണം:** ശരീരത്തിന് ഊർജ്ജം കുറയുകയും അമിതമായ ക്ഷീണം അനുഭവപ്പെടുകയും ചെയ്യുന്നു.

**പനി:** അമിതമായ ചൂട് ശരീരത്തിന് അനുഭവപ്പെടാം.

**വയറുവേദന:** അടിവയറ്റിൽ വേദനയും അസ്വസ്ഥതയും ഉണ്ടാകാം.

**ഓക്കാനം, ഛർദ്ദി:** ഭക്ഷണം കഴിക്കാൻ ബുദ്ധിമുട്ടും ഒപ്പം ഓക്കാനവും ഛർദ്ദിയും അനുഭവപ്പെടാം.

**വിശപ്പില്ലായ്മ:** ഭക്ഷണം കഴിക്കാൻ താൽപര്യമില്ലാത്ത അവസ്ഥ ഉണ്ടാകുന്നു.

**മഞ്ഞപിത്തം:** കണ്ണ്, ത്വക്ക്, നഖം, മൂത്രം എന്നിവയ്ക്ക് മഞ്ഞനിറം കാണപ്പെടുന്നു.

**മൂത്രത്തിന് നിറവ്യത്യാസം:** മൂത്രത്തിന് അമിതമായ കടുത്തനിറം ഉണ്ടാകുന്നു.

**വിളറിയ മലം:** മലത്തിന് വിളറിയ നിറം ഉണ്ടാകാം.

**സന്ധിവേദന:** സന്ധികൾക്ക് വേദന അനുഭവപ്പെടാം.

**ചികിത്സ:-** മരുന്നിനൊപ്പം, ഭക്ഷണശീലവും പ്രത്യേകം ശ്രദ്ധിക്കുക.

**പ്രതിരോധ മാർഗ്ഗം:-**

**ശുചിത്വം പാലിക്കുക:** വ്യക്തിഗത ശുചിത്വം പ്രത്യേകിച്ച് ടോയ്‌ലറ്റ് ഉപയോഗിച്ച ശേഷം കൈകൾ നന്നായി കഴുകുന്നത് വളരെ പ്രധാനമാണ്.

**സുരക്ഷിതമായ ഭക്ഷണം കഴിക്കുക:** ഭക്ഷണം കഴിക്കുന്നതിന് മുമ്പ് കൈകൾ സോപ്പുപയോഗിച്ച് വൃത്തിയായി കഴുകുക, യാത്ര ചെയ്യുമ്പോൾ സുരക്ഷിതമായ ഭക്ഷണം കഴിക്കുക, തിളപ്പിച്ചാറിയ വെള്ളം മാത്രം കുടിക്കാൻ ശ്രദ്ധിക്കുക.

(തുടരും.....)

---

(43-ാം പേജിന്റെ തുടർച്ച...)

വരാൻ പോകുന്ന ആപത്തുകളുടെ സൂചകമായി ഇക്കാലത്തും ഇത്തരം വിശ്വാസങ്ങൾ കാണാം. അവയുടെ ശാസ്ത്രീയതയെക്കാൾ നിരീക്ഷണങ്ങളിൽനിന്നും രൂപപ്പെടുത്തിയ അറിവുകളായി വ്യഖ്യാനിക്കുകയാണ് ഉത്തമം.

ജനനം മുതൽ മരണം വരെയുള്ള മുഹൂർത്തങ്ങളെ ബന്ധപ്പെടുത്തി നിലവിലിരിക്കുന്ന ഇത്തരം വിശ്വാസങ്ങൾ അടിസ്ഥാനരഹിതമെന്ന് പൂർണമായി തള്ളിക്കളയുക വയ്യ. ദോഷകരമായ സൂചനകൾ ഒരുപക്ഷേ വരാൻ പോകുന്ന ആപത്തിനെ മുൻകൂട്ടി കണ്ട് നേരിടാനുള്ള ഒരു മനോധൈര്യം നൽകാൻ സഹായിക്കുന്നുണ്ടാവണം. കാരണം ഇത്തരം വിശ്വാസങ്ങൾ നിരവധി അരുതായ്മകളുമായിട്ടാണ് ബന്ധപ്പെട്ട് കിടക്കുന്നത്. പലതും മനഃശാസ്ത്രപരമായ ഒരു ചികിത്സ ചെയ്യുന്നവയാണ്. ചിലതാകട്ടെ ചില മുൻകരുതലുകളും, പ്രാർത്ഥനാചാരങ്ങളും, അനുഷ്ഠാനകളും, വിശ്വാസങ്ങളുമായി ബന്ധപ്പെട്ട ചില അംശങ്ങൾ ഇവയിൽ നമുക്ക് കണ്ടെത്താനാകും. ഒരു ജനത നൂറ്റാണ്ടുകളായി ആർജ്ജിച്ച അറിവുകളുടെ അംശങ്ങൾ കലർന്ന ഇത്തരം വിശ്വാസങ്ങളെ പുതിയ തലമുറക്ക് പകർന്നു കൊടുക്കേണ്ടതാണ്. ഇതിൽ പലതും അതെ രീതിയിൽ അനുഷ്ഠിക്കുക പ്രയോഗികമല്ലെങ്കിലും അവയിലെ കല്പനികാംശത്തേയും മാനവിക സങ്കല്പത്തേയും കണ്ടെത്തി പഠന വിധേയമാക്കുന്നത് ഇന്നലെകളെ കുറിച്ച് അറിയാൻ സഹായകമാകും എന്ന് സംശയമില്ല. ■



ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ

(2025 – ഒക്ടോബർ 18 മുതൽ നവംബർ 16 വരെ)

1201 – തുലാമാസഫലം

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

Ernakulam Karayogam : ☎ 0484 - 2361160 8848036518, 9645683491



(**മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) വീട് വാഹനം മുതലായവ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർക്ക് കാലം അനുകൂലമാണ്. കർമ്മരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ഒക്ടോബർ 25, 26 തീയതികൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ പുതിയ സംരംഭങ്ങളുടെ ആരംഭം ഒഴിവാക്കുന്നത് നല്ലതാണ്. ദേവീ പ്രീതികരങ്ങളായ വഴിപാടുകളും നവഗ്രഹക്ഷേത്രത്തിൽ രാഹുഗ്രഹദോഷനിവാരണ അർച്ചനയും നടത്തുക.



(**ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം രോഹിണി, മകയിരം ആദ്യപകുതി) വിവാഹിതരാകാൻ ശ്രമിക്കുന്നവർക്ക് കാലം അനുകൂലമാണ്. സാമ്പത്തിക പ്രതിസന്ധി ഉണ്ടാകാൻ സാധ്യത ഉള്ളതിനാൽ ധനകാര്യത്തിൽ ശ്രദ്ധ പുലർത്തണം. ഒക്ടോബർ 27, 28 തീയതികൾ അത്ര അനുകൂലമായിരിക്കില്ല. ആയതിനാൽ മാറ്റി വെക്കാൻ പറ്റുന്ന പ്രധാന കാര്യങ്ങൾ ഈ ദിവസങ്ങളിൽ ഒഴിവാക്കുന്നത് നല്ലതണ് ശിവക്ഷേത്ര ദർശനം നടത്തി ധാര, പിൻവിളക്ക്, കൂവളമാല സമർപ്പണവും നടത്തുക.



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന് പാദം) സാമ്പത്തികമായി മെച്ചപ്പെടും. തൊഴിൽ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. സഹോദരസ്ഥാനിയരും സഹായികളും പ്രതികൂലമാകാം. വാഹനത്തിന് വേണ്ടി പണം ചിലവഴിക്കേണ്ടി വരാം. ഒക്ടോബർ 29 ദിവസങ്ങൾ പുതിയ കര്യങ്ങൾക്ക് സ്വീകരിക്കാതിരിക്കുന്നതാണ് നല്ലത്. ഗണപതിഹോമവും ഗണപതി ക്ഷേത്രദർശനവും മന്ത്രജപവും നടത്തുന്നത് തടസ്സങ്ങൾ നീങ്ങാൻ ഉപകാരപ്പെടും.



(**കർക്കിടക്കൂർ:** പുണർതം അവസാന പാദം, പൂയം, ആയില്യം) യാത്ര ചെയ്യാൻ ആഗ്രഹിക്കുന്നവർക്കും വിദേശയാത്രക്ക് ശ്രമിക്കുന്നവർക്കും ആഗ്രഹം നടക്കും. സാമ്പത്തിക പരിമുറുക്കം അനുഭവപ്പെടും. അകാരണമായ അസ്വസ്ഥത ചിലർക്ക് ഉണ്ടാകാം. ഒക്ടോബർ 31, നവംബർ 1 ദിവസങ്ങൾ ശുഭകരമായിരിക്കില്ല. ശിവക്ഷേത്ര ദർശ്ശനം നടത്തി ധാര, പിൻവിളക്ക്, കുവളമാല സമർപ്പണം എന്നീ വഴിപാടുകൾ നടത്തുന്നതും പ്രാർത്ഥിക്കുന്നതും ഗുണകരമാകും.



(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽ ഭാഗം) കർമ്മരംഗവുമായി ബന്ധപ്പെട്ട് കൂടുതൽ ധനം ചിലവഴിക്കേണ്ടി വരും. ശിരോരോഗം, തൈറോഡ് തുടങ്ങിയ രോഗങ്ങൾ മൂർച്ഛിക്കാതെ നോക്കണം. വിവാഹ കാര്യങ്ങളിൽ അനുകൂലമായ തീരുമാനങ്ങൾ ഉണ്ടാകും. നവംബർ, 3, 4 തീയതികൾ അഷ്ടമരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ നല്ല സംരംഭങ്ങൾക്ക് സ്വീകരിക്കാതിരിക്കുക. ശാസ്താ ക്ഷേത്രത്തിൽ ദർശനവും ശനിദോഷനിവാരണ അർച്ചനയും നടത്തുക.



(**കന്നിക്കൂർ:** ഉത്രം അവസാന മൂന്നാം പാദം, അത്തം , ചിത്തിര ആദ്യപകുതി) പ്രവൃത്തി മികവുകൊണ്ടും ഭാഗ്യം കൊണ്ടും ധനപരമായി നേട്ടം പ്രതീക്ഷിക്കാം. പ്രതീക്ഷിക്കാത്ത ഇടങ്ങളിൽ നിന്ന് പോലും സഹായങ്ങൾ ലഭ്യമാകും. പങ്കാളികൾ തമ്മിൽ നീരസം ഉണ്ടാകാം. ചിലവ് വർദ്ധിക്കുകയും ശാരീരിക ക്ഷമത കുറയുകയും ചെയ്യാം. നവംബർ 5, 6 ദിവസങ്ങൾ അനുകൂലമല്ല. ക്ഷേത്രത്തിൽ ഗണപതി പ്രീതികരവും. ദേവീ പ്രീതികരവുമായ മന്ത്രാർച്ചനകൾ നടത്തുക.



(**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന്പാദം) കർമ്മരംഗത്ത് പുരോഗതിയും അനുകൂലമായ മാറ്റങ്ങളും ഉണ്ടാക്കും.അമിതമായ അതാവശ്യമായ ചിലവുകളും മാനസിക സംഘർഷങ്ങളും ദേഷ്യവും ഉണ്ടാകാം. അലർജി രോഗങ്ങളെ കരുതി ഇരിക്കണം. നവംബർ 7, 8 ദിവസങ്ങൾ പ്രായേണ ഗുണം കുറഞ്ഞതായിരിക്കും. ശിവക്ഷേത്ര ദർശനവും പഞ്ചാക്ഷരി ജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(**വൃശ്ചികക്കൂർ:** വിശാഖം അവസാനന പാദം, അനിഴം, തൃക്കേട്ട) വിവിഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂല ഫലങ്ങൾ പ്രതീക്ഷിക്കാം. പഴയ വീടുകൾ വാങ്ങുവാൻ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം സാധ്യമാക്കും. നവംബർ 9, 10 തിയതികൾ അഷ്ടമരാശിക്കുർ നക്ഷത്ര ങ്ങളായതിനാൽ ശുഭകരമല്ല. നവഗ്രഹക്ഷേത്രത്തിൽ വ്യാഴാഴ്ച ദിവസങ്ങളിൽ ശനിഗ്രഹ ദോഷ നിവാരണ അർച്ചനയും ശൈവ പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നതും നല്ലതാണ്.



(**ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യപാദം) ഒരു പരിധി വരെ സാമ്പത്തിക പ്രശ്നങ്ങൾക്ക് ആശ്വാസമാകും. കർമ്മരംഗത്തെ അശ്രദ്ധ കൊണ്ട് ചെറിയ തോതിലാണെങ്കിൽ പോലും പ്രശ്നങ്ങൾ ഉണ്ടാകാം. കൂടുതൽ ശ്രദ്ധ പുലർത്തേണ്ടി വരും. അനാവശ്യ ചിലവുകൾ നിയന്ത്രിക്കേണ്ടി വരും. നവംബർ 11, 12 തിയതികൾ ശുഭകാര്യാരംഭത്തിന് സീകാര്യമല്ല. തിങ്കളാഴ്ച ദിവസങ്ങളിൽ ശിവക്ഷേത്ര ദർശനവും മന്ത്രജപവും ദേവിക്ക് മാല ചാർത്തലും നടത്തുന്നത് നല്ലതാണ്.



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്ന് പാദം, തിരുവോണം, അവിട്ടം ആദ്യപകുതി) സാമ്പത്തിക പ്രശ്നങ്ങൾക്ക് ചെറിയ തോതിലുള്ള ആശ്വാസം ലഭിക്കും. പനി പോലുള്ള ഉഷ്ണരോഗങ്ങളെ കരുതിയിരിക്കണം. കർമ്മരംഗത്തെ ശത്രുത മനസ്വസ്ഥത നഷ്ടപ്പെടുത്തും. നവംബർ 13, 14 ദിവസങ്ങൾ അനുകൂലമായിരിക്കില്ല. മഹാലക്ഷ്മി പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുകയും ദേവീ ക്ഷേത്രദർശനവും നെയ്യ് വിളക്ക് കത്തിക്കുകയും നാമജപം ചെയ്യുന്നതും നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുട്ടാതി ആദ്യ മൂന്ന്പാദം) ശത്രു വിജയം വിദ്യാവിജയം, കർമ്മ പുരോഗതി ഉണ്ടാകും. അലർജി രോഗങ്ങളെ കരുതിയിരിക്കണം. പങ്കാളികളിൽ നിന്നും പ്രതീക്ഷിക്കുന്ന ഗുണം ലഭിക്കാനിടയില്ല. സാമ്പത്തിക പ്രശ്നങ്ങൾക്ക് അനുകൂലമായ പരിഹാരങ്ങൾ പ്രതീക്ഷിക്കാം. നവംബർ 15, 16 തീയതികൾ പ്രായേണ ഗുണം കുറയും. വൈഷ്ണവ ക്ഷേത്ര ദർശനം നടത്തുന്നതും ദ്വാദശാക്ഷരി മന്ത്രജപം നടത്തുന്നതും നല്ലതാണ്.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം ഉത്രട്ടാതി രേവതി) ഭാഗ്യാനുകൂലത പ്രതീക്ഷിക്കാം. കർമ്മരംഗത്ത് നിന്നും പ്രതീക്ഷിക്കുന്ന ഗുണം ലഭിച്ചെന്ന് വരില്ല. അലർജി സംബന്ധമായ രോഗങ്ങളെ കരുത്തിയിരിക്കണം. പ്രവർത്തിക്കും. ഒക്ടോബർ 22, 23 തീയതികൾ പൊതുവേ അനുകൂലമായിരിക്കില്ല. വിഷ്ണു ക്ഷേത്രദർശനം നടത്തി കണ്ണന് തുളസിമാല ചാർത്തുകയും വിഷ്ണു പ്രീതികരങ്ങളായ സൂക്തങ്ങൾ ജപിക്കുകയും യഥാശക്തി വഴിപാടുകൾ നടത്തുകയും ചെയുക.

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***



# MANGALYAM MATRIMONIAL

for the better half of your life....



## വധുവിനെ ആവശ്യമുണ്ട്

Nair Boy, 32/160cm, Rohini, B.Tech, LLB, Lawyer, Mob:9605094107

Email:rameshkartha01@gmail.com
Date of Birth: 9 Dec 1992- 9:14 am
Sishta Dasa:

| | | | | | |
|---|---|---|---|---|---|
| | | ച | | ഗു | |
| ശു സ | | | ച ശി | | |
| ര മാ | മാ | ഗ്രഹനില & അംശകം | | കു | ബു മ കു |
| ല | ശു ല മ | | | | |
| | | ര സ ബു | | ഗു | |
| | | | | ശി | |

Contact Address:
Mr. Ramesh Kartha
Indeevaram, Lane 7
Kuzhimala Road ,
Edappally

Nair Boy, 34/180cm, Thiruvonam, BTech, Quality Assurance Engineer in US Mob:9442163767 (parents)

Email:anilranipet@gmail.com
Date of Birth: 23 Nov-1990 - 7.55 pm
Sishta Dasa:

| | | | |
|---|---|---|---|
| | | കു | ല |
| | ഗ്രഹനില & അംശകം | | ഗു ശി |
| ച സ | | | മാ |
| മ | ര ശു ബു | | |

Contact Address:
Mr. Anil Kumar S
Gayatri Sadanam Vazhappally,
Near Mathumoola, Landmark - Near
Tiruvenkadapuram Vishnu Temple,
Changanacherry,
Kottayam - 686103

## വരനെ ആവശ്യമുണ്ട്


Nair Girl, 25/170cm, Makam MSc Statistics and Data Science. Project Coordinator - IT Co. Mob:8431318533

Email:satheeshnarayana@yahoo.co.in
Birth: 05-07-2000 -12.00.00am
Sishta Dasa: 1-5-0

| | | | | | |
|---|---|---|---|---|---|
| ര | | ബു | ശു മാ | | |
| ഗു കു | | | ഗു മ | ര ബു കു ശു | |
| | | ഗ്രഹനില & അംശകം | | സ | സ ച |
| മ ശി | ശി | | | ച | |
| ല | | ല | | മാ | |

Contact Address:
MR. SATHEESH
SREENITHI,
KADANNAKUDY TEMPLE RD
KUMARANELLOOR, KOTTAYAM



ഹരിത പെരുമാറ്റച്ചട്ടം പാലിച്ചു കൊണ്ട് ശുചിത്വ - മാലിന്യ സംസ്കരണം, ജലസുരക്ഷ, ഊർജ്ജ സംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് കാര്യക്ഷമവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ അടിസ്ഥാനത്തിൽ **എ+ ഗ്രേഡോടെ** ഹരിത സ്ഥാപനമായി **എറണാകുളം കരയോഗത്തെ** പ്രഖ്യാപിച്ചുകൊണ്ടുള്ള സാക്ഷ്യപത്രം കൊച്ചി മേയർ എം. അനിൽ കുമാർ, ടി. ജെ. വിനോദ് എം. എൽ.എ, ബഹു. എം. പി. ഹൈബി ഈഡൻ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കരയോഗം സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ഏറ്റുവാങ്ങുന്നു










**എറണാകുളം കരയോഗത്തിന്റെ 2025-ലെ ഓണാഘോഷവും, ഓണം വിപണനമേളയും**



എറണാകുളം കരയോഗത്തിൽ 2025 - ലെ നവരാത്രി ആഘോഷങ്ങളുടെ തുടക്കം ടി. ഡി. എം. ഹാളിലെ സരസ്വതി മണ്ഡപത്തിൽ ജനറൽ സെക്രട്ടറി പി. രാമചന്ദ്രൻ (വേണു) ഭദ്രദീപം തെളിച്ച് നിർവ്വഹിക്കുന്നു.

DATE OF PUBLICATION: 10-10-2025

RNI NO. KERMAL/2008/23515
REGISTERED NEWSPAPER

REGISTERED NO. KL/EKM/761/2025-27
LICENSE NO. KL/CR/EKM/WPP-3/2025-27
LICENSED TO POST WITHOUT PREPAYMENT

Volume No. 17 | OCTOBER - 2025 | Issue No. 10

## ബീം - ഒക്ടോബർ മാസ പരിപാടി

# സംഗീത ഹാസ്യ സന്ധ്യ

അവതരണം




പ്രശസ്ത സിനിമ / ടിവി താരവുമായ
അപ്പു ജോസും സംഘവും

**Date: 28- 10 - 2025**
**Tuesday / 6.30 p.m**

**Venue: TDM Hall, Ernakulam**

ഏവർക്കും സ്വാഗതം

## എറണാകുളം കരയോഗം
## സാംസ്കാരിക വിഭാഗം

# അകായിലെ സംഗീതം

# "ശ്യാമ ഗീതം"



മലയാള ചലച്ചിത്ര സംഗീത സംവിധായകൻ
ശ്രീ. ശ്യാമിന്റെ ഗാനങ്ങൾ 19-10-2025
ഞായറാഴ്ച്ച വൈകുന്നേരം 4.00 ന്
ടി. ഡി. എം. ഹാളിൽ

ഏവർക്കും സ്വാഗതം

*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.